# ‘ബലേ പ്രതിഷ്ഠിതോ ധർമ്മഃ’

## കുട്ടികൃഷ്ണമാരാരുടെ ‘ഭാരതപര്യടന’ ധർമ്മവിചിന്തനം

ജോസ് വി. മാത്യു

‘ബലേ പ്രതിഷ്ഠിതോ ധർമ്മഃ’ കൃഷ്ണമാരാരുടെ ‘ഭാരതപര്യടന’ ധർമ്മവിചിന്തനം

ജോസ് വി. മാത്യു
(മലയാളം: ലേഖനം)

© 2022, Jose V. Mathew

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Exploitation upon Women, painting by Kailash Chandra Meher. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# 'ബലേ പ്രതിഷ്ഠിതോ ധർമ്മഃ'

## കുട്ടികൃഷ്ണമാരാരുടെ 'ഭാരതപര്യടന'ധർമ്മവിചിന്തനം



ഉപനിഷത്തുക്കളോടൊപ്പം മഹാഭാരതത്തിലും ആവർത്തിക്കപ്പെടുന്ന ഒരു വിചാരമാണ് "ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം" എന്നത്. ഈ സുദുർഗ്ഗ്രഹമായ ധർമ്മരഹസ്യം തേടിയുള്ള ശ്രീ. കുട്ടികൃഷ്ണമാരാരുടെ യാത്രയാണ് വിശ്രുതമായ ഭാരതപര്യടനം.[1] മഹാഭാരതത്തിലെ ധർമ്മചിന്തയുടെ മർമ്മം മാരാര് നിർദ്ധാരണം ചെയ്യുന്നത് "നേശേ ബലസ്യേതി ചരേദധർമ്മം" എന്ന ശ്ലോകപാദവ്യാഖ്യാനത്തിലൂടെയാണ്. പാണ്ഡവരുടെ വനവാസകാലത്തു, ദ്വൈതവനത്തിൽ അവരെ സന്ദർശിക്കാനെത്തിയ മാർക്കണ്ഡേയൻ—വിധിയെ പൗരുഷം കൊണ്ടെതിർത്തു ദീർഘായുസ്സ് നേടിയെന്ന ഖ്യാതിയുള്ള മുനി—പുഞ്ചിരി തൂകിക്കൊണ്ടു യുധിഷ്ഠിരനോടു പറയുന്നതാണിത്. "ബലസ്യ ഈശേ ഇതി അധർമ്മം ന ചരേത്"—താൻ ബലത്തിനാളാണെന്ന വെച്ച് അധർമ്മം ചെയ്യരുത്—എന്നതാണ് ഈ ശ്ലോകപാദത്തിന പൊതുവേ എടുത്തിരുന്ന അർത്ഥം. എന്നാൽ മാരാര്, "ബലസ്യ ന ഈശേ ഇതി അധർമ്മം ചരേത്—താൻ ബലത്തിനാളല്ലെന്ന വന്നാൽ അധർമ്മം ചെയ്യാം—എന്ന് അന്വയിച്ചു. 'താൻ ബലത്തിനാളല്ലെന്ന വെച്ച ചെയ്യുന്നത് അധർമ്മമാണ്' എന്ന സന്ദർഭാനുസാരിയായ അർത്ഥാന്തരത്തിലേയ്ക്കെത്തി. "ഇങ്ങനെ ഒരു അർത്ഥമെടുക്കാനുള്ള മുഖ്യോപപത്തി മാർക്കണ്ഡേയന്റെ ആ ചിരി തന്നെ. ചിരിച്ചു കൊണ്ടു പറഞ്ഞ വാക്കിന് ഒരിക്കലും വാച്യാർത്ഥത്തിലല്ലല്ലോ താല്പര്യം", എന്ന മാരാര്. താതാജ്ഞയാൽ വനവാസിയായ രാമനും, നാഭാഗഭഗീരഥാദി രാജാക്കളും സത്യവ്രതത്തിലുറച്ചുനിന്നതിനെയും, വാനിൽ വാഴുന്ന സപ്തർഷികളും, പർവ്വതാകാരികളായ ആനകളും, എല്ലാ ജീവിജാലങ്ങളും ധാതൃവിധിയ്ക്കു വഴങ്ങി നിൽക്കുന്നതിനെയും ഉദാഹരിച്ച മാർക്കണ്ഡേയൻ ഈ വാക്യം പല തവണ ആവർത്തിക്കുന്നുണ്ട്. രാമാദി രാജർഷിമാരോടും സപ്തർഷിമാരോടുമൊപ്പം തിര്യഗ്ജാതികളായ ഗജങ്ങളെയും മറ്റെല്ലാ പ്രാണികളെയും ചേർത്തുപറഞ്ഞതിനാൽ, രാമാദികളുടെ പ്രസിദ്ധമായ സത്യവ്രതം ഗജങ്ങളുടെയും മറ്റും ധാതൃനിദേശാനതിവർത്തിത്വത്തോടു തുല്യമാവാമെന്ന മാരാര് അനുമാനിക്കുന്നു. ഏതെങ്കിലും വികാരഭേദത്തിനടിപ്പെട്ടു പറഞ്ഞുപോയ വാക്കിന്റെ പേരിലുള്ള സത്യവ്രതാനുഷ്ഠാനം—ആനയുടെ കിഴടക്കം പോലെ—പൗരുഷസ്പർശമേല്ലാത്ത വിധിവിധേയത്വതുല്യമാണെന്നും അതിനാൽ രാജ്യം വാഴുക സ്വധർമ്മമായുള്ള യുധിഷ്ഠിരൻ ചൂതുകളിയിലെ സത്യപ്രതിജ്ഞയുടെ പേരിൽ രാജ്യം കളഞ്ഞുകുളിച്ച ഭാര്യാസഹോദരന്മാരോടുകൂടി കാട്ടിൽ വസിക്കുന്നതു ദുർബ്ബലതയും തന്മൂലം അധർമ്മവുമാണെന്നാണ മുനി സൂചിപ്പിക്കുന്നതെന്നാണ മാരാരുടെ നിരീക്ഷണം.

മാരാരുടെ ഏറ്റവും പേരുകേട്ട കൃതി ഭാരതപര്യടനം ആയിരിക്കും. ഭാരതപര്യടനപ്രബന്ധങ്ങളിൽ നട്ടനായകത്വംവഹിക്കുന്നതാകട്ടെ, 'നേശേ ബലസ്യേതി ചരേദധർമ്മം' എന്ന പ്രബന്ധവും. മാരാരുടെ പാണ്ഡിത്യവും, യുക്തിബോധവും, ഋഷികവിഹൃദയം കണ്ടറിയാനുള്ള നൈപുണ്യവും ഒരേപോലെ അനുഭവവേദ്യമാകുന്ന ഈ പഠനത്തിൽ, മാർക്കണ്ഡേയസൂക്തവ്യാഖ്യാനത്തിലൂടെ മഹാഭാരതത്തിലെ ധർമ്മചിന്തയ്ക്കു വ്യത്യസ്തമായൊരു മാനം നല്കപ്പെട്ടു. ഇതിഹാസകഥാസന്ദർഭങ്ങൾ ഈ പുതുവീക്ഷണത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യപ്പെട്ടിരിക്കുന്ന ഭാരതപര്യടനത്തിൽ. അതിനാൽത്തന്നെ മാരാരുടെ ഈ വ്യാഖ്യാനം വളരെയേറെ വിമർശനങ്ങൾക്കും വഴിയൊരുക്കി. അവയിൽ ശ്രദ്ധേയമായ വിമർശപഠനങ്ങളാണ ഡോ. എം. ലീലാവതിയുടെ "നേശേ ബലസ്യേതി ചരേദധർമ്മം" എന്ന ലേഖനവും, അനുബന്ധലേഖനങ്ങളും.[2],[3] ഭാരതപര്യടനലേഖനത്തിലെ വിവിധ വീക്ഷണകോണകളിലൂടെ നോക്കിക്കണ്ടു മാരാരുടെ വാദമുഖങ്ങളെ ഖണ്ഡിക്കാനുള്ള സവിസ്തരമായ ശ്രമമാണിത്. ഒറ്റവായനയിൽ, മാരാരുടെ ശക്തിയുക്തവാദങ്ങൾക്കു മറുപടി നൽകുന്നവെന്ന തോന്നലുളവാക്കുന്ന ഈ പഠനങ്ങൾക്ക്, ഒരു സമ്പൂർണ്ണ നിരൂപണം ഇതുവരെ ഉണ്ടായിട്ടില്ല. മഹാഭാരതത്തിലെ ധർമ്മവീക്ഷണത്തിന്റെ പേരിൽ കാലാകാലങ്ങളായി മാരാര് നേരിട്ടു പോന്ന വിമർശനങ്ങളുടെ ആകെത്തുകയായി ഡോ. ലീലാവതിയുടെ വാദങ്ങളെ കരുതാമെന്നതിനാൽ, ഭാരതപര്യടനബാഹ്യേതിഹാസരംഗങ്ങൾ കൂടി ഉൾപ്പെടുത്തി, ഒരു സമഗ്രഅപഗ്രഥനമാണിവിടെ ഉദ്ദേശിച്ചിരിക്കുന്നത്.

'നേശേ ബലസ്യേതി ചരേദധർമ്മം'—ബലസ്യ ന ഈശേ ഇതി അധർമ്മം ചരേത്—എന്ന മാരാരുടെ അന്വയവും, അതിന്റെ അർത്ഥവാദവും യുക്തിഭദ്രമല്ലെന്ന വാദിക്കാനാവില്ലല്ലോ. അപ്പോൾ, ആ അന്വയത്തിനെ മാരാര് നല്കിയ താത്പര്യാർത്ഥം ഋഷിവിവക്ഷയ്ക്കിതാണെന്ന സ്ഥാപിക്കാനാണ ഡോ. ലീലാവതിയുടെ ശ്രമം. അതിനു നടത്തിയ വിപുലമായ സന്നാഹങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം.

1. 'നേശേ...' ശ്ലോകപാദ സന്ദർഭത്തിലെ മാർക്കണ്ഡേയമുനിയുടെ ഉദാഹരണങ്ങൾക്ക മാരാര് എടുത്ത അർത്ഥം തെറ്റെന്ന വാദിക്കുക. (ഭാഗം 1)
2. മാരാരുടെ വ്യാഖ്യാനത്തിലെ ഊന്നൽ വ്യക്തിയുടെ ബലബോധത്തിലാണ്. അപ്പോൾ, യുധിഷ്ഠിരൻ ദൗർബ്ബല്യബോധം ഇല്ലായിരുന്നെന്ന സ്ഥാപിക്കുക. (ഭാഗം 2)
3. വനവാസപ്രതിജ്ഞ യുധിഷ്ഠിരൻ വികാരാവേശത്തിനടിപ്പെട്ടു ചെയ്യ പോയതാണെന്നും, ചൂതുകളിക്കുവന്നതെ കാരണമെന്നും മാരാര് പറയുന്നു. അപ്പോൾ, അത് 'കന്മം' അല്ലെന്ന വാദിക്കുക. (ഭാഗം 3)
4. 'നേശേ...' ശ്ലോകപാദ വ്യാഖ്യാനത്തിനു സഹായകരമെന്ന മാരാര് കണ്ടെത്തുന്ന മറ്റു മഹാഭാരതസന്ദർഭങ്ങളും ശ്ലോകങ്ങളും പ്രകൃതത്തിന് അനയോജ്യമല്ലെന്ന തെളിയിക്കുക. (ഭാഗം 5)
5. ഋഷിദൃക്കായ 'നേശേ...'ത്തിന്റെ മാരാരുടെ വ്യാഖ്യാനത്തെ മഹാഭാരതസന്ദർഭത്തിൽ നിന്ന് ദർത്തി മറ്റ് ലോകചരിത്രത്തിൽ പ്രതിഷ്ഠിച്ചാൽ വളരെ തെറ്റായ ഒരു സന്ദേശമാണ് അതു നല്കുന്നതെന്ന സമർത്ഥിക്കുക. (ഭാഗം 6)
6. ഇനി ഇതൊന്നും ഫലിച്ചില്ലെങ്കിൽ, മാരാരുടെ ശ്ലോകാന്വയപ്രകാരം തന്നെപോയി, മാരാരുദ്ദേശിക്കാത്ത നിർജ്ജീവമായ ഒരർത്ഥം ആ ശ്ലോകപാദത്തിനു കല്പിക്കുക. (ഭാഗം 4)

ഈ വാദങ്ങളെ ഇവിടെ വിശദപഠനവിധേയമാക്കിയിരിക്കുന്നു.

### 1 പൗരുഷം കൂടാതെകണ്ട ദൈവവും ഫലമേകിടാ!

ദുർബ്ബലനുപകരം വിധിവിധേയതാവാദത്തിന്റെ അടിത്തറയായ 'ഗജ', 'ഭൂത' ശബ്ദങ്ങൾ സ്വന്തം വാദത്തിന് ഉപോദ്ബലകമാകാൻ വേണ്ടി 'ഭൂതം' ആനകളെയും പ്രാണികളെയുമാണ വിവക്ഷിക്കുന്നതെന്ന മാരാര് തെറ്റിദ്ധരിപ്പിച്ചു എന്നതാണ് ഒന്നാമത്തെ വാദം. "വാനിൽ വാഴുന്ന സപ്തർഷികളെപ്പറ്റിപ്പറഞ്ഞതിന ശേഷം പറയുന്ന 'മഹാഗജങ്ങൾ' ദിഗ്ഗജങ്ങളാണ്; 'ഭൂതങ്ങൾ' പഞ്ചമഹാഭൂതങ്ങളാണ്. ദിഗ്ഗജങ്ങൾ എന്നൊരു സങ്കല്പം ഇതിഹാസപുരാണകാവ്യാദികളിൽ പ്രസിദ്ധമാണ്. അവ ഭൂമിയെ താങ്ങിനിൽക്കുന്നുവെന്നാണ സങ്കല്പം. 'ധാതാവു വേദത്തിൽ വിധിച്ച വണ്ണം' ആണ സപ്തർഷികളും ദിഗ്ഗജങ്ങളും പഞ്ചമഹാഭൂതങ്ങളും പ്രവർത്തിക്കുന്നത്... ഇവ വേദത്തിൽ പറയുന്ന 'ഋതം' അഥവാ സത്യം പാലിക്കുകയാണ്" എന്ന വിശേഷണം കൊണ്ടു പ്രപഞ്ചഗതിക്കനുസൃതമായ സത്യം, ഋതം പാലിക്കുന്ന ദിഗ്ഗജങ്ങളുടെ വിവക്ഷയിൽ ഹൃദയമെന്ന ഗ്രഹിച്ച തിട്ട... ഉറ്റവു, തേരും, തൊട്ടാലൊട്ടി പോലുള്ള പ്രാണിവർഗ്ഗത്തെയാണ 'ഭൂതങ്ങൾ' കൊണ്ടു വ്യപദേശിക്കുന്നതെന്ന വ്യാഖ്യാനം സന്ദർഭവിരുദ്ധമെന്നുമാത്രം ചേതനയില്ലാ" ഇങ്ങനെ പോകുന്ന ലീലാവതിയുടെ വാദഗതി.

ഭാരതപര്യടനം പൂർണമായും സംസ്കൃത മൂലഗ്രന്ഥത്തെ അടിസ്ഥാനമാക്കിയാണ് എഴുതപ്പെട്ടത്.[4] മാരാരുടെ ഗദ്യാനുവാദത്തിനും കഥാസന്ദർഭങ്ങൾക്കും ഇതേ മൂലഗ്രന്ഥത്തിൽ സന്ദർഭങ്ങളെ ഇതേ രീതിയിൽ ഉദ്ധരിക്കുന്നു. എന്നാൽ, ലീലാവതി തന്റെ വി പ്രധാനരചനയിലേക്ക് വാദത്തിനുപോദ്ബലകമായ മൂലഗ്രന്ഥവും, മാരാരുടെ തർജ്ജമയും മാറ്റി വെച്ചിട്ടു, കൊടുങ്ങല്ലൂർ കഞ്ഞിക്കുട്ടൻതമ്പുരാന്റെ മഹാഭാരതവിവർത്തനം മാത്രമാണ് ആധാരമാക്കിയിരിക്കുന്നത്.[5] അതിനാൽ, മാർക്കണ്ഡേയമുനിയുടെ ദൈവവന സന്ദർശനസന്ദർഭത്തിന്റെ മൂലഗ്രന്ഥഭാഗം, ഭാരതപര്യടനത്തിലെ മാരാരുടെ തർജ്ജമ, കഞ്ഞിക്കുട്ടൻതമ്പുരാന്റെ തർജ്ജമ; ഇവയിലേയ്ക്ക് ഒന്നു കണ്ണോടിക്കാം.

മഹാഭാരതമൂലം:

മാർക്കണ്ഡേയ ഉവാച:

> "ന താത ഏഷ്യാമി ന ച സ്മയാമി;
> പ്രഹർഷജാ മാം ഭജതേ ന ദർപഃ
> തവാപദം തദ്യ സമീക്ഷ്യ രാമം;
> സത്യവ്രതം ദാശരഥിം സ്മരാമി
> സ ചാപി രാജാ സഹ ലക്ഷ്മണേന;
> വനേ നിവാസം പിതുരേവ ശാസനാത്
> ധന്വീ ചരൻപാർഥ പുരാ മയൈവ;
> ദൃഷ്ടോ ഗിരേരൃഷ്യമൂകസ്യ സാനൗ
> സഹസ്രനേത്രപ്രതിമോ മഹാത്മാ;
> മയസ്യ ജേതാ നമുചേശ്ച ഹന്താ
> പിതുർനിദേശാദനഘഃ സ്വധർമ്മം;
> വനേ വാസം ദാശരഥിശ്ചകാര
> സ ചാപി ശക്രസ്യ സമപ്രഭാവോ;
> മഹാനുഭാവഃ സമരേഷ്വജേയഃ
> വിഹായ ഭോഗാനചരദ്വനേഷു;
> നേശേ ബലസ്യേതി ചരേദധർമ്മം
> നൃപാശ്ച നാഭാഗഭഗീരഥാദയോ;
> മഹീമിമാം സാഗരാന്താം വിജിത്യ
> സത്യേന തേഽപ്യജയംസ്താത ലോകാ;
> ന്നേശേ ബലസ്യേതി ചരേദധർമ്മം
> അലർക്കമാഹുർനരവര്യ സന്തം;
> സത്യവ്രതം കാശികരൂഷരാജം
> വിഹായ രാഷ്ട്രാണി വസൂനി ചൈവ;
> നേശേ ബലസ്യേതി ചരേദധർമ്മം
> ധാത്രാ വിധിർയോ വിഹിതഃ പുരാണഃ;
> തം പൂജയന്തോ നരവര്യ സന്തഃ
> സപ്തർഷയഃ പാർഥ ദിവി പ്രഭാന്തി;
> നേശേ ബലസ്യേതി ചരേദധർമ്മം
> മഹാബലാൻപർവ്വതകൂടമാത്രാൻ;
> വിഷാണിനഃ പശ്യ ഗജാന്നരേന്ദ്ര
> സ്ഥിതാന്നിദേശേ നരവര്യ ധാതു;
> ർനേശേ ബലസ്യേതി ചരേദധർമ്മം
> സർവ്വാണി ഭൂതാനി നരേന്ദ്ര പശ്യ;
> യഥാ യഥാവദ്വിഹിതം വിധാത്രാ
> സ്വയോനിതസ്തത്കുരുതേ പ്രഭാവം;
> നേശേ ബലസ്യേതി ചരേദധർമ്മം
> സത്യേന ധർമ്മേണ യഥാർഹവൃത്ത്യാ;
> ഹ്രിയാ തഥാ സർവ്വഭൂതാന്യതീത്യ
> യശശ്ച തേജശ്ച തവാപി ദീപ്തം;
> വിഭാവസോർഭാസ്കരസ്യേവ പാർഥ
> യഥാപ്രതിജ്ഞം ച മഹാനുഭാവഃ;
> കൃച്ഛ്രം വനേ വാസമിമം നിരുഷ്യ
> തതഃ ശ്രിയം തേജസാ സ്വേന ദീപ്താ;
> മാദാസ്യസേ പാർഥിവ കൗരവേഭ്യഃ"
>
> (ആരണ്യകപർവ്വം: 26)

ഭാരതപര്യടനത്തിലെ കുട്ടികൃഷ്ണമാരാരുടെ അനുഗതതർജ്ജമ:

മാർക്കണ്ഡേയൻ പറഞ്ഞു: "ഉണ്ണീ ഞാൻ ഹർഷിക്കുകയല്ല, ചിരിക്കുകയുമല്ല. എനിക്കു ഹർഷത്തിൽ നിന്നുണ്ടാവുന്ന ദർപ്പമില്ല. നിന്റെ ഈ ആപത്തു കണ്ടിട്ടു ഞാൻ സത്യവ്രതനായ ദാശരഥിരാമനെ ഓർമ്മിച്ചുപോകുന്നു. ആ രാജാവിനെയും, പണ്ടു പിതൃശാസനത്താൽ ലക്ഷ്മണനോടുകൂടി വില്ലേന്തി കാട്ടിൽ നടക്കെ, ഋശ്യമൂകപർവതാഗ്രത്തിൽ വെച്ചു ഞാൻ കാണുകയുണ്ടായി. ഇന്ദ്രനൊത്ത പ്രഭാവമുള്ളവനും, യുദ്ധത്തിൽ അജയ്യനുമായ ആ മഹാനുഭാവനും, ഭോഗങ്ങളെ വിട്ടു കാട്ടുകളിൽ നടന്നു—നേശേ ബലസ്യേതി ചരേദധർമ്മം (താൻ ബലത്തിനാളല്ല എന്നു വന്നാൽ അധർമ്മം ചെയ്യാം). നാഭാഗൻ ഭഗീരഥൻ മുതലായ രാജാക്കന്മാരും ഈ ആഴിയോളമുള്ള ഊഴി കീഴടക്കിയിട്ടു സത്യംകൊണ്ടു ലോകങ്ങളെയും കീഴടക്കി—നേശേ ബലസ്യേതി ചരേദധർമ്മം... ധാതാവു പണ്ടേ വിധിച്ചുവെച്ച വിധിയിട്ടുള്ളോ, അതിനെ മാനിച്ചുകൊണ്ടു സജ്ജനങ്ങളായ സപ്തർഷിമാർ വാനിൽ വിളങ്ങുന്നു—നേശേ ബലസ്യേതി ചരേദധർമ്മം. ഏറിയ കരുത്തും കന്നിൻ കൊട്ടുടിയോളം വലുപ്പവും മികച്ച കൊമ്പുകളുമുള്ള ആനകളെ നോക്കൂ, അവയും ധാതാവിന്റെ വരുതിക്കു നില്ക്കുന്നു—നേശേ ബലസ്യേതി ചരേദധർമ്മം. രാജാവേ, നോക്കൂ, എല്ലാ പ്രാണികളും വിധി വിധിച്ചവച്ചതെന്തോ, അതൊക്കെ സ്വന്തം വർഗ്ഗത്തിനു ക്ഷീവിൻപ്രകാരമാണ് ചെയ്യുന്നത്—നേശേ ബലസ്യേതി ചരേദധർമ്മം. സത്യം കൊണ്ടും ധർമ്മംകൊണ്ടും തക്കനടപടി കൊണ്ടും, ലജ്ജകൊണ്ടും എല്ലാ പ്രാണികളെയും കവിഞ്ഞു നിൽക്കുന്ന താങ്കൾക്കുമുണ്ട് സൂര്യനൊത്ത കീർത്തിയും, തേജസ്സും. മഹാനുഭാവ, താങ്കൾ കരാറനുസരിച്ച് ഈ വനവാസസങ്കടം കടന്നു സ്വതേജസ്സു കൊണ്ടു കൗരവരിൽനിന്നു ദീപ്തമായ ഐശ്വര്യത്തെ വീണ്ടെടുക്കും."

കൊടുങ്ങല്ലൂർ കഞ്ഞിക്കുട്ടൻതമ്പുരാന്റെ വിവർത്തനം:

മാർക്കണ്ഡേയൻ പറഞ്ഞു:

> "ഉണ്ണീ, ഹർഷിച്ചീലെടോ ഞാൻ സ്മയിച്ചീ-
> ല്ലിളന്റെ ഷിത്തേ ഹർഷമാർന്നുള്ള ദർപ്പം
> അങ്ങയ്ക്കുറപ്പെട്ടു പാർത്തോർത്തു ദാശ-
> രഥി ശ്രീരാമൻ സത്യവാൻ രാമനെ ഞാൻ.
> ആ രാജാവും ലക്ഷ്മണനോടുകൂടെ-
> ക്കോദണ്ഡിയായ് താതവാക്കാലെ കാട്ടിൽ
> ചുറ്റുന്നതായുണ്ടു ഞാനൃശ്യമൂക-
> ക്കുന്നിന്നടിപ്പാട്ടിലായിട്ടു മുന്നം
> സഹസ്രനേത്രപ്രതിമൻ യമനും
> ശാസ്ത്രാവാൻ നമുചിവേഷൻ യോഗ്യൻ
> താതാജ്ഞ കേട്ടങ്ങനഘൻ സ്വധർമ്മം
> ചരിച്ചല്ലോ കാട്ടിലാ രാമദ്ദേവൻ.
> അദ്ദേഹമോ ശക്രസമപ്രഭാവൻ
> മഹാനഭാവൻ പോരിലെല്ലാമജയ്യൻ
> ഭോഗം വിട്ടും കാനനേ സഞ്ചരിച്ചു:
> ശക്തൻതാനെന്നോർത്തു ചെയ്യൊല്ലധർമ്മം.
> മനോഭഗീനാഗഭഗീരഥന്മാർ
> മന്നോഴിയും വരെയും ജയിച്ചോർ
> സത്യത്താലേ ലോകമൊക്കെജ്ജയിച്ചു:
> ശക്തൻതാനെന്നോർത്തു ചെയ്യൊല്ലധർമ്മം.
> അളർക്കനെല്ലോ നരനാഥാനുന്നത
> സത്യവ്രതൻ കാശികരൂഷനാഥൻ
> നാടും സർവ്വദ്രവ്യവും കൈവെടിഞ്ഞു:
> ശക്തൻതാനെന്നോർത്തു ചെയ്യൊല്ലധർമ്മം.
> ധാതാവു വേദത്തിൽ വിധിച്ചവണ്ണം
> താൻചെയ്വ സജ്ജക്കൾ നരപ്രവീര!
> വാഴുന്നു സപ്തർഷികൾ വാനിലെന്നും:
> ശക്തൻതാനെന്നോർത്തു ചെയ്യൊല്ലധർമ്മം.
> ഊക്കേറുന്നോരോ പർവ്വതകൂടമൊത്ത
> വാളുന്ന കൊമ്പുള്ള മഹാഗജങ്ങൾ
> നോക്കു വിഭോ, ധാതൃവിധിക്കു നില്പൂ:
> ശക്തൻതാനെന്നോർത്തു ചെയ്യൊല്ലധർമ്മം.
> ഭൂതങ്ങളെല്ലാം നരനാഥ, കാൺക
> നില്പു വിധാതാവു വിധിച്ചപോലെ
> സ്വജാതിധർമ്മപ്രഭനെയന്നും:
> ശക്തൻതാനെന്നോർത്തു ചെയ്യൊല്ലധർമ്മം.
> സത്യം ധർമ്മം താൻതനിക്കൊത്ത വൃത്തി
> പ്രീയെന്നെല്ലാം കൊണ്ടുഭൂവേർക്ക മേതേൽ
> പെരുകീപ്പിലുള്ള തേജസ്സുമങ്ങ-
> യ്ക്കുസൂര്യക്കന്മാർക്കൊത്തതുണ്ടു പാർത്ഥാ!
> സത്യം പോലെയുന്ന പുണ്യാൻഭാവ!
> ക്ലേശത്തോടും വനവാസം കഴിഞ്ഞാൽ
> പിന്നെ സമ്പത്തു കൗരവരിൽനിന്നു
> തേജസ്സോട്ടും ശ്രീയുടൻനേടുന്നെ നേട്ടും."
>
> (വനപർവ്വം: 25)

"ഏറിയ കരുത്തും (മഹാബലാൻ) കുന്നിൻകൊടുമുടിയോളം വലുപ്പവും (പർവ്വതകൂടമാത്രാൻ) മികച്ച കൊമ്പുകളുമുള്ള (വിഷാണിനഃ) ആനകളെ നോക്കൂ ('പശ്യ ഗജാൻ')" എന്ന മാരാരുടെ തർജ്ജമ പദാനുപദമാണ്. ('mighty elephants, huge as mountain cliffs and furnished with tusks'—K.M. Ganguli; 'behold the powerful tuskers, great king, that stand tall as mountain peak'—J. A. B. van Buitenen; 'tusked and powerful elephants, as large as mountain peaks'—Bibek Debroy; ഈ അനുവാദതർജ്ജമകളെല്ലാം മാരാരുടേതുമായി യോജിക്കുന്നു).[6],[7],[8] കഞ്ഞിക്കുട്ടൻതമ്പുരാന്റെ തർജ്ജമയുടെ പരാനുപദത്തിലേക്കുവരുമ്പോൾ യഥാർത്ഥത്തിൽ മൂലത്തിനുണ്ടായ കാളം... 'ഊക്കേറ്റ്', 'പർവ്വതകൂടമൊത്ത', 'മഹാ'ഗജങ്ങൾ തുടങ്ങി 'ദിഗ്ഗജ' ലക്ഷണങ്ങളായി ലീലാവതി എടുത്തു പറയുന്നവ, കഞ്ഞിക്കുട്ടൻതമ്പുരാന്റെ തർജ്ജമയിൽ കടന്നുവന്ന വിശേഷണങ്ങളാണെന്നു കാണാം. ലീലാവതിയുടെ ഉദ്ധരണിയിലെ മാതിരി, 'ശക്തൻതാനെന്നോർത്തു ചെയ്യൊല്ലധർമ്മം' ആകുന്നു. മാരാര് ഈ ഭാഗം തർജ്ജമ ചെയ്യിട്ടുണ്ടെന്ന ഭാവമേയില്ല. ഒരു തർജ്ജമകളും മൂലഗ്രന്ഥവുമായി ഒത്തുനോക്കി വിശദമാക്കാനും വ്യാഖ്യാനിക്കാനുമാണ് പരിശ്രമം. ഇതാണ് ലീലാവതിയുടെ വാദങ്ങൾ തമ്മിലും ഏറ്റവും ഗൗരവമായ വാദഗതി... (മറ്റ് കൂടുതൽ) ഗജങ്ങൾ തന്നെ ലോകം എന്നത് ഉദ്ധരിക്കുന്നതിൽ ആവശ്യം...

"വിവർത്തനിത്യരസമായ മൂലത്തോട് ഒത്തുനോക്കി നിരൂപണം ചെയ്യുക എന്ന പാതയേ സ്വന്തം തർജ്ജമയുമായി ഒത്തുനോക്കി നിരൂപണം നടത്തുക എന്നതിനേക്കാൾ" ഉറ്റകാര്യം, മൂലഗ്രന്ഥത്തോടൊപ്പം ആനകൾ ആക്രമിച്ചെന്ന് തെളിയിക്കുന്നതിൽ, മാരാരുടെ പദാനുപദതർജ്ജമ ഒഴിയെ തന്നെ പോകേണ്ടി വരും. അപ്പോൾ, "ഏറിയ കരുത്തും കുന്നിൻകൊടുമുടിയോളം വലുപ്പവും മികച്ച കൊമ്പുകളുമുള്ള ആനകൾ" 'ദിഗ്ഗജ'ങ്ങളാണോ എന്നു കാണാം. തന്നെയുമല്ല, ഈ വിശേഷണങ്ങൾ ദിഗ്ഗജലക്ഷണങ്ങളായി കരുതിയാൽ, മഹാഭാരതത്തിൽ, വിശേഷിച്ചും യുദ്ധപർവ്വങ്ങളിൽ, ദിഗ്ഗജങ്ങളെ മാറ്റി നിറുത്തി വായന മുന്നോട്ടു പോവാത്ത സ്ഥിതിയാവും. കാരണം, 'മാതംഗം ഗിരിസന്നിഭാ'; 'കഞ്ജരൈഃ പർവതോപമൈഃ'; 'ശൈലാനാം ശിഖരാണി ദ്വിപോത്തമാഃ'; 'മഹാഗജ'... ഇങ്ങനെ ആനകളെ പർവ്വതത്തോടും, പർവ്വതശിഖരത്തോടുമൊക്കെ ഉപമിച്ചിരിക്കുന്ന ഇടങ്ങൾ അസംഖ്യമാണ് അവിടെ. 'ഗജം ഐരാവതോപമം' എന്ന വിശേഷിക്കപ്പെട്ട ചില ശ്രേഷ്ഠഗജങ്ങളെയും അവിടെ കാണാം. ഇവയൊന്നും കാട്ടാനകളുടെ വിശേഷണങ്ങളല്ല. അക്ഷൗഹിണികൾ ആനകൾ, രാജാക്കളുടെ പടയാനകൾ തുടങ്ങി, ഭീമനെ ഉന്മൂലനം ചെയ്യാൻ ഭഗദത്തൻ ഉപയോഗിച്ച 'സുപ്രതീകം' എന്ന ആനയും, 'അശ്വത്ഥാമാവ്' എന്ന പേര നല്കപ്പെട്ട ഭീമനാൽ കൊല്ലപ്പെട്ട ആനയുമെല്ലാമാണ് ഈ വിശേഷണങ്ങൾ വഹിക്കുന്നത്. ഇനി, ദിഗ്ഗജങ്ങളെപ്പറ്റി മഹാഭാരതത്തിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന നോക്കാം. സഞ്ജയൻ പറയുന്നു, "...ലോകം ആരാധിക്കുന്ന ദിഗ്ഗജങ്ങൾ; വാമനൻ, ഐരാവതം, സുപ്രതീക, ഇവരെ മറ്റൊന്നു. ഈ ആനകളുടെ അളവുകൾ കണക്കാക്കാൻ എനിക്കു കഴിയില്ല. അവയുടെ നീളവും, വണ്ണവും, പൊക്കവും കണക്കാക്കപ്പെട്ടിട്ടില്ല. എല്ലാ ദിശകളിൽ നിന്നും സ്വതന്ത്രമായി വീശുന്ന കാറ്റിനെ ഈ ആനകൾ തങ്ങളുടെ ശോഭയേറിയതും, ഇമ്പമുകൾ താമര പോലുള്ളതും, വഴിയിലുള്ളതൊക്കെയും പിടിച്ചെടുക്കവാൻ കഴിവുള്ളതുമായ, തുമ്പിക്കൈകളാൽ പിടിച്ചെടുക്കുന്നു. പിടിച്ചെടുത്ത കാറ്റ് ആനകളുടെ ഉച്ഛ്വാസമായി പുറത്തുവരുന്നു. അതു ഭൂമിയിൽ പരന്നു ജീവൻ നിലനിർത്തുന്നു" (ഭീഷ്മപർവ്വം: 13). ഇപ്രകാരം, അസാമാന്യരാണലക്ഷണനാമികളോടെ അഭൗമമായതാണ ഭൂമിയിലെ ചരിക്കുന്നവരായല്ലാതെ നിർവചിക്കപ്പെടുന്ന ഈ ദിഗ്ഗജങ്ങൾക്ക മേൽപറഞ്ഞ സാമാന്യ ആനകളുടെ വിശേഷങ്ങൾ തീർച്ചയായും ചേരില്ലല്ലോ.

ഇനി, 'ഭൂത'ങ്ങളുടെ കാര്യം. 'സർവ്വാണി ഭൂതാനി'—എല്ലാ ജീവ / പ്രാണിജാലങ്ങൾ—എന്ന മുനിയുടെ പ്രയോഗവും മഹാഭാരതത്തിലും മറ്റും ആവർത്തിച്ചു വരുന്ന ഒന്നാണ്. എവിടെയും 'പഞ്ചഭൂതങ്ങൾ' എന്ന അർത്ഥം വരുന്നില്ല. ('all creatures'—K. M. Ganguli; 'various creatures'—J. A. B. van Buitenen; 'all beings'—Bibek Debroy). മാർക്കണ്ഡേയസമാസ്യപർവ്വത്തിൽ പഞ്ച(മഹാ)ഭൂതങ്ങളെപ്പറ്റി വിസ്തരിക്കുന്നുണ്ട് (ആരണ്യകപർവ്വം: 202). അവിടെ, "ഏതേ പഞ്ചാമ ഭൂരം പൃഥ്വീത്തേ പ്രേഷ്ഠ ഭവ ഞ്ചഭൂതമ്; വർത്തനേ സർവ്വഭൂതേഷു യേഷു ലോകാഃ പ്രതിഷ്ഠിതാഃ"—'പഞ്ചഭൂത'ങ്ങളിൽ അന്തർഭവിനമായ ഈ പതിനഞ്ചു ഗുണങ്ങൾ ലോകങ്ങൾ നിലനില്ക്കുന്ന 'എല്ലാ ജീവി' കളിലുമുണ്ട്", എന്ന പറയുന്നിടത്തു പഞ്ചസർവ്വഭൂതങ്ങളെ വ്യക്തമായി വിവേചിച്ചിരിക്കുന്നു. ഉദാരം, "സ്വതം വർഗ്ഗത്തിനു കഴിവി നമൊത്തവണ്ണം" എന്ന മുനിവചനം പ്രാണിവർഗ്ഗത്തെക്കറിച്ചും പഞ്ചഭൂതങ്ങളെക്കുറിച്ചാണെങ്കിൽ, പഞ്ചഭൂതങ്ങൾക്കെന്തു വർഗ്ഗം / ജാതി? എന്നും ലീലാവതി വിശദീകരിക്കേണ്ടി വരും.

മാർക്കണ്ഡേയനിർദേശനങ്ങളെ സംബന്ധിച്ച ശ്രീ വി. വി. ഗോവിന്ദൻനായരുടെ ഒരു നിരീക്ഷണം ഇവിടെ പ്രസക്തമാണ്. "സപ്തർഷിമാരെക്കുറിച്ചു പറയുമ്പോൾ 'ദിവി' എന്ന പറയുന്ന മാർക്കണ്ഡേയൻ മഹാഗജങ്ങളെക്കുറിച്ചു (ഇടർന്ന സർവ്വഭൂതങ്ങളെക്കുറിച്ചും) പറയുമ്പോൾ 'പശ്യ'—നോക്കൂ—എന്നേടുത്തുപറയുന്നുണ്ട്. 'കുന്നിൻ' അതു അകലെയൊക്കെ പോകുന്നു?, ചുറ്റവട്ടത്ത് ഒന്നു കണ്ണോടിച്ചാലും ഇതൊന്നെ കാണാം' എന്നതാണ ഋഷിയുടെ ആശയം എന്ന് തോന്നും."[9] ഇവ്വ ഈ ഉദാഹരണങ്ങളുടെ സർവ്വസാധാരണതയിലേയ്ക്കുമല്ലോ വിരൽ ചൂണ്ടുന്നു.

നിരീക്ഷിച്ചാൽ, മാർക്കണ്ഡേയമുനിയുടെ നിദർശനങ്ങൾ യുക്തിസഹമായ ഒരു ക്രമം പിന്തുടരുന്നതായി കാണാം. ആദ്യ ഗണത്തിൽ ശ്രീരാമനാദാശരഥിരാമൻ മാനവൻ, രണ്ടാമതായി, സപ്തർഷികളുൾപ്പെട്ട ഗണം. മൂന്നാമതായി, ഗജങ്ങളുൾപ്പെട്ട തിര്യഗ്ഗണം. തുടർന്ന സാമാന്യവർത്തിച്ച്. "എല്ലാ പ്രാണികളും വിധി വിധിച്ചവച്ചതെന്തോ, അതൊക്കെ, സ്വന്തം വർഗ്ഗത്തിനു കഴിവിനമൊത്തവണ്ണം ചെയ്യുകൊണ്ടിരിക്കുന്നു; നേശേ ബലസ്യേതി ചരേദധർമ്മം" എന്ന പറയുന്നു. ഈ 'പ്രാണികൾ' ലീലാവതി പറയുന്നതുപോലെ 'പഞ്ചഭൂത'ങ്ങളല്ല: ഉറുമ്പ്, തേരട്ട, തൊട്ടാലൊട്ടി പോലുള്ള കീടങ്ങളും. മാനവവാനരവർഗ്ഗങ്ങളും; എല്ലാമുൾപ്പെടുന്നതിൽ. ഓരോ വിഭാഗത്തിലുംശ്രേഷ്ഠരെ മുനി പ്രത്യേകമെടുത്തു പറഞ്ഞിരിക്കുന്ന എന്ന മാത്രം. അപ്പോൾ, മാനവർ, വാനരർ, തിര്യക്കുകൾ; ഇവയിലെ ശ്രേഷ്ഠരുടെ ക്രമമായി പേരെടുത്തു പറയുകയും ലീലാവതി വിവക്ഷിക്കുന്ന ദിഗ്ഗജങ്ങളെയും പഞ്ചഭൂതങ്ങളെയും മാത്രം ഋഷി അനുമാനവിധേയമാക്കുകയും ചെയ്യു എന്നും കരുതുകവയ്യ.

"ധാത്രാ വിധിർയോ വിഹിതഃ പുരാണ" എന്ന ശ്ലോകപാദത്തിലെ, 'പുരാണ' ശബ്ദത്തിനു, വാച്യാർത്ഥത്തിനു പകരം, കഞ്ഞിക്കുട്ടൻതമ്പുരാൻ പറയുന്ന 'വേദം' എന്ന ലാക്ഷണികാർത്ഥം എടുത്താണ് ലീലാവതി, 'ധാതാവു പണ്ടേ വിധിച്ചുവെച്ച വിധി'യെ 'വേദത്തിൽ പറയുന്ന ഋതം' ആയി വിവരിക്കുന്നത്. എങ്കിൽ, വേദം ചമച്ച ബ്രഹ്മാവ് തന്നെ വിധിവിധേയതയെക്കുറിച്ച് പറയുന്നത് എപ്രകാരമെന്നു വഴിയേ കാണാം.

മാരാര് 'ധാതാവിന്റെ വരുതിക്കു നില്ക്കുന്ന' എന്ന പറയുമ്പോൾ മെരുക്കപ്പെട്ട ആനകളാണല്ലോ സ്വാഭാവികമായും വിവക്ഷിതം. ഈ വിവക്ഷ തന്നെയാണ ഭീഷ്മർ പരാമർശിക്കുന്ന 'ക്ഷമയുള്ള ആന'യിലുമുള്ളത് ("ഉറവായ രാജാവ് ക്ഷമയുള്ള ആനയെപ്പോലെ അധർമ്മത്താവാണ്" (ശാന്തിപർവ്വം: 56) ). 'ഗജ'ശബ്ദം കാട്ടാനയെയും സൂചിപ്പിക്കാമല്ലോ എന്ന ലീലാവതി പിന്നീട് വാദിക്കുന്നുണ്ട്. എന്നാൽ, മഹാഭാരതത്തിലും ഇതര ഭാരതീയ ഇതിഹാസ പുരാണസാഹിത്യങ്ങളിലും ആനകൾ (ശ്രേഷ്ഠസൈന്യ ഗജങ്ങൾ) വിശിഷ്ട ഉപഹാരങ്ങളായിരുന്നു. ... രാജസൂയത്തിന്റെ സാമന്തർ തിര്യഗ്ജാതിയിൽ ശ്രേഷ്ഠതയുള്ളതായി ഗജങ്ങളെ കൊണ്ടുവന്നതായി കാണാം... (ഉത്തമകാട്ടുവൃക്ഷങ്ങളായി വരുമ്പോഴും) ആനകളെ കാഴ്ചവെച്ചതായ ഭാഗങ്ങൾ അനേകം... (സഭാപർവ്വം: 48); യുധിഷ്ഠിരന്റെ പണയങ്ങളും (ആനകളെ മറ്റ് അളവുറ്റ വസ്തുക്കളുടെ അതേ നിലയിലാണ പണയമായി നിറുത്തുന്നത്) ഈ വസ്തുത വെളിവാക്കുന്നു. അതിനാൽ മുനിയുടെ വിവക്ഷ മറിച്ചാവാൻ വഴിയില്ല.

പ്രാണികളുടെ വിധിവിധേയത്വതോടു മാരാര് രാമന്റെ സത്യവ്രതവ്രതവുമായി ഉപമിച്ചതിനെക്കുറിച്ചു "അസംഗതിയ" മെന്ന ലീലാവതി വിശേഷിപ്പിക്കുന്നിടത്തും, ഗജങ്ങളും ദിഗ്ഗജങ്ങളും, സർവഭൂതങ്ങളും പഞ്ചഭൂതങ്ങളും ആക്കാൻ ലീലാവതിക്കുള്ള പ്രചോദനം വ്യക്തമാവുന്നത്. പ്രാണിയ്ക്ക് 'കീട'മെന്ന അർത്ഥമെടുത്താണ ലീലാവതി ഇങ്ങനെ പറയുന്നത്: എന്നാൽ, പ്രാണനുള്ളതെല്ലാം 'പ്രാണി'യാണല്ലോ! ഈ അർത്ഥം തന്നെയാണ മാരാരുദ്ദേശിക്കുന്നതും. "...മഹാത്മാക്കളെ വെളുവെ എടുത്തുപറയാൻ ഭീതൻ നൽകിയിട്ടു, എല്ലാ പ്രാണികളെയും പറ്റിയുള്ള ആ ഒരൊറ്റ ശ്ലോകം കൊണ്ടു കഴിക്കാമായിരുന്നില്ലേ?" എന്ന പറയുന്നിടത്ത് ഇതു വ്യക്തമാണല്ലോ.

"താൻ ബലത്തിനാളല്ലെന്ന വെച്ച ചെയ്യുന്നത് അധർമ്മമാണ്" എന്ന വ്യാഖ്യാനത്തിൽ ജീവികളുടെ വിധിവിധേയതയെയാണല്ലോ എടുത്തുകാട്ടുന്നത്. അകർമ്മണ്യതയുടെ തണൽ തേടുന്ന ഈ വിധിവിധേയത്വത്തെ ഇതിഹാസത്തിലെങ്ങും മഹത്ത്വവല്ക്കരിച്ചിട്ടില്ല. വിധിയോ പൗരുഷമോ മഹത്തരം?, എന്ന യുധിഷ്ഠിരന്റെ ചോദ്യത്തിനു മറുപടിയായി, ഈ വിഷയത്തെക്കുറിച്ചു ബ്രഹ്മാവു വസിഷ്ഠനു നടത്തിയ സംഭാഷണം ഭീഷ്മർ വിവരിക്കുന്നുണ്ട് (അനുശാസനപർവ്വം: 6). പൗരുഷകാരകമന്ന പാടങ്ങളു വിതയുപ്പെട്ട വിത്തായാണ വിധിയെ ബ്രഹ്മാവ് വിവരിക്കുന്നത്. പൗരുഷമില്ലെങ്കിൽ വിധി നിഷ്ഫലമാകുന്നു. 'ജ്യോതിർഗ്ഗണങ്ങൾ, ദേവന്മാർ, നാഗന്മാർ, യക്ഷന്മാർ, ചന്ദ്രൻ, സൂര്യൻ, മാരുതൻ; ഇവരെല്ലാവരും കർത്തൃത്വമായി നിന്ന ദൈവീകതയിലേയ്ക്ക് ഉയർന്നു' പൗരുഷം കൊണ്ടാണ്. അപ്രകാരംതന്നെ, അർത്ഥം, മിത്രവർഗ്ഗം, സമ്പദ്, കലമേ, ഐശ്വര്യം; ഇവയും കാര്യപ്രാപ്തി കൊണ്ടേ നേടാനാവു. സുബാസന്നുള്ളവർ; നിഷ്ക്രിയരും, ക്ലീബനും, ലുബ്ധനും, അലസനും, അബലരും ലഭിക്കില്ല... മനഷ്യപൗരുഷം കൂടാതെ വിധിയെ മാത്രം പിന്തുടരുന്നവൻ വ്യർത്ഥനാണ്, ഇടങ്ങി പൗരുഷത്തിന്റെ അനിവാര്യത സാധാരണവും അസാധാരണവുമായ സകല ജീവിതവ്യാപാരങ്ങളിലും ബ്രഹ്മാവ് വിവരിക്കുന്നു. ഇവയോടൊപ്പം, പൗരുഷത്തിന്റെ പ്രാധാന്യം വെളിവാക്കുന്ന മറ്റുദാഹരണങ്ങളും ബ്രഹ്മാവ് നിരത്തുന്നുണ്ട്: 'പൗരുഷത്താലാണ് അഗ്നിയും ലക്ഷ്മിയും, പൗരുഷത്താൽ തന്നെ ദൈത്യരെ കൊലപ്പെടുത്തിയതും, പൗരുഷത്താൽ ഇന്ദ്രൻ സ്വർഗ്ഗത്തിലും ഭൂമിയിലും പരമാധികാരം നേടി...', 'ബുദ്ധിമാനെങ്കിലും, പൗരുഷമില്ലാത്ത രാജാവ്, വിഷമില്ലാത്ത പാമ്പിനെപ്പോലെയാണ, ശത്രുക്കൾ അയാളെ മറികടക്കന്ന്', ഇടങ്ങിയ പൗരുഷത്തെ കീർത്തിക്കുന്ന ബ്രഹ്മാവ് പറയുന്നതിൽ ഭീഷ്മർ ഉദ്ധരിക്കുന്നുണ്ട് (ശാന്തിപർവ്വം: 58).

ഇതിഹാസകഥാപാത്രങ്ങളിൽ, ഭീഷ്മരും കൃഷ്ണനും പൗരുഷത്തിന്റെ ജീവതത്ത്വങ്ങളായിരുന്നു. പാണ്ഡവപക്ഷത്താണ ധർമ്മം എന്നറിഞ്ഞു കൊണ്ടുതന്നെ, കൗരവപക്ഷത്തിന്റെ സേനാപതിയുമേറ്റെടുത്ത പുണ്ണിദിവസം അത്ഭുതമായി പൊരുതി വീണ ഭീഷ്മരും; യുദ്ധത്തിൽ നേർവഴിയിലൂടെ ഒരിക്കലും കൊല്ലാനാവാത്ത ദുര്യോധനനെയും, ഭീഷ്മാദിമഹാരഥന്മാരെയും, 'പല പ്രായങ്ങൾകൊണ്ടും, കള്ള പ്രണികൾകൊണ്ടും' (ശല്യപർവ്വം: 60) കൊല്ലപ്പെടുത്തുവാൻ പാണ്ഡവർക്ക് ഉൾക്കരുത്തു നൽകിയ കൃഷ്ണനും; അധർമ്മമിശ്രിതമാണെങ്കിൽ, പൗരുഷത്തിന്റെ വഴി തേടിയവരാണ്. മരണശയ്യയിൽ കിടക്കുന്ന ഭീഷ്മരുടെ അടുത്തു ധർമ്മോപദേശം തേടിയെത്തുന്ന യുധിഷ്ഠിരനോടു പ്രാരംഭമായി തന്നെ ഭീഷ്മർ പറയു ന്നതിപ്രകാരമാണ്: "ഊർജ്ജിതമായ പൗരുഷം കൊണ്ടല്ലാതെ, വെറും വിധികൊണ്ടു രാജാവിനു തന്റെ ലക്ഷ്യങ്ങൾ നിറവേറ്റാനാവില്ല. വിധിയും പൗരുഷവും; ഇവ രണ്ടും സാർവ്വത്രികമല്ലോ, പൗരുഷം വിധിയേക്കാൾ ശ്രേഷ്ഠമാണെന്ന ഞാൻ കരുതുന്നു" (ശാന്തിപർവ്വം: 56). അകർമ്മണ്യവാദിയെ ദ്രർബ്ബലനെന്ന വിശേഷിപ്പിക്കുന്ന കൃഷ്ണനെ മാരാര് ഉദ്ധരിക്കുന്നുണ്ട്. മഹാഭാരതകഥയിൽ ഭാഗഭാക്കുകളായവർ ശിക്ഷാവിധിയെ അംഗീകരിച്ചും, പൗരുഷത്തിനായി നിലകൊള്ളുമ്പോൾ... വിധിയുടെ അധരിതത്തെ പൂണ്ണതയായി കാണുന്ന രണ്ടു കഥാപാത്രങ്ങൾ ധൃതരാഷ്ട്രരും, യുധിഷ്ഠിരനുമാണ്. എന്നാൽ, ഇവർ രണ്ടു പേരെയും വിധിവിധേയതയിൽ പിന്നിൽ ആവലെ വ്യക്തിതാർത്ഥ്യമല്ലെന്നുമാണ നമുക്കു കാണാം (ഭാഗം 2, 3).

### 2 കർണ്ണനെക്കൈവേറമോർക്കയാൽ എനിക്കുറക്കവുംകൂടി വരുന്നില്ലാ വൃകോദര!

യുധിഷ്ഠിരൻ ദൗർബ്ബല്യബോധം ഇല്ലായിരുന്നെന്ന വാദമാണ ശ്രീമതി ലീലാവതി അടുത്തതായി മുമ്പോട്ടു വയ്ക്കുന്നത്. ബലാബലബോധമാണ ധർമ്മാധർമ്മങ്ങളെ നിശ്ചയിക്കുന്നത് എന്ന മാരാരുടെ വാദത്തെ ഖണ്ഡിക്കണമെങ്കിൽ ഈ പ്രതിവാദം കൂടിയേ തീരൂ! കീർത്തിവെഷകാ കേട്ട പാണ്ഡവബലബോധമുള്ളതു സംശിതനായ യുതാഷ്ട്രരുടെ നെട്ടുവീർപ്പും, പാണ്ഡവർ ഗന്ധർവ്വന്മാരെ പോലെയുള്ള വീര്യം തീകൊടുത്ത സുയോധനനു പോലെയാണാ തിടർ, "സത്യം ശ്രേഷ്ഠം പാണ്ഡവാ" എന്ന വിളവഹിക്കുന്നതോ, "ധർമ്മം പരം പാണ്ഡവാ" എന്ന കൃഷ്ണന്റെ ആഹ്വാനവും, ധർമ്മബോധമുനിയുടെ സഹായവാക്യമിതാണെന്ന്... യുധിഷ്ഠിരൻ ഈ സംസ്ഥാനം സമർത്ഥിക്കുന്നില്ല. യുധിഷ്ഠിരൻ 'താൻ ആദ്യം വനവാസം ചെയ്തു പാണ്ഡവർ ബലബോധത്തിലായതിന്നനേ ധനസ്ഥിതിപ്പായി ആയെങ്കിലും ആരോപിക്കുകയാണെങ്കിൽ അതിനല്ല ഉൾക്കൂർ മറുപടിയായി, അവർ "അതിവീര്യരും, ദിവ്യമായ ഓജസ്സുള്ളവരും, നൽതോഗബലം പെരുത്തവരുമാണെന്നു" പറഞ്ഞതുമൊക്കെയാണ തെളിവുകൾ.

ഭാരതപര്യടനത്തിലെ 'കിരാതമൂർത്തി' പ്രബന്ധം ഒരുവർത്തി വായിച്ചാൽ ഈ വാദങ്ങൾക്കെല്ലാം മറുപടിയായി. പാണ്ഡവരുടെ ബലമാഹാത്മ്യം ധൃതരാഷ്ട്രർ നെടുവീർപ്പെട്ടതിനെ, കൗരവപക്ഷത്തിന്റെ യുദ്ധ തോറ്റിട്ടും (വനവാസോപകാലത്ത്) നെടുവീർപ്പെട്ടതെന്ന യുധിഷ്ഠിരനെ നമുക്കവിടെ കാണാം.

"ഭീഷ്മദ്രോണകൃപന്മാർ നമ്മോടു സമമായി പെരുമാറുന്നതെങ്കിലും, അവർക്ക് ഉണ്ട ചോറിന്റെ കടം വീട്ടേണ്ടതുണ്ട്; അതവർ പ്രാണൻ കളഞ്ഞും വീട്ടും. ഇവരൊക്കെ ദിവ്യാസ്ത്രങ്ങറിയുന്നവരും ദേവന്മാർക്കപോലും ദുർജ്ജയരുമാണ്. ഇവരെയെല്ലാം ജയിക്കാതെ നിനക്കൊന്നു ദുര്യോധനനെ കൊല്ലാൻ സാദ്ധ്യമാകുമോ? ... കർണ്ണനെക്കൈവേറമോർക്കയാൽ എനിക്കുറക്കവും വരുന്നില്ല."

ഇതു കേട്ടപ്പോൾ അത്യുദ്ധിഷ്ണനായ ഭീമസേനൻ ഒന്നു ഞെട്ടലോടെ മനസ്സുകൊണ്ട് മിണ്ടാതിരിപ്പായി.

ഇവരിങ്ങനെ സംസാരിച്ചിരിക്കെ, മഹായോഗിയായ വ്യാസൻ അവിടെയെത്തുന്നു. അദ്ദേഹം സൽക്കാരം കൈക്കൊണ്ടു യുധിഷ്ഠിരനോടു പറഞ്ഞു: "മഹാബാഹോ, നിന്റെ ഹൃദയത്തിലുള്ള വിചാരം അറിഞ്ഞാണ ഞാൻ വന്നത്. നിനക്കു ഭീഷ്മദ്രോണകർണ്ണനാദി കരാളപരതിന്ന നിന്ന പേടിയേ ആദ്യം വഴി പറയാം; അതുകേട്ടു ധൈര്യപൂണ്ടു പ്രവർത്തിച്ചുകൊള്ളൂ. അദ്ദേഹം യുധിഷ്ഠിരനെ ഏകാന്തത്തിലേയ്ക്കു വിളിച്ചു പ്രതിസ്മൃതി എന്ന വിദ്യ ഉപദേശിച്ചു കൊടുത്തു; അതുകൊണ്ട് അർജ്ജുനന് ഇന്ദ്രാദികളിൽനിന്ന് അസ്ത്രം നേടേണ്ടതാണ്. പ്രാണനു നിയായ നരന്റെ അവതാരമായ അദ്ദേഹം തപസ്സുകൊണ്ടും വിക്രമംകൊണ്ടും അത്യുസാധിക്കാമെന്നും ഉപദേശിച്ച് അന്തർദ്ധാനം ചെയ്തു" (ആരണ്യകപർവ്വം: 37, തർജ്ജമ: മാരാര്).

യുധിഷ്ഠിരന്റെ അബലബോധബോധത്തിന് ഇതിൽ കൂടുതൽ വ്യക്തത ആവശ്യമുണ്ടോ? ഏളുവിധനെയും തന്റെ സത്യധർമ്മനിഷ്ഠയിൽ മുറുകെപ്പിടിച്ചിരുന്ന യുധിഷ്ഠിരനെ, "ദ്രൗപദിയും ഭീമസേനനും കൂടി ഇത്ര വാക്ശരം നിന്ന നല്ലൊന്ന ബലിയിന്ത്രിൽനിന്ന നടത്തിയപ്പോൾ, ആ ധർമ്മാനഷ്ഠാതാവിന്റെ ഹൃദയത്തിൽ പുളഞ്ഞിരിക്കുന്ന ദൗർബ്ബല്യബോധം ഇളകിപ്പോയി", എന്ന മാരാര്. തനിക്കെഴും ദൗർബ്ബല്യശങ്കകൾ ബാധിച്ചിട്ടില്ലാത്ത ഭീമൻ പോലും, യുധിഷ്ഠിരന്റെ വാക്കുകൾ കേട്ടു മനസ്സുകെട്ടുമിണ്ടാതിരിക്കുന്നതിനെ ദൗർബ്ബല്യബോധത്തിന്റെ സാംക്രമികമായാണ മാരാര് വിവരിക്കുന്നത്. "യുധിഷ്ഠിരന്റെ ഈ ദ്രർബ്ബലതയെ മാർക്കണ്ഡേയൻ കണ്ടറിഞ്ഞ് ഉദാസീനമായി സൂചിപ്പിച്ചു കൊടുത്തതേ ഉള്ളൂ. ഈ ധർമ്മാത്മാവിങ്കൽ പക്ഷപാതിയായ വ്യാസനാകട്ടെ, എഴുന്നള്ളിവന്നാതു ആ ഭയമകറ്റുവാൻ വേണ്ട ഉപദേശം നല്കുകയാണ് ചെയ്തു", എന്ന മാരാര്. അപ്പോഴാണ്, കേവലം ദിവ്യാസ്ത്രങ്ങൾ പ്രാപ്തമാക്കുമല്ല, മനോബലം നേടിക്കൊടുക്കുകയിവന്ന വ്യാസന്റെ യോഗവിദ്യോപദേശത്തിന്റെ ആന്തരാർത്ഥമെന്ന മാരാര് നിരീക്ഷിക്കുന്നു. ഭയാശങ്കകളുടെ ദൂരീകരിക്കുകയാണ ബലവത്തായ ബോധത്തിന്റെ 'പ്രതിസ്മൃതി'. തുടർന്ന്, ആ യോഗവിദ്യാസാധനയ്ക്കുവേണ്ടിയിൽ കിരാതമൂർത്തിയുമായേറ്റുമുട്ടാൻ അർജ്ജുനൻ ദിവ്യാസ്ത്രങ്ങൾ കൈവരിക്കുന്നത്. അവനവനിൽ ദൗർബ്ബല്യബോധം ജനിപ്പിക്കുന്ന ഏതിന്റെയും ദുർജ്ജയരെവത്തിന്റെ പ്രതീകമത്രേ കിരാതൻ. ഈ അധർമ്മഭാവത്തോടു ജയപരാജയഭീതികളില്ലാതെ ഏറ്റുമുട്ടുന്നവനേ—"അവസാനമൊക്കെയിൽ നോക്കി ഒരു ദിവ്യാസ്ത്രപ്രഭാവലുള്ളൊരു അവനാടെതിരിട്ടു നിലുന്നവനേ"—നിർഭയതയുടെ ദിവ്യാസ്ത്രം കൈവരുകയുള്ളൂ എന്നതാണ കിരാതകഥയുടെ കാതൽ. ഇതൊക്കെ മാരാര് വിസ്തരിച്ചു കണ്ടിട്ടുണ്ട്ഹ സന്ദർഭവായനകളിൽ നടക്കുന്ന വിമർശം.

യുധിഷ്ഠിരന്റെ ദൗർബ്ബല്യബോധപ്രകടനം ഇതാദ്യമല്ല. ബകനെ നേരിടാനായി ഭീമനെ കന്തി അയയ്ക്കുന്ന വേളയിലും, ജരാസന്ധനെ കീഴടക്കി ചക്രവർത്തിപദം പൂകാൻ കൃഷ്ണൻ പ്രേരിപ്പിക്കുന്ന അവസരത്തിലുമൊക്കെയതു വെളിവാകുന്നുണ്ട്. കർണ്ണൻ ഒറ്റയ്ക്കു നിന്നു പൊതുതിത്തോടിച്ചിട്ടും ജരാസന്ധനെ (ശാന്തിപർവ്വം: 5) വെല്ലാൻ കൃഷ്ണർജ്ജുനന്മാർ ഒന്നിച്ചു പോയാൽപോലും സാധ്യമാകില്ലെന്നാണ യുധിഷ്ഠിരന്റെ ആധി എന്ന യുധിഷ്ഠിരനെ നമുക്കു കാണാം (സഭാപർവ്വം: 15). കർണ്ണനെപ്പറ്റി യുധിഷ്ഠിരനുള്ള പേടിയെ, "മഹാഭയം", "ഭയം, തീവ്രം" എന്നൊക്കെയാണ മഹാഭാരതത്തിൽ വിശേഷിപ്പിക്കുന്നത്. കണ്ഡലാഹരണ (ഉപ)പർവ്വപ്രകാരം യുധിഷ്ഠിരന്റെ ഈ മഹാഭയം തീർക്കാനാണ ഇന്ദ്രൻ കർണ്ണന്റെ കവചകണ്ഡലങ്ങൾ കൈവശപ്പെടുത്തുന്നത് (ആരണ്യകപർവ്വം: 284). സമാനമായ മറ്റൊരു സന്ദർഭം ഭാഗം 5-ൽ വിവരിച്ചിട്ടുണ്ട്.

പാണ്ഡവർക്കു ബലമില്ലെന്നല്ല മാരാര് പറയുന്നതു; മറിച്ച്, അവരുടെ നേതാവായ യുധിഷ്ഠിരന്റെ തങ്ങൾക്കു ബലമുണ്ടെന്ന ബോധമില്ലാതായി എന്നാണ്. എല്ലാവിനായും ശ്രേഷ്ഠമെന്നറിവ പ്രവർത്തിക്കാമായിരുന്ന ഭീമാർജ്ജുനാദികൾക്കൊപ്പമ ബലവുണ്ടായിട്ടും കാര്യമില്ലല്ലോ!

ഇനി മറ്റു വാദങ്ങൾ നോക്കാം. പാണ്ഡവർ ഗന്ധർവ്വരോടേറ്റു കൗരവരെ മോചിപ്പിക്കുന്ന സംഭവം നടക്കുന്നതു വനവാസത്തിലെ പന്തിരണ്ടാം വർഷമാണ്. അർജ്ജുനൻ ദിവ്യാസ്ത്രലബ്ധികൾ കൈവളരെ ശേഷം! അതുപോലെ, വനവാസകാലത്തിന്റെ പന്തിരണ്ടാം കൊല്ലത്തിൽത്തന്നെയാണ യക്ഷർക്കുത്തര സന്ദർശനം (കാമ്യകവനത്തിൽ, കൃഷ്ണന്റെ തത്തമത്ത). വനവാസത്തിലേ ഏറ്റവും പ്രയാസമേറിയ ഘട്ടത്തിലേക്ക് ("ആഹ്ളുത്തിൽ പതിമ്മൂന്നാമാണ്ടാരമ്മായിവരെയും, അതിഞാൻ പതിനമ്മയേറ്റു നിന്നും കാട്ടിൽ വസിക്കണം"—തർജ്ജമ: കഞ്ഞിക്കുട്ടൻതമ്പുരാൻ) പ്രവേശിക്കാനൊരുങ്ങുന്ന യുധിഷ്ഠിരനോടു 'ധർമ്മം പരം പാണ്ഡവ' എന്ന കൃഷ്ണനും, "നിങ്ങൾ അതിവീര്യരും, ദിവ്യമായ ഓജസ്സുള്ളവരും, നൽതോഗബലം പെരുത്തവരുമാണെന്ന്" മാർക്കണ്ഡേയനും പറയുന്നതിൽ ആശ്ചര്യപ്പെടാനെന്തിരിക്കുന്നു? (കൃഷ്ണന്റെ വിവക്ഷ മറ്റൊന്നാണെന്നും, മുനിയുടെ വാക്കുകൾ, ധർമ്മഭയബലമായ യുധിഷ്ഠിരനെ സമാശ്വസിപ്പിക്കാനായിരിക്കുന്നതെന്നും ഭാഗം 3 ൽ വിവരിക്കുന്നു). വനവാസപ്രതിജ്ഞയെ സംബന്ധിച്ചു കൃഷ്ണന്റെ മറ്റുള്ളവയെക്കുറിച്ചും നിലപാട് എന്തായിരുന്നെന്ന നോക്കാം. ഈ ആരണ്യകപർവ്വമാരാര് ശ്രദ്ധിക്കുക.

"പാണ്ഡവർ ചൂതിൽ തോറ്റ് കാട്ടുകയറിയ ഉടനെ അവരെ ചെന്നുകണ്ടാശ്വസിപ്പിക്കാൻ, മഹാവീരനായ മധുസൂദനൻ കാമ്യകവനത്തിലെത്തി. കൂടാതെ ധൃഷ്ടദ്യുമ്നന്റെ നേതൃത്വത്തിൽ പാഞ്ചാലപുത്രന്മാരും, വിരാടനും, ധൃഷ്ടകേതുവും, മഹാരഥന്മാരായ കേകയന്മാരും അവിടെയെത്തി... മധുസൂദനൻ പാണ്ഡവരെ കണ്ടുമുട്ടിയപ്പോൾ, യുദ്ധത്തിൽ ഫല്ഗുനസാദ്ധ്യരാമാകാൻ താൻ അടക്കാമെന്നും, 'അങ്ങനെയാകട്ടെ'യെന്ന കൃഷ്ണൻ മറുപടി നൽകുകയും ചെയ്തു. മാൻതോലുടുത്ത പാണ്ഡവരെക്കണ്ടു കൃഷ്ണൻ കോപത്താൽ ജ്വലിച്ചു യുധിഷ്ഠിരനോടു പറഞ്ഞു. 'ഇന്ദ്രപ്രസ്ഥത്തിൽ പാണ്ഡവരുടെ സമൃദ്ധി കണ്ടിരിക്കുന്നവരാണ് ഞാൻ. രാജസൂയത്തിന്റെ മറ്റു രാജാക്കന്മാർക്കാർക്കും ഇത്ര വലിയ ഐശ്വര്യം ലഭിക്കുകയുണ്ടായിട്ടില്ല. ...രാജോക്തന്മാർ അവിടെ, നിങ്ങളുടെ ശസ്ത്രക്കിഴി ഭയന്ന, കഷണങ്ങാന്നിച്ചു യജ്ഞാപതിവേഷകാനായി നിന്നു. ആ സമൃദ്ധിയെ അപഹരിച്ച ശത്രുവിന്റെ പ്രാണഹാനിവരുത്തി, അങ്ങേയ്ക്കു ഞാനാ തിരികെത്തരും. രാമൻ, ഭീമാർജ്ജുനന്മാർ, മാദ്രേയർ, പ്രദ്യുമ്നാംബയും രാഗ്രഹകൻ, വിരനായ ധൃഷ്ടദ്യുമ്ന, ശിശുപാലപുത്രൻ എന്നിവരുടെ സഹായത്തോടെ, ദുര്യോധനൻ, കർണ്ണൻ, ദ്രോണസൻ, സൗബലൻ, എന്നിവരെയും അവർക്കൊപ്പം എതിർത്തുവരുന്ന ഏവരെയും ഞാൻ കൊല്ലും. പിന്നെ അങ്ങ് ഹാസ്തിനപുരത്തിൽ, ഭ്രാതാക്കളോടുകൂടി ധാർത്തരാഷ്ട്രരുടെ ഐശ്വര്യം കൈയേറ്റി, ഈ ഭൂമിയടക്കി ഭരിക്കും.'

കൃഷ്ണന്റെ വാക്കുകൾ കേട്ട് ആ രാജമദ്ധ്യത്തിൽ, ധൃഷ്ടദ്യുമ്നാദികളായ വീരന്മാർ കേൾക്കെ യുധിഷ്ഠിരൻ പറഞ്ഞു. 'ഹേ ജനാർദ്ദനാ, അങ്ങയുടെ വാക്കുകൾ സത്യമെന്ന ഞാൻ കൈക്കൊള്ളുന്നു. മഹാബാഹോ, പതിമൂന്നാമത്തെ കാലാവധി തീരുമ്പോൾ എന്റെ ശത്രുക്കളെ കൂട്ടത്തോടെ നിഹനിച്ചാലും. ഹേ കേശവാ, നീ എനിക്കായി സത്യം ചെയ്യാലും. ഇങ്ങനെ വനവാസസഭയ്ക്കൊണ്ടെന്ന രാജമദ്ധ്യത്തിൽ ഞാൻ പ്രതിജ്ഞ എടുത്തിട്ടുണ്ട്.'

ധർമ്മിഷ്ഠനായ യുധിഷ്ഠിരന്റെ വാക്കുകൾ ശരിവെച്ചു ധൃഷ്ടദ്യുമ്നാദികളായ സഭ്യർ, മധുരവും സന്ദർഭോചിതവുമായ വാക്കുകളാൽ കപിതനായ കൃഷ്ണനെ ശാന്തനാക്കി." (ആരണ്യകപർവ്വം: 48)

അപ്പോൾ, വനവാസം വെടിഞ്ഞു ധാർത്തരാഷ്ട്രരോടു യുദ്ധം ചെയ്തു രാജ്യം വീണ്ടെടുക്കാമെന്നു തന്നെയാണ കൃഷ്ണൻപ്രേരണ എല്ലാ ബന്ധമിത്രങ്ങളെയുടെയും ആവശ്യം. കൗരവർക്കെതിരെ ആയുധമെടുക്കാൻ എറ്റ ശക്തമായാണ കൃഷ്ണൻ ആവശ്യപ്പെടുന്നത്. കൃഷ്ണന്റെ വാക്കുകളിലെ ഈ കനൽ അളിക്കത്തിക്കാനുള്ള ശ്രമമായാണ, യുദ്ധം ചെയ്തു രാജ്യം വീണ്ടെടുക്കാൻ, ഭീമസേനനും, ദ്രൗപദിയും വനവാസകാലുടനീളം ഇടക്കിടക്കുള്ള യുധിഷ്ഠിരനെ പ്രേരിപ്പിച്ചകൊണ്ടിരിക്കുന്നത്. യുദ്ധത്തിന് എന്തിനായിത്തിരിച്ചാലും, കൃഷ്ണൻ തങ്ങളെ സഹായിക്കാനെത്തുമെന്ന ഉത്തമവിശ്വാസം ഭീമസേനൻ എന്നും പ്രകടിപ്പിച്ചിരിന്നു. യുദ്ധത്തിൽ ധാർത്തരാഷ്ട്രരെ ഇല്ലായ്മ ചെയ്യതിനു ശേഷം വനവാസപ്രതിജ്ഞ പാലിക്കാനായി വീണ്ടും വനത്തിലേയ്ക്കു മടങ്ങാമെന്ന ഭീമൻ നിർദ്ദേശിക്കുന്നുണ്ട്. പിന്നീട്, വൃഷ്ണിപ്രഭവർ പ്രഭാസതീർത്ഥത്തിൽ പാണ്ഡവരെ സന്ദർശിച്ച വേളയിൽ, കൃഷ്ണബലരാമന്മാരുടെ ഉറയുറക്കുന്ന സാത്യകിയും ധാർത്തരാഷ്ട്രരെ ഇല്ലായ്മചെയ്തു യുധിഷ്ഠിരനെ പ്രേരിപ്പിക്കുന്നു. യുധിഷ്ഠിരന്റെ വനവാസം കഴിഞ്ഞു വരുന്നത് വരെ അദ്ദേഹത്തിന്റെ പേരിൽ അഭിമന്യു നാട്ടുവാഴട്ടെ എന്നാണ സാത്യകിയുടെ നിർദ്ദേശം. യുധിഷ്ഠിരനോടു വനവാസസാരത്തിൽ പറഞ്ഞ കാര്യങ്ങൾ അവസാനിക്കാറായപ്പോഴും കൃഷ്ണൻ ആവർത്തിക്കുന്നുണ്ട് (ആരണ്യകപർവ്വം: 180). "രാജാവേ, സഭയിൽ എടുത്ത പ്രതിജ്ഞയിൽ ഉറച്ചു നില്ക്കുന്നു അങ്ങയുടെ ഇംഗം. എന്നാൽ, ശത്രു സൈന്യത്തെ കൊന്നൊടുക്കിയ ദാശാർഹന്മാരോടൊപ്പംകൂടിയ ഹാസ്തിനപുരം അങ്ങയെ പ്രതീക്ഷിച്ചിരിക്കട്ടേ", "അങ്ങല്ലുലില്ലായയെഴങ്ങൾ തീർന്നു, നിനച്ചിട്ടും ദിക്കിൽ വസിച്ച പിന്നെ, മേന്ന വരപ്പെട്ടു സരാഷ്ട്രനാഗപുരത്തിലെത്തിടുക ശോകമെന്യേ". (തർജ്ജമ: കഞ്ഞിക്കുട്ടൻതമ്പുരാൻ). 'ഇഷ്ടമെങ്കിൽ പ്രതിജ്ഞയിൽ ഉറച്ചു നില്ക്കു'; 'മുമ്പേ പോയി തങ്ങൾ ഹാസ്തിനപുരം കീഴടക്കട്ടെ', ഇടങ്ങിയ കൃഷ്ണവചനങ്ങൾ ശ്രദ്ധിക്കുക. 'ബലമുണ്ടെന്നവെച്ച് അധർമ്മം ചെയ്യരുത്' എന്നതാണ് യുധിഷ്ഠിരന്റെ യോജിച്ച ധർമ്മോപദേശമെങ്കിൽ ധാർത്തരാഷ്ട്രരെ കീഴടക്കി രാജ്യം വീണ്ടെടുക്കാൻ കൃഷ്ണാദി മഹാരഥന്മാർ വനവാസകാലത്തിലുടനീളം ആവശ്യപ്പെട്ടുകൊണ്ടിരിക്കുമോ? എന്നാൽ എല്ലാവരുടെയും എല്ലാവിധ ശ്രമങ്ങളെ ധർമ്മരാജാവിന്റെ സത്യധർമ്മനിഷ്ഠയിൽ തട്ടിത്തകരുകയാണുണ്ടായത്.

സത്യമാണ യുധിഷ്ഠിരന്ന് ഏറ്റവും പ്രധാനം; രാജ്യത്തെക്കാളും, സഹോദരരെക്കാളുമൊക്കെ. യുധിഷ്ഠിരന്റെ സത്യധർമ്മനിഷ്ഠയെ പ്രകീർത്തിക്കാത്തവരായി ആരുമില്ല. എന്നാൽ സത്യത്തോളം തന്നെ പ്രധാനമാണല്ലോ സത്യം ചെയ്യാനിടയായ സാഹചര്യവും. ഇതു യുധിഷ്ഠിരന് അറിയായ്കയില്ല. പാണ്ഡവരുടെ ഈ വനവാസത്തിന മുമ്പ്, ഒരു സത്യപ്രതിജ്ഞയുടെ പേരിൽ അർജ്ജുനൻ പതിരണ്ടവർഷം വനവാസമനുഷ്ഠിക്കുന്നുണ്ട് (ആദിപർവ്വം: 205). അന്നു, വനവാസത്തിനിറങ്ങിപ്പെടുന്ന അനുജനെ പിന്തിരിപ്പിക്കാനായി യുധിഷ്ഠിരൻ ഉന്നയിക്കുന്ന ന്യായവാദങ്ങൾക്ക സമാനമാണ ഇപ്പോൾ, വനവാസം ത്യജിക്കാനുള്ള ഭീമന്റെയും, ദ്രൗപദിയുടെയുമൊക്കെ ഈ ന്യായങ്ങൾ. അപ്പോഴോ, ജ്യേഷ്ഠന്റെ വാക്കുകൾ ശ്രവിക്കാതെ, 'ന സത്യാദ്വിചലിഷ്യാമി'—ഞാൻ സത്യത്തിൽ നിന്നും വ്യതിചലിക്കുകയില്ല—എന്നുപറഞ്ഞു തന്റെ പ്രതിജ്ഞയിലുറച്ചുനിന്ന അർജ്ജുനന്റെ സമാനമത്രേ ഇന്ന യുധിഷ്ഠിരന്റെ പെരുമാറ്റവും. (കർണ്ണപർവ്വത്തിൽ കൃഷ്ണൻ അർജ്ജുനനെ ഉപദേശിക്കുന്നുണ്ട് (കർണ്ണപർവ്വം: 49): "സത്യം പറയുന്നവൻ നീതിമാനാണ്. സത്യത്തേക്കാൾ ഉയർന്നതായി ഒന്നുമില്ല. എന്നിരുന്നാലും, അനുഷ്ഠിതമായ സത്യത്തെ തത്ത്വവിചാരത്തോൽ മനസ്സിലാക്കക വളരെ പ്രയാസമാണ്. ചിലപ്പോൾ, സത്യം പറയാൻ പാടില്ല. മറ്റു ചിലപ്പോൾ, നുണ പറയുകയും വേണം". പ്രാണഭയം, വിവാഹം, വംശനാശം, ധനനാശം, ഇടങ്ങിയവ സംഭവിക്കുമ്പോൾ കള്ളം പറയാവുന്നതാണെന്നു കൃഷ്ണൻ ഇടർന്നു പറയുന്നു. ദ്രൗപദിയെ പണയപ്പെടുത്തിയ സന്ദർഭിക്കോർ, പിന്നീടു യുധിഷ്ഠിരൻ പശ്ചാത്തപിക്കുന്ന മഹാഭാരതസന്ദർഭം മാരാര് വിവരിച്ചിട്ടുണ്ട് ('ഭീഷ്മരുടെ ധർമ്മനിശ്ചയം'). അതേ സമയം, വനവാസസത്യപ്രതിജ്ഞയെ യുധിഷ്ഠിരൻ നെന്നും ന്യായീകരിച്ചിട്ടേയുള്ളു. എന്നാൽ, വനവാസമെന്ന വൈഷമ്യമേറിയ ജീവിതഘട്ടത്തിലൂടെ കടന്നു പോയപ്പോൾ യുധിഷ്ഠിരൻതന്നെ തന്റെയീ ധർമ്മനിഷ്ഠയെപ്പറ്റി സംശയങ്ങൾ ഉണ്ടാവുന്നതായി കാണുന്നു.

മാർക്കണ്ഡേയമുനിയുടെ രണ്ടാം സന്ദർശനവേളയിൽ, യുധിഷ്ഠിരൻ മുനിയോട് ഉന്നയിക്കുന്ന ധർമ്മപ്രശ്നങ്ങളിൽ ആദ്യത്തേതിൽ, വനവാസകാലാരംഭത്തിൽ ദ്രൗപദി ഉന്നയിച്ച ഒരു സമസ്യയുടെ പ്രതിധ്വനിയുണ്ട്. ഇതായിരുന്നു ദ്രൗപദി അന്നു യുധിഷ്ഠിരനോടു പറഞ്ഞത്:

"...അങ്ങയ്ക്ക് ആപത്തും ദുര്യോധനന്ന് ആ സമൃദ്ധിയും കണ്ടിട്ടു ഞാൻ വിധാതാവിനെ പഴിക്കുന്നു. എന്തൊരു വിഷമവീക്ഷണം! എന്താവശ്യത്തിനാണ ധാതാവ് ആ തെമ്മാടിക്ക് ആ ശ്രീയൊക്കെ കൊടുത്തത്! ചെയ്ത കർമ്മം ചെയ്തവനേശ്ശമെങ്കിൽ, ഈശ്വരനിതിൽ പാപം പറ്റിയേ കഴിയൂ. അതല്ല, കർമ്മം ചെയ്തവനേലെങ്കിൽ ബലമാണ കാര്യം; ബലമില്ലാത്തവരെച്ചൊല്ലി ഞാൻ വ്യസനിക്കുന്നു." (ആരണ്യകപർവ്വം: 31, തർജ്ജമ: മാരാര്)

കൗരവസഭയിൽ തനിക്കു നേരിട്ട അപമാനത്താലും, വനവാസത്താലും ദ്രണിതഹൃദയയായ ദ്രൗപദിയുടെ വാക്കുകളാണിവ. യുധിഷ്ഠിരൻ ഈ സമസ്യയ്ക്കു പറഞ്ഞതിപ്രകാരമാണ്.

"യാജ്ഞസേനീ, നീ വളച്ചുകെട്ടി ചന്തത്തിൽ പറഞ്ഞതു മനസ്സിലായി. പക്ഷേ, നാസ്തികത്വമാണ നീ പറയുന്നത്. ഞാൻ ധർമ്മമനുഷ്ഠിക്കുന്നത് അതിന്റെ ഫലമന്വേഷിച്ചിട്ടല്ല. കൊടുക്കേണ്ടതു കൊടുക്കുന്നു, യജിക്കേണ്ടതു യജിക്കുന്നു—അത്രമാത്രം. ധർമ്മത്തെ കറക്കവാൻ വിചാരിക്കുന്നവൻ ധർമ്മഫലം കിട്ടില്ല. 'അധികപ്രസംഗം' കൊണ്ടോ മദം കൊണ്ടോ ധർമ്മത്തെ ശങ്കിക്കുന്നവന്ന പാപമേ ഉള്ളു. പിന്നെ, ധർമ്മത്തെ ശങ്കിക്കുന്നവന്ന വേറെ പ്രമാണമെതുള്ള? ധർമ്മിഷ്ഠർ നടത്തിപ്പോന്ന ധർമ്മം നിഷ്ഫലമാണെങ്കിൽ ഈ ലോകം നിലയില്ലാത്ത ഇരുട്ടിൽ ആണ്ടു പോയേനേ—സമാധാനമില്ല. മൃഗങ്ങളെപ്പോലെ കഴിയേണ്ടിവന്നേനേ, എങ്ങും തടസ്സങ്ങളായേനേ, ഒരു കാര്യവും നേടാത്തേനെ! അതുകൊണ്ട് ധർമ്മത്തിന്ന ഫലമുണ്ടെന്നതിനെ ഉറപ്പിച്ചോള്ളൂ. പക്ഷേ, അതിന്റെ വഴി വ്യക്തമല്ല; അതു ദേവഗൂഢമാണ, ഋഷിമാർക്കറിയാം. അതിനാൽ നിന്റെ ഈ സംശയം മഞ്ഞുപോലെ മാഞ്ഞുപോകട്ടെ." (ആരണ്യകപർവ്വം: 32, തർജ്ജമ: മാരാര്)

താൻ ഫലമന്വേഷിക്കാതെ ധർമ്മമനുഷ്ഠിക്കയാണെന്ന ആത്മവിശ്വാസമാണ യുധിഷ്ഠിരൻ അന്നു പ്രകടിപ്പിച്ചത്. വനവാസത്തിന്റെ അവസാനകാലത്ത്, മുനിയുടെ രണ്ടാം വരവിൽ, നാസ്തികതയെന്നു മുമ്പ് വിശേഷിപ്പിച്ചപ്പെട്ട ദ്രൗപദിയുടെ സമസ്യ, വനവാസത്തിന്റെ കഷ്ടപ്പാടുകൾ തളർത്തിയ യുധിഷ്ഠിരന്റെ നാവിൽ നിന്നതന്നെ, മറ്റു വാക്കുകളിൽ പുറത്തുചാടി.

"എന്റെ സുഖച്യുതിയും, ദുർവൃത്തനായ ധാർത്തരാഷ്ട്രന്റെ അഭിവൃദ്ധിയും കാണമ്പോൾ, എനിക്കിപ്രകാരം ബുദ്ധിയിൽ തോന്നുന്നു. നല്ലതും തീയതുമായ കർമ്മങ്ങൾ ചെയ്യുന്നതു മനഷ്യൻ! അതിന്റെ ഫലം മനഭവിക്കുന്നതും അവൻ തന്നെ. ഇവിടെ ഈശ്വരനെന്തു പ്രവർത്തിക്കുന്നു? സുഖദുഃഖങ്ങൾ മനുഷ്യൻ ഇഹലോകത്തിലോ പരമോകത്തിലോ അനഭവിക്കുക?" (ആരണ്യകപർവ്വം: 181)

ഫലമിച്ഛിക്കാതെ ധർമ്മമനുഷ്ഠിക്കണമെന്നു, മുമ്പു പദേശിച്ച യുധിഷ്ഠിരൻ, തനിക്കു ദുഃസ്ഥിതിയിൽ, ദുര്യോധനന്ന് അഭിവൃദ്ധിയുമുണ്ടായ തന്റെ കർമ്മഫലം മൂലമെന്നരീതിയിൽ പ്രവൃത്തിച്ചു കാണുമ്പോൾ, തന്റെ ധർമ്മനിഷ്ഠയിൽ യുധിഷ്ഠിരൻ ശങ്കയുടലെടുത്തതായി കാണാം. കഷ്ടപ്പാടുകളുടെ ഫലമായി ഇത്തരം ശങ്കകൾ ഉണ്ടാവാതിരിക്കട്ടെ എന്നു മാർക്കണ്ഡേയമുനി തന്നെ യുധിഷ്ഠിരനോടു പറയുന്നുണ്ട്.

---

1. 'ഭാരതപര്യടനം', കുട്ടികൃഷ്ണമാരാര് (1950).
2. 'നേശേ ബലസ്യേതി ചരേദധർമ്മം', എം. ലീലാവതി, ഭാഷാപോഷിണി, 5 (2002).
3. 'സത്യ-ധർമ്മദർശനം ഇതിഹാസങ്ങളിൽ', എം. ലീലാവതി (2014).
4. 'Mahabharata-Critical Edition', The Bhandarkar Oriental Research Institute (BORI), Pune, www.sanskritdocuments.org/mirrors/mahabharata/mahabharata-bori.html (1919–1966).
5. 'ശ്രീമഹാഭാരതം', കൊടുങ്ങല്ലൂർ കഞ്ഞിക്കുട്ടൻതമ്പുരാൻ (1906); സാഹിത്യ പ്രവർത്തക സഹകരണ സംഘം edition (1965).
6. 'The Mahabharata', Kisari Mohan Ganguli, www.sacred-texts.com/hin/maha/ (1883-1896).
7. 'The Mahabharata', J. A. B. van Buitenen, University of Chicago Press, (1973-1978).
8. 'The Mahabharata', Bibek Debroy, Penguin India (2010).
9. 'ധർമ്മജിജ്ഞാസ', വി. വി. ഗോവിന്ദൻനായർ (2015).

## 3 ചൂതിൽ ഭ്രമിച്ച കരൾ കെട്ടെന്നു ഞാനിതു ചെയ്യുവാൻ!

'രാജ്യം വാഴുക സ്വധർമ്മമായിട്ടുള്ള യുധിഷ്ഠിരൻ ചൂതുകളിക്കമ്പംമൂലം അതെല്ലാം കളഞ്ഞുകളിച്ച് ഭാര്യാസഹോദരന്മാരോടുകൂടിപോന്ന കാട്ടിൽ തപസ്വിമാരുടെ ഇടയിൽ കൂടിയതു കണ്ടിട്ട് മഹർഷി ചിരിച്ച ചിരി' എന്ന മാരാര് പറഞ്ഞതിനാണ് അടുത്ത വിമർശം. 'ചൂതുകളിക്കമ്പംകൊണ്ട് എല്ലാം കളഞ്ഞുകളിച്ച്' എന്നതു തെറ്റായ പ്രയോഗമാണത്രേ. ഋഷിമാരോ, വിദുരരോ, കൃഷ്ണനോ അങ്ങനെ വിശേഷിപ്പിക്കുന്നില്ലത്രേ. യുദ്ധാഹ്വാനം പോലെ ക്ഷത്രിയർക്കു നിരസിക്കാനാവാത്തതാണ് പോലും ദ്യൂതാഹ്വാനം. കൂടാതെ, ആഹ്വാനമായിട്ടല്ല ധൃതരാഷ്ട്രാജ്ഞയായിട്ടാണ് വിളിവന്നത്. അതുകൊണ്ട് ആജ്ഞ അനുസരിച്ചയാളെ 'കമ്പ'ക്കാരനെന്നു വിളിക്കാൻ പാടില്ല. പിന്നെ, ആൾ പണയങ്ങൾ ലോഭബദ്ധമായ 'കമ്പ'മല്ല മറിച്ച് ഉന്മത്തമനസ്സിന്റെ 'പ്രകമ്പ'മാണത്രേ. ഭയമുണ്ടെങ്കിൽ പിന്മാറാനനുവദിച്ച ശകുനിയുടെ 'നന്മ'സിനെ' അഭിമാനപ്രശ്നമായതുകൊണ്ടാണത്രേ യുധിഷ്ഠിരൻ കണ്ടില്ലെന്നു നടിച്ചത്. അതുപോലെ രണ്ടാം ദ്യൂതം, കളികൊണ്ടു നഷ്ടപ്പെട്ടതിനെ കളികൊണ്ടുതന്നെ വീണ്ടെടുക്കാനുള്ള ശ്രമമത്രേ. അതിനാൽ അതും യുധിഷ്ഠിരന്റെ പമ്പരവിഡ്ഢിത്തമായോ, കളിക്കമ്പമായോ കാണാൻ പ്രയാസമാണ്. ഇങ്ങനെ പോകുന്നു വാദങ്ങൾ.

'കൗരവരുടെ ദുഷ്ടത സഹിച്ച, മനുഷ്യവ്യാഘ്രങ്ങളായ കുന്തീപുത്രരും, മാദ്രീപുത്രരും, ചൂതുകളിയെന്ന ദുശ്ശീലത്തിനടിപ്പെട്ട യുധിഷ്ഠിരനെ പിന്തുടർന്നതെന്തിന്?' എന്ന ചോദ്യം മഹാഭാരതത്തിന്റെ ആരംഭത്തിൽ തന്നെ ഉയരുന്നുണ്ട് (ജനമേജയൻ വൈശമ്പായനോട്: ആദിപർവ്വം: 56). യുധിഷ്ഠിരന്റെ ചൂതുകളിക്കമ്പവും, യുധിഷ്ഠിരസഹോദരരുടെ ബലവുമാണല്ലോ ഇവിടെ പരാമർശിതം.

ഇനി, മഹാഭാരതയുദ്ധത്തിന്റെ മൂലകാരണമായ ഈ ദ്യൂതത്തിന്റെ ഉടക്കം എപ്രകാരമായിരുന്നെന്ന നോക്കാം. ഖാണ്ഡവപ്രസ്ഥത്തിൽ മയസഭപണിതു രാജസൂയവും കഴിച്ച സാമ്രാജ്യശസ്സു നേടി വിരാജിക്കുന്ന പാണ്ഡവരുടെ ഉല്ലർഷം കണ്ടസൂയപൂണ്ട ദുര്യോധനൻ ഏതു വിധേനയും അവരുടെ ഐശ്വര്യം തട്ടിയെടുക്കാൻ മാർഗ്ഗമാരായുമ്പോൾ ശകുനി പറയുന്നു.

"യുധിഷ്ഠിരനു ചൂതുകളിക്കമ്പമുണ്ട് ('ദ്യൂതപ്രിയ' എന്ന മൂലം). കളിക്കാനൊട്ടറിഞ്ഞുകൂടാ. ആ ചക്രവർത്തി ചൂതിനു വിളിച്ചാൽ ഒഴിഞ്ഞു മാറില്ല. ഞാനാകട്ടേ, ചൂതുകളിയിൽ വിരുതനാണ്, എനിക്കു കിടനിൽക്കാൻ മൂന്നു ലോകത്തിലും ആരുമില്ല, നീ യുധിഷ്ഠിരനെ ചൂതിനു വിളിക്കുക; ഞാനദ്ദേഹത്തിന്റെ രാജ്യവും ശ്രീയുമെല്ലാം നിനക്കു വാങ്ങിത്തരാം, തീർച്ച." (സഭാപർവ്വം: 45, തർജ്ജമ: മാരാര്)

യുദ്ധാഹ്വാനം പോലെ ഒഴിഞ്ഞു മാറാൻ പറ്റാത്തതാണ് ക്ഷത്രിയനു ദ്യൂതമെങ്കിൽ, യുധിഷ്ഠിരൻ ഒഴിഞ്ഞു മാറില്ല എന്ന എടുത്തു പറയേണ്ട കാര്യമില്ലല്ലോ. യുധിഷ്ഠിരന്റെ ചൂതുകളിക്കമ്പത്തെ കൃത്യമായി മനസ്സിലാക്കിയിരുന്നു ശകുനി. ശകുനിയുടെ ഏതെങ്കിലും നിഗമനം തെറ്റായിരുന്നെങ്കിൽ ദുര്യോധനൻ വലിയ വില കൊടുക്കേണ്ടി വന്നേനേ. കാരണം ആ വാക്കുകളിൽ വിശ്വാസമർപ്പിച്ചാണ് ധൃതരാഷ്ട്രരെ കഷ്ടപ്പെട്ടു സമ്മതിപ്പിച്ച് "സഹസ്രം ത്തുണൊത്ത പൊൻതരചിത്രം; ശതദ്വാരം സ്ഫടികക്കോട്ടയോട്ടം, വിളിപ്പാടാം ദീർഘവിസ്താരമോട്ടും (തർജ്ജമ: കുഞ്ഞിക്കുട്ടൻതമ്പുരാൻ)", ദ്യൂതസഭ പണിയുകയും, യുധിഷ്ഠിരനെ ദ്യൂതിനു ക്ഷണിക്കാനായി വിദുരരെ പറഞ്ഞയക്കുകയും ചെയ്തത്. വിദുരരുടെ ക്ഷണമിപ്രകാരമാണ്.

വിദുരർ പറഞ്ഞു: " '(ധൃതരാഷ്ട്രവചനം)... രാജാവേ, നിന്റെ സഹോദരന്മാരോടൊപ്പം, ആ പുതുമാളികയിൽ രസിക്കുക, ഒപ്പം ഒരു സൗഹൃദദ്യൂതിനിരിക്കുകയും ചെയ്യുക. കരുക്കൾ ഇതിനകം അവിടെയെത്തിയിരിക്കും. നിങ്ങൾ കൂടി പോയാൽ ഞങ്ങൾക്കു സന്തോഷമാവും.' ഒപ്പം മഹാത്മാവായ ധൃതരാഷ്ട്രർ ചൂതിനായി ഇതിനകം കൊണ്ടുവന്ന ചൂതാട്ടക്കാരെയും, ചൂതിനായി വലവിരിക്കുന്ന വഞ്ചകരെയും നിങ്ങൾക്ക് അവിടെ കാണാനാകും. രാജാവേ, ഈ ക്ഷണത്തിനായി ഞാൻ ഇവിടെ വന്നിരിക്കുന്നു, സ്വീകരിക്കൂ."

യുധിഷ്ഠിരൻ പറഞ്ഞു: "ക്ഷത്താവേ, ചൂതുകളിയ്ക്കുന്നാൽ കലഹമുണ്ടാകാനിടയുണ്ട്. ഇതെല്ലാം അറിഞ്ഞുകൊണ്ട് ആരാണ് ചൂതാട്ടത്തിനു സമ്മതിക്കുക? ഞങ്ങൾക്ക് എന്താണ് അനുയോജ്യമെന്നു താങ്കൾ കരുതുന്നു? ഞങ്ങൾ താങ്കളുടെ ഉപദേശത്തെ അനുസരിക്കാം."

വിദുരർ പറഞ്ഞു: "ചൂതാട്ടം അനർത്ഥത്തിന്റെ മൂലകാരണമാണെന്നെനിക്കറിയാം, അതിൽനിന്നു രാജാവിനെ പിന്തിരിപ്പിക്കാൻ ഞാൻ പരിശ്രമിച്ചിരുന്നു. എന്നിരുന്നാലും, രാജാവു എന്നെ നിന്റെ അടുക്കൽ അയച്ചിരിക്കുന്നു. ഇതെല്ലാം അറിഞ്ഞുകൊണ്ടു വിദ്വാനായവനേ, ഉചിതമായതു ചെയ്യുക." യുധിഷ്ഠിരൻ പറഞ്ഞു: "ധൃതരാഷ്ട്രപുത്രന്മാരെ കൂടാതെ, വേറെ ഏതു ചൂതാട്ടക്കാരാണ് കളിക്കാനായി വന്നിട്ടുള്ളത്? പറയുക വിദുര, അവർ ആരെന്നും, ആരോടൊപ്പം ഞങ്ങൾക്കു നൂറുകണക്കിനു സ്വത്തുക്കൾ പണയംവെച്ചു കളിക്കേണ്ടിവരുമെന്നും?"

വിദുരർ പറഞ്ഞു: "രാജാവേ, ഗാന്ധാരരാജാവായ ശകുനി പ്രഗത്ഭനും, ചൂതിൽ കൃതഹസ്തനുമാണ്; കൂടാതെ വിവിംശതി, ചിത്രസേനൻ രാജാവ്, സത്യവ്രതൻ, പുരുമിത്രൻ, ജയൻ ഇടങ്ങിയവരുമുണ്ട്."

യുധിഷ്ഠിരൻ പറഞ്ഞു: "അപ്പോൾ, ഏറ്റവും ഭയങ്കരരും ഉകളിക്കാരും വഞ്ചനയെ ആശ്രയിച്ചു കളിക്കുന്നവരും അവിടെയുണ്ട്. എന്നിരുന്നാലും, ഈ പ്രപഞ്ചം സ്രഷ്ടാവിന്റെ ഇച്ഛപ്രകാരമാണു നടക്കുന്നത്, വിധിയുടെ നിയന്ത്രണത്തിലും. ഇതു സ്വതന്ത്രമല്ല. ധൃതരാഷ്ട്രാജാവിന്റെ കല്പനപ്രകാരം ചൂതാട്ടത്തിൽ ഏർപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മകനു പ്രയോജനമുള്ളതെന്തെന്നു പിതാവ് എപ്പോഴും അറിയുന്നു. വിദുര, താങ്കളാണ് ഞങ്ങളുടെ ആശ്രയം. ഞങ്ങൾക്ക് അനുയോജ്യമായത് എന്താണെന്ന് എന്നോടു പറയുക. ശകുനിയുമായി കളിക്കാൻ എനിക്ക് ഇച്ഛയില്ല. വിളിക്കപ്പെട്ടില്ലെങ്കിൽ ഞാൻ സഭയിലേക്കു ചെല്ലുകയില്ല. എന്നെ വെല്ലുവിളിച്ചാൽ ഞാൻ ഒരിക്കലും പിന്മാറുകയുമില്ല. ഇതെന്റെ ദൃഢവ്രതമാണ്." (സഭാപർവ്വം: 52)

ധൃതരാഷ്ട്രർ സൗഹൃദച്ചൂതിനായാണ് ക്ഷണിക്കുന്നത്. ഇവിടെ യുദ്ധാഹ്വാനം പോലുള്ള ദ്യൂതാഹ്വാനമോ, ആജ്ഞയോ കാണാൻ കഴിയില്ല. "ധൃതരാഷ്ട്രരാജാവിന്റെ കല്പനപ്രകാരം ചൂതാട്ടത്തിൽ ഏർപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നില്ല" എന്നും യുധിഷ്ഠിരൻ പറയുന്നുണ്ട്. വിദുരർ ചൂതിന്റെ ദുഷ്യവശം കൃത്യമായി എടുത്തുകാട്ടുന്നുമുണ്ട് (വാരണാവതത്തിൽ ഒളിഞ്ഞിരിക്കുന്ന അപകടത്തെക്കുറിച്ച് യുധിഷ്ഠിരനു സൂചനകൾ നൽകിയ വിദുരർ സമാനസൂചനകൾ ദ്യൂതത്തെക്കുറിച്ചും നൽകുന്നതായി കാണാം). "ചൂതുകളിക്കിടന്നാൽ കലഹമുണ്ടാവാനിടയുണ്ട്. ഇതെല്ലാം അറിഞ്ഞുകൊണ്ട് ആരാണ് ചൂതാട്ടത്തിനു സമ്മതിക്കുക" എന്ന വിവേകബുദ്ധിയോടെ സംസാരിച്ചു തുടങ്ങുന്ന യുധിഷ്ഠിരൻ, പതുക്കെപ്പതുക്കെ, ദ്യൂതത്തിന്റെ വിശദാംശങ്ങൾ അറിയാൻ കാട്ടുന്ന ആകാംക്ഷയും, സ്വത്തുക്കൾ പണയം വയ്ക്കുന്നതിനെപ്പറ്റി പരാമർശിക്കുന്നതും, വഞ്ചകരായ ചൂതാട്ടക്കാരുടെ സഭയിലുള്ളതെന്നു മനസ്സിലായിട്ടും, കളിക്കായി തയ്യാറാവുന്നതും ഒരു ചൂതുകളിക്കമ്പക്കാരന്റെ വശംവദലാവലാണു വെളിവാക്കുന്നത്. വിവേചനപൂർവ്വം തീരുമാനമെടുക്കാനുള്ള വിദുരരുടെ ഉപദേശമുണ്ടായിട്ടും, തന്റെ ഈ വ്യക്തിദൗർബ്ബല്യത്തെ വിധിയുടെ മേൽ പഴിചാരി, അനിർവാര്യമായ നാശത്തിലേക്കു നടന്നടുക്കുവാനാണു യുധിഷ്ഠിരൻ തീരുമാനിക്കുന്നത്. 'ഉജ്ജ്വലതേജസ്സോടെ മുന്നിൽ വീഴുന്ന വസ്തു കണ്ണിനെ എന്നതുപോലെ, വിധി നമ്മെ ബുദ്ധിശൂന്യരാക്കുന്നു. മനുഷ്യൻ കയറുകൊണ്ടു കെട്ടപ്പെട്ടതുപോലെ, ധാതാവിന്റെ നിയന്ത്രണത്തിനു കീഴടങ്ങുന്നു' എന്നു പറഞ്ഞു ധൃതരാഷ്ട്രരുടെ ക്ഷണത്തെപ്പറ്റി കൂടുതൽ ചിന്തിക്കാതെ ക്ഷത്താവിനൊപ്പം യാത്രയായി, എന്നാണു യുധിഷ്ഠിരന്റെ ചൂതുകളിപ്പുറപ്പാടിനെ വിവരിച്ചിരിക്കുന്നത്. 'വിധി ആണു ബലവാൻ, എല്ലാം വിധിയുടെ പാട്ടിലാണ്' എന്നു പറഞ്ഞാണു യുധിഷ്ഠിരൻ ശകുനിയുമായി ചൂതുകളിക്കാനിരിക്കുന്നതും. അതുപോലെ, പുനർദ്യൂതത്തിനുള്ള ക്ഷണം വന്നപ്പോൾ യുധിഷ്ഠിരൻ പറയുന്നതിപ്രകാരമാണ്: 'ധാതാവിന്റെ നിയോഗപ്രകാരം ജീവജാലങ്ങൾ നല്ലതും ദോഷകരവുമായ ഫലങ്ങൾ അനുഭവിക്കുന്നു. കളിച്ചാലുമില്ലെങ്കിലും അതിൽ നിന്നൊഴിഞ്ഞു മാറാൻ കഴിയില്ല.'

വിദുരർ മുമ്പ് ചൂതുകളിയുടെ ആപത്തു ചൂണ്ടിക്കാണിച്ചപ്പോൾ, അതു തടുക്കാതെ ധൃതരാഷ്ട്രർ ഒഴിഞ്ഞു മാറിയതും ഇപ്രകാരം തന്നെയാണ്. 'ധാതാവു വിധിച്ചതിന്റെ പാട്ടിലാണല്ലോ ഈ ലോകം മുഴുവൻ, സ്വതന്ത്രമല്ലല്ലോ'. വിധിയുടെ മറതേടി, ചൂതുകളിയുമായി മുമ്പോട്ടുപോകാൻ ധൃതരാഷ്ട്രരെ പ്രേരിപ്പിച്ച വ്യക്തിദൗർബ്ബല്യം അമിതപുത്രസ്നേഹമാണെങ്കിൽ, യുധിഷ്ഠിരനെ നയിച്ചതു ചൂതുകളിക്കമ്പമത്രേ. തനിക്കു രാജ്യലോഭവുമുണ്ടായിരുന്നെന്നു യുധിഷ്ഠിരൻ പറയുന്നുണ്ട്. (യുധിഷ്ഠിരന്റെ ചൂതുകളിക്കമ്പവും രാജ്യലോഭവും തമ്മിലുള്ള ബന്ധം ഈ ലേഖനത്തിന്റെ ഉപസംഹാരത്തിൽ വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്.) പിന്നീട് ധൃതരാഷ്ട്രരെപ്പോലെ യുധിഷ്ഠിരനും തന്റെ പ്രവൃത്തിയോർത്തു പരിതപിക്കുന്നു. യുധിഷ്ഠിരന്റെ വനവാസകാലത്ത് ഭീമസേനനോടു പറയുന്നു,

"എന്റെ നയക്കേടുകൊണ്ടാണു നിങ്ങൾക്ക് ഈ വ്യസനം വന്നത്. ദുര്യോധനനിൽ നിന്നു രാജ്യം നേടാമെന്നുവെച്ചാണു ഞാൻ ചൂതുകളിക്കു പുറപ്പെട്ടത്. ("അഹം ഹ്യക്ഷാനന്വപദ്യം ജിഹീർഷഃ രാജ്യം സരാഷ്ട്രം ധൃതരാഷ്ട്രസ്യ പുത്രാത്"—ധൃതരാഷ്ട്രപുത്രനിൽ നിന്നു, രാജ്യം പരമാധികാരത്തോടെ കൈവശപ്പെടുത്താമെന്നു വെച്ചാണു ഞാൻ ചൂതുകളിക്കു പുറപ്പെട്ടത്—എന്നു മൂലം). പക്ഷേ, ശഠനായ ശകുനിയാണ് എന്നോടു നേരിട്ടത്. പകിടകൾ ശകുനി കാണുകെ മലർത്തി തിരിയുന്നതു കണ്ട് എനിക്കൊഴിയാമായിരുന്നു. എന്നാൽ ക്രുദ്ധനായ മനുഷ്യന്റെ ധൈര്യം കെടുത്തുന്നു (തർജ്ജമ: മാരാർ). പൗരുഷം, അഭിമാനബോധം, വീര്യം; ഇവയാൽ ബന്ധിതമായ മനസ്സിനെ നിയന്ത്രിക്കാൻ കഴിയില്ല... നക്ഷേ്ക്ക് ഈ സംഭവിച്ചവയൊക്കെ വിധിനിശ്ചിതമെന്നു ഞാൻ കരുതുന്നു." (ആരണ്യകപർവ്വം: 35)

അതിനാൽ, ചൂതുകളിക്കുള്ള ക്ഷണം മുതൽ, ചൂതുകളിയുടെ ഓരോ ഘട്ടത്തിലും—പണയം നിർണ്ണയിക്കുന്നതുൾപ്പെടെ—സ്വന്തം വിവേചനബുദ്ധിയാൽ തീരുമാനമെടുക്കാൻ സ്വതന്ത്രനായിരുന്നു യുധിഷ്ഠിരൻ. ('സ്വേച്ഛയാ' എന്ന ഭീഷ്മർ വിശേഷിപ്പിക്കുന്നതു വഴിയേ കാണാം—ഭാഗം 5). എന്നാൽ വ്യക്തിദൗർബ്ബല്യങ്ങളുടെ വിലങ്ങുകൾ അദ്ദേഹത്തിന്റെ സ്വാതന്ത്ര്യം ഹനിച്ചു.

ഇപ്രകാരം അസ്വതന്ത്രനായ ഒരുവന്റെ സത്യവാക്കിനെക്കുറിച്ച് മാരാര് പറയുന്നു. "ഒരാൾ അന്യരുടെയും തന്റെയും പ്രിയഹിതങ്ങളോർത്തു പറഞ്ഞ വാക്കു സത്യമാണ്. ഏതെങ്കിലും വികാരാവേശത്തിനടിപെട്ടു പറഞ്ഞുകളഞ്ഞവാക്കു സത്യം തന്നെ—പക്ഷേ, രജസ്സും തമസ്സും തമ്മിൽ ധ്രുവാന്തരമുണ്ട്. ഇവയിലേതാണ് ഇവിടത്തെ സത്യങ്ങൾ? രണ്ടാമത്തേതാണെന്നു പ്രകൃതമായ യുധിഷ്ഠിരകഥ തെളിയിക്കുന്നു. താൻ ചൂതുകളിക്കമ്പവും രാജ്യലോഭവും മൂലം ഏറ്റു പറഞ്ഞ ഒരു വാക്കാണ് അദ്ദേഹത്തിന്റെ ഈ വനവാസപ്രതിജ്ഞ എന്നു സുഷ്ടമാണ്."

അടുത്തതായി, യുധിഷ്ഠിരന്റെ ദ്യൂതസംരംഭത്തെ മറ്റുള്ളവർ എങ്ങനെ നോക്കിക്കണ്ടു എന്നു പരിശോധിക്കാം.

കതസഭയിൽ അപമാനിതയായ ദ്രൗപദി, യുധിഷ്ഠിരൻ തന്നെ അടിമപ്പെടുത്തിയതു ധർമ്മമോ അധർമ്മമോ, എന്ന വിധിക്കാൻ സഭാശ്രേഷ്ഠന്മാരോടു പേർത്തുംപേർത്തും അപേക്ഷിക്കുമ്പോൾ, സഭയിലുയർന്നൊരു സ്വരമുണ്ട്; ദുര്യോധനസഹോദരനായ വികർണ്ണന്റെ. "സദസ്യരിൽനിന്നു ഒരു വികർണ്ണനെങ്കിലും ധർമ്മമെന്തെന്നു പറയാനുണ്ടായല്ലോ എന്നോ്ഗ്രം (വിദുരർ) അഭിനന്ദിക്കുകയും, വികർണ്ണന്റെ അഭിപ്രായം ഒന്നിച്ച് ഏറ്റുപറയണമെന്നു സദസ്യരോട് അഭ്യർത്ഥിക്കുകയും ചെയ്യു" എന്നു ലീലാവതി പ്രകീർത്തിക്കുന്ന വികർണ്ണന്റെ അഭിപ്രായമെന്തെന്നു നോക്കാം.

> "വ്യസനങ്ങൾ നൃപന്മാർക്ക്
> നാലുണ്ടല്ലോ നരേന്ദ്രരേ!
> നായാട്ടു കടി ചൂതാട്ടം
> സ്ത്രീയിലുള്ളതിസക്തിയും.
> ഇവയിൽ സക്തനാം മർത്ത്യൻ
> ധർമ്മം കൈവിട്ടു നിന്നിടും
> അമ്മട്ടുള്ളോൻ ചെയ്യു കൃത്യം
> ചെയ്യതായ് വെച്ചിടാ ജനം.
> എന്നാലിപ്പാണ്ഡവൻ പാരം
> വ്യസനത്തിലമർന്നവൻ
> ചൂതാട്ടക്കാർ വിളിച്ചിട്ടു
> പണയംവെച്ചു കൃഷ്ണയെ.
> മാന്യയാമിവളോ സർവ്വ-
> പാണ്ഡവർക്കും സമാനയാം
> താൻ മുൻപടിമയായ് പിന്നെ-
> പ്പണയംവെച്ചു പാണ്ഡവൻ.
> പണയത്തിന്നോതിനാനി-
> ക്കൃഷ്ണയെസ്സുബലാത്മജൻ
> ഇതൊക്കെയോർത്തിട്ടെൻപക്ഷം
> നേടീട്ടില്ലീഹ കൃഷ്ണയെ."
> (സഭാപർവ്വം: 61, തർജ്ജമ: കുഞ്ഞിക്കുട്ടൻതമ്പുരാൻ)

യുധിഷ്ഠിരനെ വിശദമായി അടയാളപ്പെടുത്തിയിരിക്കുന്നു വികർണ്ണൻ. വ്യസന(ദോഷ)ങ്ങൾക്ക് അടിമയായവനെ 'കമ്പ'ക്കാരൻ എന്നു മാത്രമല്ലേ മാരാര് വിളിച്ചുള്ളൂ. വികർണ്ണനാകട്ടേ ഏതൊക്കെ സംജ്ഞകളാണു യുധിഷ്ഠിരനു ചാർത്തിയിരിക്കുന്നതെന്നു നോക്കൂ!

ഇനി, കൃഷ്ണനെന്താണു പറയുന്നതെന്നു നോക്കാം. പാണ്ഡവരുടെ വനപ്രവേശവേളയിൽ ധർമ്മപുത്രരെ കാണാനെത്തിയ കൃഷ്ണൻ, താനവിടുണ്ടായിരുന്നെങ്കിൽ ധൃതരാഷ്ട്രരോടു ചൂതിന്റെ ദോഷങ്ങൾ ചൊല്ലി ആ ദ്യൂതം തടഞ്ഞേനേ, എന്നുപറഞ്ഞുതന്നു.

> "...ഇതിനാൽ വൈരസേനികം
> രാജ്യം പോയിതു മുന്നമേ.
> ചൂതിൽചിന്തിച്ചകൂടാത്ത
> നാശം പറ്റും ധരാപതേ!
> വാശിയുണ്ടാം ചൂതിന്നെന്ന-
> മോതിയേനേ ശരിക്കു ഞാൻ.
> സ്ത്രീ ചൂതാട്ടം വേട്ട കടി-
> യെന്നിതോ കാമസംഭവം
> വ്യസനംതാനെന്നു ചൊൽവു
> ശ്രീ നശിപ്പു നരർക്കിതിൽ.
> ഇതിലൊക്കെക്കണ്ടിട്ടെന്നു
> ദോഷം ശാസ്ത്രജ്ഞരായവർ
> വിശേഷിച്ചും ചൂതിലുണ്ടു
> കാണ്മൂ ദോഷം വിചക്ഷണർ.
> ഇതൊറ്റനാൾകൊണ്ടർത്ഥങ്ങൾ
> കെടുക്കും വ്യസനം പരം
> അഭുക്തനാശമർത്ഥങ്ങൾ-
> ക്കേറ്റം വാക്പരുഷത്വവും
> ഇവയും മറ്റപലളു-
> മനർത്ഥം ചൂതിൽ വാശിയാൽ
> പറ്റുമെന്നംബികാപുത്ര-
> നോടു ഞാൻ വീര, ചൊല്ലിടും."
> (ആരണ്യകപർവ്വം: 14, തർജ്ജമ: കുഞ്ഞിക്കുട്ടൻതമ്പുരാൻ)

പതിമൂന്നുവർഷം വനവാസത്തിനും, ഒരുവർഷം അജ്ഞാതവാസത്തിനും വിധിക്കപ്പെട്ട ദുഃഖാർത്തനായിരിക്കുന്ന തന്റെ ജ്യേഷ്ഠഭ്രാതാവിനെ, നേരിട്ടു കുറ്റം പറയാതെ അന്യാപദേശത്തിലൂടെ തെറ്റ് കാണിച്ചുകൊടുക്കുകയല്ലേ കൃഷ്ണനിവിടെ ചെയ്യുന്നത്? അല്ലെങ്കിൽ, ചൂതാട്ടത്തിന്റെ ദുർവ്യശങ്ങളെപ്പറ്റി ഇതു നിങ്ങ ഒരു പ്രഭാഷണം ദ്വൈപവാസത്തിൽ മായിരിക്കുന്ന ഒരുവന്റെ മുന്നിൽ നടത്താൻ വേണ്ടതു ന്യായം? വൈരസേനിയിൽ (നളൻ) ചൂതുകളിയിലൂടെ രാജ്യം പോയ കഥയിൽ നിന്ന് ആരാണു പാഠമുൾക്കൊള്ളേണ്ടതു? രാജാവ് വർജ്ജിക്കേണ്ട ചതുർദോഷങ്ങൾ വികർണ്ണനെപ്പോലെ, കൃഷ്ണനും (രാജധർമ്മാനുശാസനപർവ്വത്തിൽ ഭീഷ്മരും) എടുത്തു പറയുന്നുണ്ട്.

പിന്നീട്, ഭാരതയുദ്ധത്തിന്റെ പതിനെട്ടാം ദിവസം, പാണ്ഡവരിൽ നിന്നു ദുര്യോധനന്ന് ഇഷ്ടമുള്ളയാളെ ദ്വന്ദ്വയുദ്ധത്തിനായി തിരഞ്ഞെടുക്കാൻ യുധിഷ്ഠിരൻ അനവദിച്ചതിനെ കറ്റപ്പെടുത്തമ്പോൾ, പഴയ ചൂതുകളിയുടെകാര്യവും കൃഷ്ണൻ എടുത്തിടുന്നുണ്ട്. "താങ്കൾ പണ്ടു ശകുനിയുമായി, ഹീനമായൊരു ഭാഗ്യപരീക്ഷണത്തിന് അനവദിച്ചതുപോലെ, ഇപ്പോൾ വീണ്ടും ഉതിനവദിച്ചു" (ശല്യപർവ്വം: 32). ഈ രണ്ടു ഭാഗ്യപരീക്ഷണങ്ങളും യുധിഷ്ഠിരന്റെ തീരുമാനമാണെന്നല്ലേ കൃഷ്ണൻ പറയുന്നത്.

ചതുർദോഷങ്ങളായ സ്ത്രീയിലുള്ള ആസക്തി, ചൂതാട്ടം, വേട്ട, കടി എന്നിവയെ കാമജന്യദോഷങ്ങളെന്നാണു മഹാഭാരതത്തിൽ പറയുന്നത്. ബാധിച്ചു കഴിഞ്ഞാൽ, കമ്പമാണോ, ലീലാവതി പറയുന്ന പ്രകമ്പമാണോ എന്നൊന്നും പറയാനാവില്ല. നളനെ ബാധിച്ച 'കലി'യും മറ്റെന്തിനെയാണു സൂചിപ്പിക്കുന്നതു? അളവില കാണാത്ത ഭ്രംശഭാവങ്ങൾ മറ്റുള്ളവരിലാതിൽ ദർശിക്കാം. ഈയൊരവിശ്വസനീയതയാണു ദ്രൗപദിയുടെയും ഭീമസേനന്റെയും വാക്കുകളിൽ നിഴലിക്കുന്നത്.

"ഏതു രാജകുമാരനാണു തന്റെ ഭാര്യയെ പണയം വെച്ചു കളിക്കുക. മൂഢനായ ഈ രാജാവ് ചൂതുകളിയിൽ മത്തനായിരിക്കുന്നു. അല്ലെങ്കിൽ, മറ്റേതെങ്കിലും പണയവസ്തു കണ്ടെത്തുമായിരുന്നില്ലേ?" എന്നു ദ്രൗപദിയും: "നാട്ടിൽ ചൂതുകളിക്കാർക്കൊക്കെ പെണ്ണുങ്ങളുണ്ട്, ആ കലടകളെപ്പോലും അവർ പണയം വെച്ചു കളിക്കാറില്ല. അവരിൽ അവർക്കു ദയയുണ്ട്" എന്നു ഭീമസേനനും പറയുന്നു (സഭാപർവ്വം: 60). സ്വന്തം ഭാര്യയെ വരെ പണയപ്പെടുത്താൻ മടിയ്ക്കാത്ത ഈ കളിഭ്രാന്ത് ഇവരെ അമ്പരിപ്പിക്കുന്നു.

പിന്നീടു വനവാസകാലത്ത്, "അശ്വമേധം, പുണ്ഡരീകം, രാജസൂയം, ഗോസവം; ദക്ഷിണകളേറെയാവശ്യമായ മഹായജ്ഞങ്ങൾ, രാജാവേ അങ്ങു നടത്തി. എന്നിട്ടും, ബുദ്ധിവിഭ്രാന്തിപിടിപെട്ട് അങ്ങ്, ചൂതിൽ തോറ്റു നേരം, രാജ്യവും, ധനവും, ശസ്ത്രവും, സഹോദരന്മാരെയും ഈയെന്നെയും പണയം വെച്ചില്ലേ? സൗമ്യനും, ദയാശീലനും, വിശാലമനസ്കനും, വിനീതനും, സത്യവാദിയുമായ അങ്ങേയ് എങ്ങനെ ഈ ചൂതുകളിഭ്രാന്തുണ്ടായി?" (ആരണ്യകപർവ്വം: 31), എന്ന ഓർത്തോർത്തു വിലപിക്കുന്ന ദ്രൗപദിയെയും, "അങ്ങേയ്ക്കു ചൂതുകളി ഒട്ടും അറിഞ്ഞുകൂടാ; എന്നാലും ക്ഷണിക്കപ്പെട്ടാൽ ഭ്രാന്തു പിടിച്ചവനെ പോലെയാണ്" എന്ന കറ്റപ്പെടുത്തുന്ന ഭീമസേനനെയും കാണാനാവും. ജ്യേഷ്ഠന്റെ ഈ സ്വഭാവം മൂലം, പതിനൊന്നുവർഷം വനവാസവും, ഒരുവർഷം അജ്ഞാതവാസവും തികച്ചപ്പോഴും, വീണ്ടുമൊരു ചൂതുകളിക്കു വിളിക്കപ്പെട്ടു രണ്ടാമതൊരു വനവാസംകൂടി സഹിക്കേണ്ടിവരുമോ എന്നു ഭീമസേനൻ ആശങ്കപ്പെടുന്നുണ്ട് (ആരണ്യകപർവ്വം: 49). ഇതേ രീതിയിൽ അർജ്ജുനനും പിന്നീടു സംസാരിക്കുന്നുണ്ട്. "ചൂതുകളിയെന്ന തിന്മയു താങ്കൾ അടിമയായതിനാൽ രാജ്യാധിപത്യം പുനസ്ഥാപിക്കുന്നതിൽ എനിക്കൊരു സന്തോഷവുമില്ല. അധ്വരർ മാത്രം ശീലമാക്കുന്ന ഒരു പാപത്തിൽ സ്വയം ഉൾപ്പെടുത്തിയ ശത്രുക്കളെ കീഴടക്കാൻ ഇപ്പോൾ ഞങ്ങളുടെ സഹായം തേടുന്നു. ചൂതിന്റെ പാപത്തെക്കുറിച്ചും, നിരവധിയായ ദോഷങ്ങളെപ്പറ്റിയും സഹദേവൻ പറഞ്ഞതു താങ്കൾ കേട്ടിട്ടുണ്ട്. എന്നിട്ടും, അധമർ ആരാധിക്കുന്ന ചൂതുകളി താങ്കൾക്ക് ഉപേക്ഷിക്കാനായില്ല. ഇതിനാലാണു നമ്മളെല്ലാവരും ഈ നരകത്തിൽ വീണുകിടക്കുന്നത്. ദ്യൂതത്തിലേർപ്പെട്ടതിനുശേഷം താങ്കളിൽനിന്നും ഒരിക്കലും ഒരു സന്തോഷവും ഞങ്ങൾക്കു കിട്ടിയിട്ടില്ല" (കർണപർവ്വം: 49).

ഇനി, "ചൂതിൽ ഭ്രമിച്ച കരൾ കെട്ടെന്നു ഞാനിതു ചെയ്യുവാൻ" (ആരണ്യകപർവ്വം: 144, തർജ്ജമ: കുഞ്ഞിക്കുട്ടൻതമ്പുരാൻ) എന്നു സ്വയം പഴിക്കുന്ന യുധിഷ്ഠിരനെത്തന്നെ വനവാസകാലത്തു നമുക്കു കാണാനാവും.

അതിനാൽ അനന്തരത്തെപ്പറ്റിയ കൂടുതൽ വിശദീകരിക്കേണ്ട ആവശ്യമില്ല. "തോണിയില്ലാതാഴമുള്ള വെള്ളത്തിൽ താണതുഞ്ഞവേ, പാഞ്ചാലി കരയേറ്റന്നു തോണിയായ് പാണ്ഡവർക്കിഹ" (തർജ്ജമ: കുഞ്ഞിക്കുട്ടൻതമ്പുരാൻ) എന്നു കർണ്ണപരിഹാസം പാണ്ഡവരുടെ അഭിമാനത്തിനേറ്റൊരു അടിയായതും, അനന്ത്യത്തിനു നിന്നായി തിരിച്ചു വരാൻ ഒരു കാരണമായിരുന്നിരിക്കാം.

യുധിഷ്ഠിരന്റെ ചൂതുകളിക്കമ്പം വെളിപ്പെടുന്ന പ്രധാനപ്പെട്ട മറ്റൊരു സന്ദർഭം അജ്ഞാതവാസകാലമാണ്. അജ്ഞാതവാസത്തിനായി വിരാടരാജധാനി തിരഞ്ഞെടുത്തിട്ടു പഞ്ചപാണ്ഡവർ, തങ്ങളുടെ സാമർത്ഥ്യത്തിനൊത്തവിധമുള്ള പ്രച്ഛന്നരൂപങ്ങൾ സ്വീകരിക്കുന്നു. 'വല്ലവ'നെന്ന പാചകക്കാരനായി ഭീമനും, 'ബൃഹന്നള'യായി അർജ്ജുനനും, 'ഗ്രന്ഥിക'നെന്ന കുതിരക്കാരനായി നകലനും, പശുപാലകനായ 'തന്തിപാല'നായി സഹദേവനും, 'സൈരന്ധ്രി'യായി ദ്രൗപദിയും, വിരാടസദക്ഷം പ്രത്യക്ഷപ്പെടുവാൻ തീരുമാനിക്കുമ്പോൾ, യുധിഷ്ഠിരൻ പറയുന്നതിപ്രകാരമാണ്, 'ഒരു ബ്രാഹ്മണനായി, 'കങ്ക'നെന്ന പേരിൽ, ചൂതിൽ നിപുണനും ('മാതാക്ഷ'), ചൂതുകളിക്കമ്പക്കാരനുമായി ('ദേവിതാപ്രിയ' എന്നു മൂലം. മുമ്പ്, ശകുനി യുധിഷ്ഠിരനെ വിശേഷിപ്പിച്ചതും ഇതു തന്നെ, 'ദ്യൂതപ്രിയ'. നിപുണതയും, കമ്പവും ഇവിടെ വേർതിരിച്ചു കാട്ടിയിരിക്കുന്നു.) എന്തിരി, ഉന്നതനായ രാജാവിന്റെ സദസ്യനാകാൻ ഞാൻ വിചാരിക്കുന്നു' (വിരാടപർവ്വം: 1). യുധിഷ്ഠിരന്റെ വേറേ വേഷവുമെടുക്കാമായിരുന്നിട്ടും, ഒരു ചൂതുകളിക്കമ്പക്കാരനായി എന്താണ് തീരുമാനിക്കുന്നത്, കളിഭ്രാന്തു മാറാത്തതിനാലാവണമല്ലോ. ഹാസ്യിന പുത്തേണ ദ്യൂതസഭയിൽ തനിക്കും തന്റെ കടുംബാംഗങ്ങൾക്കും നേരിട്ട കനത്ത മാനക്കേടു മനസ്സിൽ കൊണ്ടു നടക്കുന്ന ഒരുവൻ, വീണ്ടുമൊരിക്കൽക്കൂടി അത്തരമൊരു സമാജീവിതം തിരഞ്ഞെടുക്കാൻ വേണ്ടതു ന്യായം? ഫലമോ, കതസഭയിൽ ദ്രൗപദിക്കു നേരിട്ട അവമാനം, വിരാടന്റെ ദ്യൂതസഭയിൽ യുധിഷ്ഠിരൻ (ഭീമന്റെയും) സമക്ഷം വീണ്ടും സംഭവിക്കുന്നു. അന്ന ദുശ്ശാസനനെങ്കിൽ, ഇന്നു കീചകൻ എന്ന വ്യത്യാസം മാത്രം. അന്നത്തേപോലെതന്നെ, ഭയം മൂലം, എതിർത്തു ഒരക്ഷരം ഉരിയാടാൻ യുധിഷ്ഠിരനു ആ ആക്ഷേപങ്ങൾ ഇന്നും കണ്ടിരിന്നു. കൂടാതെ, തന്റെ മുമ്പിൽ കേഴുന്ന ദ്രൗപദി(സൈരന്ധ്രി)യോടു, മത്സ്യസഭയിലെ ചൂതുകളിക്കിടയും വതത്തോടെ അവിടെ നിന്നു പോകാനാണു യുധിഷ്ഠിരൻ കല്പിക്കുന്നത്. അതു കേട്ട, 'ദയാശാലികളുടെ ധർമ്മപതിയാണു ഞാൻ. അവരുടെ ജ്യേഷ്ഠൻ ചൂതുകളിക്ക് അടിമയായതിനാൽ, എല്ലാവരാലും അവർ അടിച്ചമർത്തപ്പെടുന്നു' എന്നു വിലപിച്ചാണു ദ്രൗപദി അവിടെനിന്നു പോകുന്നത്.

അപ്പോൾ, ചൂതുകളിക്കമ്പത്തിന്റെ പുറത്തു യുധിഷ്ഠിരൻ ചെയ്യു സത്യങ്ങളെ പറ്റി ചിന്തിക്കുമ്പോൾ, "ഏതോ ചില വികാരങ്ങളുടെ പ്രേരണാവിശേഷങ്ങളാൽ വേണ്ടാതെ അലോചിക്കാതെ പറഞ്ഞു പോയ വാക്കിന്റെ പേരിൽ 'സത്യം', 'സത്യം' എന്നു വിചാരിച്ചുഴങ്ങുന്നു. 'വിധി', 'വിധി' എന്നുവെച്ചു ഞന്നുപോലെതന്നെ, ഒരു ദുർബ്ബലതയും തന്മൂലം അധർമ്മവുമാണെന്നായി..." എന്നു മാരാര് പറയുന്നതു ശരി തന്നെ.

## 4 സൂക്ഷ്മാ ഗതിർ ഹി ധർമ്മസ്യ

'നേശേ ബലസ്യേതി ചരേദധർമ്മ' സൂക്തത്തിനു "ബലപ്രയോഗത്തിനു നിവൃത്തിയില്ലാതിരിക്കെ അധർമ്മം ചെയ്യാം" എന്ന വ്യാഖ്യാനമെടുക്കാനെന്ന ലീലാവതിയുടെ വാദമാണടുത്തത്. വർണ്ണാശ്രമവ്യവസ്ഥയനസരിച്ചുള്ള സ്വധർമ്മത്തിൽ നിന്നു വ്യത്യസ്തമായ ഒന്നത്രേ ഇവിടെ 'അധർമ്മ'. ശ്രീരാമന്റെ 'പുത്രധർമ്മപാലനം' എന്ന കൃത്യം പരധർമ്മമെന്ന (കാട്ടവാസൻ) അധർമ്മത്തെ സ്വീകരിക്കുന്നതിനു സാധൂകരണ'മത്രേ.

മാരാരുടെ ശ്ലോകാന്വയത്തിന്റെ ചുവടു പിടിച്ചുള്ള ഈ പുനർവ്യാഖ്യാനത്തിനു 'താൻ ബലത്തിനാളല്ല' എന്നു വെച്ചു ചെയ്യുന്നതു' അധർമ്മമാണ്' എന്ന മാരാരുടെ വ്യാഖ്യാനവുമായി ഒരു ബന്ധവുമില്ലെന്നു വ്യക്തമാണല്ലോ. തന്നെയുമല്ല ലീലാവതിയുടെ, 'ബലപ്രയോഗത്തിനു നിവൃത്തിയില്ലാതിരിക്കെ അധർമ്മം (പരധർമ്മം) ചെയ്യാം' എന്ന ഈ വ്യാഖ്യാനവും, മുനിയുടെ മറ്റാരാഹരണങ്ങളിലേയ്ക്കു കടന്നാൽ വെട്ടിലാവുകയും ചെയ്യും. (പരധർമ്മമെന്നു് അധർമ്മത്തിന്റെ പര്യായമാണോ എന്നും ആലോചിക്കണം). ശ്രീമാമാർഗ്ഗങ്ങൾ ചെയ്തു് ലീലാവതി പറയുമ്പോലെ അധർമ്മ(പരധർമ്മ)മെങ്കിൽ, "വേദത്തിൽ പറയുന്ന ദൃതം പാലിച്ചുകൊണ്ടു പ്രപഞ്ചത്തെ പാലിക്കുന്ന" എന്നു ലീലാവതി മുമ്പേ പറഞ്ഞ, സപ്തർഷികളും, ദിഗ്ഗജങ്ങളും പഞ്ചഭൂതങ്ങളുമെല്ലാം ചെയ്യുന്നതും അധർമ്മമാണെന്നു വരും. അപ്പോൾ, വേദത്തിൽ വിധിച്ചതു് 'അധർമ്മ'മാണ്, എന്നാണോ മനസ്സിലാക്കേണ്ടതു? കൂടാതെ അവരെങ്ങനെ ബലപ്രയോഗത്തിനു നിവൃത്തിയില്ലാത്തവരായിരുന്നു എന്നും വിശദീകരിക്കേണ്ടി വരും.

ശ്രീമതി ലീലാവതിയുടെ ഈ പുനർവ്യാഖ്യാനനിർമ്മിതി, മാർക്കണ്ഡേയസമസ്യാപർവ്വത്തിലെ വ്യാധന്റെ—'ക്ഷുദ്രനാണെങ്കിലും ധർമ്മാദർമ്മവിചിന്തനത്തിൽ ഏതു ബ്രാഹ്മണനും മേലേ' എന്നു ലീലാവതി വിശേഷിപ്പിക്കുന്ന ആൾ—കഥയിൽനിന്നു പ്രചോദനമുൾക്കൊണ്ടതാണ്. ക്ഷുദ്രൻ ധർമ്മജ്ഞനാവുന്നത്. വർണ്ണധർമ്മമനസരിച്ചുള്ള കർമ്മത്തിൽ നിന്നു ഭിന്നവും, അതിനാൽ, 'പരധർമ്മ'വും, സ്വധർമ്മമല്ലാത്തതിനാൽ അധർമ്മവുമായി, എന്നു ലീലാവതിയുടെ വ്യാഖ്യാനം ബാലിശമെന്നേ തോന്നൂ. ഇങ്ങനെയുള്ള അർത്ഥം വരുത്താൻ മാർക്കണ്ഡേയോപാഖ്യാനത്തിലുണ്ടോ എന്നൊന്നു പരിശോധിക്കാം. പതിവ്രത-വ്യാധ കഥകളുടെ മുഖവുരയിൽ, സ്ത്രീകളുടെ ഭർത്തൃശുശ്രൂഷയെയും, മക്കളുടെ മാതൃപിതൃശുശ്രൂഷയെയും പറ്റി (ചില ആശ്ചര്യകർമ്മങ്ങൾ) പ്രബോധനം ആവശ്യപ്പെട്ട യുധിഷ്ഠിരനു മറുപടിയായി, താൻ ഈ ധർമ്മങ്ങളെപ്പറ്റി പ്രസംഗിക്കാൻ പോകുന്നവെന്നു പറഞ്ഞാണു, മുനി ഈ ആഖ്യാനം ആരംഭിക്കുന്നത്. അതുപോലെ, യുധിഷ്ഠിരനുള്ള ധർമ്മപ്രബോധനമായി പതിവ്രതാധർമ്മവും, മാതൃപിതൃശുശ്രൂഷാധർമ്മവും വിശദമായി വിവരിച്ച എന്നു പറഞ്ഞാണു മുനി ഈ വിവരണം അവസാനിപ്പിക്കുന്നതും. അപ്പോൾ ഈ വ്യാധന്റെ കഥ, ധർമ്മാധർമ്മവിചിന്തനത്തിൽ ഏതു ബ്രാഹ്മണനേക്കാളും മേലെയായ ഒരു ക്ഷുദ്രന്റെ കഥയായല്ല അവതരിപ്പിക്കപ്പെട്ടത്. മറിച്ച്, മാതൃപിതൃശുശ്രൂഷയാൽ സദ്ഗുണസമ്പത്തി നേടിയ ഒരു മനുഷ്യന്റെ കഥയായാണ്. ആ മനുഷ്യനാകട്ടേ ക്ഷുദ്രയായിയിൽ ജനിച്ചു. അച്ഛൻ്റെ തൊഴിലെറ്റെടുത്തു ചെയ്യു പോന്ന, കലധർമ്മമായ മാംസവ്യാപാരത്തെ കൃത്യനിഷ്ഠയോടെ അനുഷ്ഠിച്ചുപോന്ന ഒരു വ്യാധനം. ഇദ്ദേഹത്തെ, 'സദ്ഗുണസമ്പത്തിനാൽ ബ്രാഹ്മണനായ' നേടിയ വ്യാധൻ' എന്ന വ്യാധന്റെ തന്നെ ധർമ്മചിന്തയുടെ അടിസ്ഥാനത്തിൽ വിശേഷിപ്പിക്കാം. വ്യാധന്റെധർമ്മചിന്തയിൽ കുലധർമ്മമല്ല വർണ്ണധർമ്മത്തിന്റെ അടിസ്ഥാനം. 'ഒരുവൻ ക്ഷുദ്രജാതിയിൽ ജനിച്ചാൽതന്നെയും സദ്ഗുണങ്ങൾ ഉണ്ടെങ്കിൽ അയാൾക്കു വൈശ്യന്റെ അവസ്ഥ കൈവരിക്കാം. അതുപോലെതന്നെ ക്ഷത്രിയന്റെയും; ആർജ്ജവത്തോടെ ഇരുന്നാൽ അവനു ബ്രാഹ്മണത്വവും സിദ്ധിക്കും' (ആരണ്യകപർവ്വം: 203), എന്നാണു സത്യജന്മതോദ്ദേശ്യങ്ങളെക്കുറിച്ചു വിവരിച്ചിട്ടു വ്യാധൻ പറയുന്നതു. വ്യാധനമായി സംവദിച്ച ബ്രാഹ്മണനും അദ്ദേഹത്തെ ബ്രാഹ്മണനായാണു കണക്കാക്കുന്നതു. വ്യാധന്റെ ധർമ്മവിചക്ഷണതെ കൊണ്ടല്ല, മറിച്ച് ഞാൻ താങ്കളെ ഒരു ബ്രാഹ്മണനായി കാണുന്നു... ഒരു മനുഷ്യൻ അവന്റെ സ്വഭാവഗുണങ്ങളാൽ ബ്രാഹ്മണനാകുന്നു' എന്നാണു ബ്രാഹ്മണൻ പറയുന്നതു.

ഇനി, ഈ വ്യാധന്റെ സദ്ഗുണസമ്പത്തിയെ കറിച്ച് 'അല്ലയോ ബ്രാഹ്മണാ, താങ്കൾ സ്വന്തം കണ്ണുകൊണ്ട് എന്റെ 'ധർമ്മം' ദർശിച്ചാലും, ഇതിലൂടെയാണ് ഈ ആനന്ദാവസ്ഥ എനിക്കു പ്രാപ്യമായത്' എന്നു പറഞ്ഞു വ്യാധൻ ബ്രാഹ്മണനെ സ്വഗൃഹത്തിലേയ്ക്കു് ആനയിക്കുന്നു. അവിടെ ദൈവങ്ങളെ പോലെ താൻ ആരാധിക്കുന്ന മാതാപിതാക്കളെ ബ്രാഹ്മണനു പരിചയപ്പെടുത്തി; മാതാപിതാക്കളെ പൂജിക്കുന്നതു ഗൃഹസ്ഥാശ്രമിയുടെ ശാശ്വതധർമ്മമാണെന്ന് ഉപദേശം നൽകും. ഇടർന്ന്, ആ ബ്രാഹ്മണനെ സംഭവിച്ച ധർമ്മഭ്രംശം—വേദം പഠിക്കാനായി, വൃദ്ധരായ അച്ഛനമ്മമാരുടെ അനുവാദം വാങ്ങാതെ, വീട്ടുവിട്ടുപോന്നു, അവരെ ദ്രഷ്ടിപ്പിച്ചതു—വ്യാധൻ വെളിവാക്കുന്നു. (ഇതു ബോധ്യപ്പെടുത്താനാണു പതിവ്രതയായ സ്ത്രീ ബ്രാഹ്മണനെ വ്യാധന്റെ അടുക്കലേയ്ക്കയച്ചതും).

അപ്പോൾ, മാതാപിതാക്കളുടെ ശുശ്രൂഷയെന്ന ആശ്രമധർമ്മം വിശദീകരിക്കാനായി മുനി പറയുന്ന കഥയിൽ ലീലാവതി, വ്യാധന്റെ ധർമ്മജ്ഞതമാത്രം ദർശിക്കുന്നതിൽ അസ്വാഭാവികതയുണ്ട്. വ്യാധന്റെ പൂർവ്വജന്മശാപകഥ, 'ക്ഷുദ്രനെങ്കിലും, തികഞ്ഞ ധർമ്മജ്ഞനായി തീരുമെന്നു മുനി അനുഗ്രഹിച്ചു' എന്ന ഒരു വരി മാത്രം അടർത്തിയെടുത്താണു ലീലാവതി വിവരിക്കുന്നതു. മുനിയുടെ ശാപമോചനവചസ്സുകൾ ഇപ്രകാരമാണ്. 'ക്ഷുദ്രയായിയിൽ ജനിച്ചാലും, താങ്കൾ ധർമ്മജ്ഞനായി ഇരുന്നും. നിസ്സംശയമായും താങ്കൾ മാതാപിതാക്കളെ ശുശ്രൂഷിക്കും. ആ ശുശ്രൂഷയിലൂടെ താങ്കൾക്കു മാഹാത്മ്യം സിദ്ധിക്കുകയും; മുൻജന്മസംഭവങ്ങൾ ഓർമ്മിക്കുകയും, സ്വർഗ്ഗപ്രാപ്തി ഉണ്ടാകുകയും ചെയ്യും. ശാപകാലാവധി തീരുമ്പോൾ വീണ്ടും താങ്കൾ ബ്രാഹ്മണനാകം.' ലീലാവതി പറയുന്നതുപോലെ 'ധർമ്മജ്ഞനായി തീരും' എന്നല്ല. (ഈ ജന്മത്തിലെപോലെ അടുത്ത ജന്മത്തിലും) ധർമ്മജ്ഞനായി 'ഇരും' എന്നാണു മുനിവാക്യം. മാഹാത്മ്യവും, സ്വർഗ്ഗപ്രാപ്തിയും സിദ്ധിക്കുക മാതാപിതാക്കളുടെ ശുശ്രൂഷയിലൂടെയായിരിക്കും എന്നാണു മുനി പറയുന്നതു. അപ്പോൾ ശാപമോചനഹേതുവായി കരുതേണ്ടതു മാതാപിതാക്കളുടെ ശുശ്രൂഷ തന്നെയാണ്.

പതിവ്രതയുടെ കഥയിൽ, ഭർതൃശുശ്രൂഷാധർമ്മത്തിൽ പരധർമ്മം/ അധർമ്മം ദർശിക്കുന്ന ലീലാവതി അപ്പോൾ, വ്യാധന്റെ കഥയിൽ ക്ഷുദ്രന്റെ ധർമ്മജ്ഞാനത്തിനുമല്ല മറിച്ച്, മാതാപിതാക്കളുടെ ശുശ്രൂഷാധർമ്മത്തിൽ അധർമ്മം / പരധർമ്മം ദർശിക്കേണ്ടി വരും. അതിനെന്തായാലും ലേഖിക മുനിയുടെ തോന്നിന്നില്ല. ഇനി പതിവ്രതാധർമ്മത്തിലെ പരധർമ്മ / അധർമ്മ ചിന്ത മാറണമെന്നെങ്കിൽ മാർക്കണ്ഡേയമുനി പറയുന്നതു കേൾക്കൂ. 'സ്ത്രീകളെ സംബന്ധിച്ചിടത്തോളം, യജ്ഞകൃഷ്യ, ശ്രാദ്ധങ്ങൾ, ഉപവാസങ്ങൾ ഇവയൊന്നും ഒരു ഫലപ്രാപ്തിയുമില്ല. ഭർത്താക്കന്മാരെ സേവിക്കുന്നതിലൂടെ മാത്രമേ അവർക്കു സ്വർഗ്ഗപ്രാപ്തി കൈവന്നു' (ആരണ്യകപർവ്വം: 196). (ഈ ധർമ്മം പ്രഘോഷിക്കാനാവാണു മുനി പതിവ്രതയുടെ കഥ പറയുന്നതു തന്നെ). അങ്ങനെ, സ്ത്രീകൾക്കു ഭർതൃശുശ്രൂഷയാണ് ശ്രേഷ്ഠധർമ്മമെന്നു വന്നാൽ, 'പരധർമ്മ'മെന്ന വാദഗതിയേ അപ്രത്യക്ഷമാകുന്നു. അപ്പോൾ, ഈ മാർക്കണ്ഡേയോപാഖ്യാനങ്ങളുടെ ബലത്തിൽ പടുത്തുയർത്തിയ "നേശേ..." സൂക്ത പുനർവ്യാഖ്യാനത്തിന്റെ അടിത്തറതന്നെ തകർന്നു തരിപ്പണമാകുന്നതു കാണാം.

ഇനി ക്ഷുദ്രന്റെ ധർമ്മജ്ഞാനത്തെക്കുറിച്ച്: രാജധർമ്മാനുശാസനപർവ്വത്തിൽ, രാജാവ് ഏതു തരം മന്ത്രിമാരെയാണു നിയമിക്കേണ്ടതെന്നു ഭീഷ്മർ യുധിഷ്ഠിരനെ ഉപദേശിക്കുന്നുണ്ട്. ഇവരിൽ മൂന്നു ക്ഷുദ്രന്മാരുണ്ടാവണമെന്നു ഭീഷ്മർ നിർദ്ദേശിക്കുന്നു. മന്ത്രിമാരെല്ലാവരുടെയും പൊതുസ്വഭാവങ്ങളായി ഭീഷ്മർ വിശദീകരിക്കുന്നു. എല്ലാവരും 'അന്തസ്സുള്ളവരും, അസൂയയില്ലാത്തവരും, ശ്രുതികളിലും സ്മൃതികളിലും പ്രാവീണ്യമുള്ളവരും, നിഷ്പക്ഷരും, വിനീതരും, തർക്കങ്ങളിൽ പെട്ടെന്നു തീരുമാനമെടുക്കാൻ കഴിവുള്ളവരും, അത്യാഗ്രഹമില്ലാത്തവരും, സപ്തദോഷങ്ങളിൽ അകപ്പെടാത്തവരുമായിരിക്കണം' എന്നാണു ഭീഷ്മരുടെ നിർദ്ദേശം (ശാന്തിപർവ്വം: 86). അതിനാൽ, ക്ഷുദ്രൻ, ശ്രുതികളിലും സ്മൃതികളിലും പ്രാവീണ്യമുള്ള ധർമ്മജ്ഞൻ ഉണ്ടാവുന്നത് അപൂർവ്വസംഭവമൊന്നുമല്ലായിരുന്നെന്നു കാണാം.

തന്റെ പരധർമ്മസ്വീകാര്യതാവാദത്തിന്റെ നേർവിപരീതമാണല്ലോ, സാക്ഷാൽ ഗീതാപ്രബോധനം തന്നെ എന്നു തിരിച്ചറിഞ്ഞാവണം ലീലാവതി, വർഷങ്ങൾക്കുശേഷം ചില ന്യായീകരണങ്ങളുമായി വരുന്നതു.[10], [11]

(ഗീതയിലെ, "ശ്രേയാൻ സ്വധർമ്മോ വിഗുണഃ പരധർമ്മാത്സ്വനുഷ്ഠിതാത്, സ്വധർമ്മേ നിധനം ശ്രേയഃ പരധർമ്മോ ഭയാവഹഃ"—നല്ലവണ്ണമനുഷ്ഠിക്കപ്പെട്ട അന്യന്റെ ധർമ്മത്തെക്കാൾ, ഗുണഹീനമായ സ്വധർമ്മമാണു ശ്രേയസ്കരം. സ്വധർമ്മത്തിൽ പ്രവർത്തിക്കുന്നവനു മരണം പോലും ശ്രേയസ്സാണു്. എന്നാൽ പരധർമ്മം ഭയാവഹമാകുന്നു—(3.35) എന്ന ശ്ലോകം മാത്രമേ പരധർമ്മാനുഷ്ഠാനത്തിനു് എതിരായി ലീലാവതിയ്ക്കു കാണാനായിട്ടുള്ളൂ. എന്നാൽ പരധർമ്മം ഭയാവഹമാണെന്നുമാത്രമല്ല, സ്വധർമ്മപരിത്യാഗം ദൈന്യവും, ദൗർബല്യവും, ഭീരുത്വവുമാണെന്നുകൂടി ഗീതയിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ (2.3, 2.35).)

തന്റെ പുതുവ്യാഖ്യാനത്തിന്, ധർമ്മത്തെ കേവല-സോപാധികധർമ്മങ്ങൾ എന്നു വിവേചിച്ച് "കേവലധർമ്മത്തിൽ എല്ലാ സാഹചര്യത്തിലും കൈക്കൊള്ളേണ്ട മാനഷോത്കർഷോതുവും സത്യാധിഷ്ഠിതവുമായ ധർമ്മങ്ങളെ" കേവലധർമ്മമെന്നും, "മനുഷ്യന്റെ പല അവസ്ഥാഭേദങ്ങൾ അനുസരിച്ച്—വർണ്ണം, ഭാര്യാഭർതൃബന്ധം, ഭരണാധിപഭരണീയബന്ധം ഇത്യാദികൾ—ഉള്ള സ്വധർമ്മസങ്കല്പങ്ങളെ" സോപാധികധർമ്മമെന്നും ലീലാവതി വിവരിക്കുന്നു. മേലുദ്ധരിച്ച ഗീതാശ്ലോകത്തെ (3.35), സോപാധികധർമ്മത്തിന്റെ ഉദാഹരണമാക്കുന്ന ലീലാവതി, കേവലധർമ്മത്തിനു ഉദാഹരണമായി ഗീതയിലെ തന്നെ വേറെ രണ്ടു ശ്ലോകങ്ങളും ഉദ്ധരിക്കുന്നു. "യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത; അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം; പരിത്രാണായ സാധൂനാം, വിനാശായ ച ദുഷ്കൃതാം; ധർമ്മസംസ്ഥാപനാർഥായ, സംഭവാമി യുഗേ യുഗേ" (4.7–8). "ഇവിടെ പ്രയുക്തമായ ധർമ്മശബ്ദം, കലം, വർണ്ണം, ആശ്രമം, വ്യക്തി, വൃത്തി എന്നിവയെ ആസ്പദമാക്കിയുള്ള സ്വധർമ്മമോ പരധർമ്മമോ അല്ല, മറിച്ച് കേവലധർമ്മവും കേവലമായ അധർമ്മവുമാണ്" എന്നാണു ലീലാവതിയുടെ വാദം. സ്വധർമ്മത്തിന്റെ മഹത്ത്വം ഉദ്ഘോഷിക്കാനായിത്തന്നെ പറയപ്പെട്ട ഗീതയിലെ, ധർമ്മശബ്ദത്തെ, കേവലധർമ്മത്തിലേയ്ക്കു മാത്രമായി ചുരുക്കാൻ അസാമാന്യ ധൈര്യം വേണം. ഗീതയിൽ കർമ്മശബ്ദം പോലും സ്വധർമ്മം എന്ന അർത്ഥത്തിലാണല്ലോ പ്രയോഗിച്ചിരിക്കുന്നതു്.[12] കേവലധർമ്മത്തെ മാത്രം ഉദ്ദേശിച്ചതു് എന്നു ലീലാവതി വിശേഷിപ്പിക്കുന്ന ഗീതാശ്ലോകത്തിന്റെ (4.7) ശങ്കരഭാഷ്യം ഒന്നു നോക്കാം. "വർണ്ണാശ്രമലക്ഷണമായി, പ്രാണികൾക്ക് അഭ്യുദയത്തിനും, മോക്ഷത്തിനും സാധനമായിരിക്കുന്ന ധർമ്മത്തിനു് ഏതേതു കാലത്തിൽ ഹാനിവരുന്നുവോ, അധർമ്മം ഏതേതു കാലത്തുഅഭിവൃദ്ധിക്കുന്നുവോ, അപ്പോഴെല്ലാം ഞാൻ സ്വമായകൊണ്ട് അവതാരം ചെയ്യുന്നു" "(Whenever righteousness declines or withers—righteousness as embodied in the order of classes, life stations etc., which promotes the prosperity and makes for the emancipation of all living beings—and unrighteousness prevails, flourishes, then through Maya, I project myself)."[13] ഇവിടെ പ്രയുക്തമായ ധർമ്മശബ്ദം വർണ്ണാശ്രമങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്വധർമ്മമാണെന്നു ഭാഷ്യകാരനു സംശയലേശമെന്യേ വ്യക്തമാക്കുന്നു. അതിനാൽ ഗീതാശ്ലോകങ്ങളെ ആസ്പദമാക്കിയുള്ള ലീലാവതിയുടെ കേവല/സോപാധിക ധർമ്മവിവേചനാശ്രമം അടിസ്ഥാനമില്ലാത്തതാണെന്നു വരുന്നു.

സാധാരണധർമ്മം, സാമാന്യധർമ്മം എന്നൊക്കെ വ്യവഹരിക്കപ്പെടുന്ന ധർമ്മങ്ങളെ (സത്യം, അഹിംസ തുടങ്ങിയ ധർമ്മങ്ങൾ), കേവലധർമ്മം (absolute) എന്നു വിളിക്കുന്നതിൽ, അവ കാലദേശാതീതമാണ് എന്ന പ്രതീതി ഉണ്ടാക്കാനം ലീലാവതി ശ്രമിച്ചിട്ടുണ്ട്. എന്നാൽ ധർമ്മം കാലദേശോചിതമായി നിർവചിക്കപ്പെടേണ്ടവ തന്നെയാണ്. ഇതു് മഹാഭാരതത്തിൽ ആവർത്തിക്കപ്പെടുന്ന ഒരു വിചാരവുമാണ്. കർണ്ണപർവ്വത്തിൽ കൃഷ്ണൻ അർജ്ജുനനോടു പറയുന്നു.

"സത്യം പറയുന്നവൻ നീതിമാനാണ്. സത്യത്തേക്കാൾ ഉയർന്നതായി ഒന്നമില്ല. എന്നിരുന്നാലും, അനുഷ്ഠിതമായ സത്യത്തെ തത്ത്വവിചാരത്താൽ മനസ്സിലാക്കുക വളരെ പ്രയാസമാണ്. ചിലപ്പോൾ, സത്യം പറയാൻ പാടില്ല. മറ്റു ചിലപ്പോൾ, കള്ളം പറയുകയും വേണം. സ്വത്തുക്കളെല്ലാം കവർന്നെടുക്കപ്പെടുന്ന അവസരത്തിൽ ഒരാൾക്കു നുണ പറയാവുന്നതാണ്. അതുപോലെ, ജീവൻ അപകടത്തിലാകമ്പോഴും, വിവാഹത്തിനായും ഒരാൾക്കു നുണപറയാം. ഈ അവസരങ്ങളിൽ, അസത്യം സത്യവും, സത്യം അസത്യവുമായി മാറുന്നു. സത്യവും അസത്യവും തമ്മിലുള്ള വ്യത്യാസം അറിയാതെ സത്യം അനുഷ്ഠിക്കുന്നവൻ വിഡ്ഢിയാണ്. സത്യവും അസത്യവും തമ്മിൽ വേർതിരിച്ചറിയാൻ കഴിയുന്ന ഒരാൾക്ക് മാത്രമേ ധർമ്മം പിന്തുടരാനാകൂ."

"ജ്ഞാനിയായ ഒരു മനുഷ്യൻ ക്രൂരമായ ഒരു പ്രവൃത്തി—വാലകൻ അന്ധമൃഗത്തെ കൊന്നതുപോലെ—ചെയ്താൽപോലും മഹത്ത്വം പ്രാപിക്കുന്നതിൽ അത്ഭുതമെന്ത്? അതുപോലെ, വിഡ്ഢിയും അജ്ഞനായ ഒരുവൻ—നദികളിൽ ജീവിച്ചിരുന്ന കൗശികനെപ്പോലെ—ധർമ്മകാംക്ഷയിൽ നിന്നായാൽ പോലും വലിയ പാപം ചെയ്യേക്കാമെന്നതിൽ അത്ഭുതമെന്ത്?"

ഇടർന്നു കൃഷ്ണൻ, വാലകന്റെയും, കൗശികന്റെയും കഥകൾ പറയുന്നു.

"വാലകൻ എന്ന പേരിൽ ഒരു മൃഗവ്യാധൻ ഉണ്ടായിരുന്നു. തന്റെ മകനും ഭാര്യക്കുമായി—സ്വന്തം ഇഷ്ടപൂർത്തിയ്ക്കായല്ല—അയാൾ വേട്ടയാടിപ്പോന്നു. സ്വധർമ്മനിരതനും, സത്യസന്ധനും, ഈർഷ്യ വെടിഞ്ഞവനമായ അയാൾ, തന്റെ അച്ഛനമ്മമാരെയും, ആശ്രിതരെയും പുലർത്തിപ്പോന്നു. ഒരു ദിവസം മൃഗങ്ങൾക്കായി വളരെ തിരഞ്ഞെങ്കിലും അയാൾക്ക് ഒന്നും കിട്ടിയില്ല. ഒടുവിൽ, കാട്ടയുടെ വൈകല്യം മ്ലാനശേഷി ഉപയോഗിച്ചു പരിഹരിച്ചു. വെള്ളം കടിക്കുന്നതിൽ വ്യാപൃതനായ ഒരു മൃഗത്തെ അയാൾ കണ്ടു. അത്തരമൊരു മൃഗത്തെ അതുവരെ കണ്ടിട്ടില്ലെങ്കിലും അയാൾ അതിനെ തൽക്ഷണം കൊന്നു. ആ അന്ധമൃഗത്തെ കൊന്നകഴിഞ്ഞപ്പോൾ ആകാശത്തിന്നും പുഷ്പവൃഷ്ടിയുണ്ടായി. അപ്സരസ്സുകളുടെ ഗീതവാദ്യഘോഷങ്ങളുടെ അകമ്പടിയോടെ അയാളെ സ്വർഗ്ഗത്തിലേക്കു ആനയിക്കാൻ ആകാശവാഹനം ഇറങ്ങി വരുകയും ചെയ്തു. തപശ്ചര്യകളില്ലടെ ആ മൃഗം, സർവ്വജീവികളെയും സംഹരിക്കാനാവും; പക്ഷേ അന്ധനാകും എന്ന വരം, സമ്പാദിച്ചിരുന്നു. എല്ലാ ജീവികളെയും കൊല്ലാൻ തീരുമാനിച്ചിരുന്ന ആ മൃഗത്തെ വാലകൻ കൊന്നതാണ് അയാൾ സ്വർഗ്ഗത്തിലെത്തിയതിന്റെ കാരണം."

"ധർമ്മത്തെ മനസ്സിലാക്കാൻ വളരെ ബുദ്ധിമുട്ടാണ്."

"കൗശികൻ എന്ന ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. സന്ന്യാസിയും, വലിയ വിദ്വാനമായിരുന്ന അയാൾ, ഗ്രാമങ്ങളിൽ നിന്നു വളരെ അകലെ നദികളുടെ സംഗമസ്ഥാനത്താണു താമസിച്ചിരുന്നതു്. എപ്പോഴും സത്യം സംസാരിക്കുമെന്നു് അയാൾ പ്രതിജ്ഞയെടുത്തിരുന്നു. അതിനാൽ അദ്ദേഹം പ്രശസ്തനായി തീർന്നു. ആ സമയത്ത്, കൊള്ളക്കാരെ പേടിച്ചു ചില ആളുകൾ കാട്ടിൽ പ്രവേശിച്ചു. അവരുടെ കാലടികളെ പിന്തുടരാൻ ക്രൂരരായ കൊള്ളക്കാർ എല്ലാ ശ്രമങ്ങളും നടത്തി. അവർ എപ്പോഴും സത്യം സംസാരിക്കുന്ന കൗശികനെ സമീപിച്ചു ചോദിച്ചു. "പുണ്യാത്മാവേ, ഏതു പാതയിലൂടെയാണ് അല്പം മുമ്പു ഒരു കൂട്ടം ആളുകൾ പോയതു്. സത്യത്തിന്റെ പേരിലാണു് ഞങ്ങൾ ചോദിക്കുന്നതു്. നിങ്ങൾക്കറിയാമെങ്കിൽ ഞങ്ങളോടു പറയുക". അങ്ങനെ ചോദിച്ചപ്പോൾ, കൗശികൻ അവരോടു് സത്യം പറഞ്ഞു. "ആ ആളുകൾ, മരങ്ങളും ഇഴജന്തുക്കളും, ചെടികളും നിറഞ്ഞ ഈ കാട്ടിൽ പ്രവേശിച്ചിരിക്കുന്നു". ആ ക്രൂരരായ മനുഷ്യർ, തങ്ങൾ അന്വേഷിച്ച ആളുകളെ കണ്ടെത്തി, എല്ലാവരെയും കൊന്നകളഞ്ഞു. പറയാൻ പാടില്ലാത്തതു് പറഞ്ഞതുകൊണ്ടു കൗശികൻ വലിയ അധർമ്മം ചെയ്തു, കഠിനമായ നരകത്തിൽ വീണു. ധർമ്മത്തിന്റെ സൂക്ഷ്മതകളെക്കറിച്ച് അറിയില്ലായിരുന്ന അയാൾ, വയോവൃദ്ധരോടു സംശയനിവാരണം നടത്താതെ, വലിയ അറിവൊന്നുമില്ലാത്ത ഒരു വിഡ്ഢിയെപ്പോലെ പ്രവർത്തിച്ചു, യാതനയേറിയ നരകത്തിൽ വീണുപോയി."

"ധർമ്മത്തിന്റെ സ്വഭാവം മനസ്സിലാക്കാനായി ചില സൂചകങ്ങളുണ്ട് താനും. ദുർഗ്രാഹ്യമായ ഈ പരമജ്ഞാനത്തിനായി ചിലർ യുക്തിയുടെ സഹായം തേടുന്നു. ധർമ്മഗ്രന്ഥങ്ങളിൽ പറയപ്പെട്ടതു മാത്രമാണു ധർമ്മം എന്നു് മറ്റുചിലർ പറയുന്നു. ഞാൻ ഇതിനെ ഖണ്ഡിക്കുന്നില്ല. പക്ഷേ, എല്ലാം അവിടെ പറയപ്പെട്ടിട്ടില്ല. ജീവികളുടെ ഉത്കർഷത്തിനാണു ധർമ്മപ്രമാണങ്ങൾ കല്പിച്ചിരിക്കുന്നതു്. ആളുകളെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു, ധർമ്മം" (കർണ്ണപർവ്വം: 49).

അഹിംസ, സത്യം തുടങ്ങിയ ധർമ്മങ്ങളൊന്നും തന്നെ കേവലമല്ല എന്നാണല്ലോ, അന്ധജീവിയെക്കൊന്നെങ്കിലും സ്വർഗ്ഗത്തിലെത്തിയ വ്യാധന്റെയും, സത്യത്തിൽ ഉറച്ചു നിന്നെങ്കിലും നരകത്തിലെത്തിയ ബ്രാഹ്മണന്റെയും കഥകളിലൂടെ കൃഷ്ണൻ വ്യക്തമാക്കുന്നതു്. ഇതേ കാര്യം തന്നെ രാജധർമ്മാനുശാസനപർവ്വത്തിൽ എന്താണു സത്യം; എന്താണു് അസത്യം? തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിക്കുന്ന യുധിഷ്ഠിരനോടു ഭീഷ്മരും ആവർത്തിക്കുന്നുണ്ട് (ശാന്തിപർവ്വം: 110). മാർക്കണ്ഡേയസമസ്യാപർവ്വത്തിലും ഇതേ ആശയം കടന്നു വരുന്നുണ്ട് (ആരണ്യകപർവ്വം: 200). അതിനാൽ ജീവികളുടെ ഉത്കർഷത്തിനായി കല്പിക്കപ്പെട്ട ധർമ്മം, കാലദേശോചിതമായി നിർവ്വചിക്കപ്പെടേണ്ടതു തന്നെയാണെന്നാണു് ഇതിഹാസം പറയുന്നതു്. ഈ നിർവചനത്തിന്റെ അടിസ്ഥാനം ബലബോധമാണെന്നാണു് ഇതിഹാസകഥാ സന്ദർഭങ്ങളെ അടിസ്ഥാനമാക്കി മാരാര് നിരീക്ഷിക്കുന്നതു്. കൂടുതൽ വിശദീകരണം, ഭാഗം 6-ൽ കാണാം .

---

10. 'സത്യ-ധർമ്മദർശനം ഇതിഹാസങ്ങളിൽ', എം. ലീലാവതി (2014).
11. 'ധ്വനിപ്രകാരം', എം. ലീലാവതി, മാതൃഭൂമി ആഴ്ചപ്പതിപ്പ്: 99:16 (2021).
12. 'ഗീതാപ്രവചനം', ആചാര്യ വിനോബാഭാവെ (1951).
13. 'Srimad Bhagavad Gita Bhasya', translation A. G. Krishana Warrier (2008).

## 5 കർമ്മത്താലീ വിധി കല്പിച്ചിരിപ്പൂ

'നേശേ ബലസ്യേതി ചരേദധർമ്മം' ശ്ലോകപാദവ്യാഖ്യാനത്തിനു സഹായകരമായി മാരാരുദ്ധരിച്ച മഹാഭാരതശ്ലോകങ്ങൾ പ്രകൃതത്തിനു യോജിച്ചതല്ല എന്നാണു ലീലാവതിയുടെ അടുത്ത വാദം.

ഒന്നാമത്തേത്, ദ്രൗപദി കുരുസഭയിൽ അപമാനിതയായ വേളയിൽ 'ബലമുള്ളവൻ പറയുന്നതാണു ധർമ്മ'മെന്ന ഭീഷ്മവചനമാണ്. ഇതു യുധിഷ്ഠിരൻ ആത്മബലം പ്രകടിപ്പിക്കേണ്ടിയിരുന്ന ആ പ്രത്യേക അവസരത്തിനു യോജിച്ചതാണെന്നു ലീലാവതി സമ്മതിക്കുന്നുണ്ട്. എന്നാൽ രണ്ടാം ദ്യൂതപരിണാമത്തിൽ ഈ ഭീഷ്മവചനം ഉദാഹരിക്കാൻ കഴിയില്ലെന്നാണു വാദം.

ഭീഷ്മർ, ദ്യൂതസഭയിൽ (രണ്ടു തവണയായി) പറഞ്ഞതു മുഴുവൻ ശ്രദ്ധിക്കാഞ്ഞതിന്റെ കുഴപ്പമാണിത്. ഇരുദ്യൂതത്തിലെയും കളിക്കാർ ഒന്നു തന്നെയായിരുന്നു, പണയങ്ങൾ തർക്കവിഷയങ്ങളും. അപ്പോൾ ഭീഷ്മരുടെ, കളിയെയും കളിക്കാരെയും പറ്റിയുള്ള നിരീക്ഷണം രണ്ടവസരത്തിലും ബാധകമാണ്. ഭീഷ്മർ പറയുന്നു: "ചൂതുകളിയിൽ ശകുനിക്കു മനുഷ്യരിൽ തുല്യനില്ല. ഇത് അറിഞ്ഞിട്ടും യുധിഷ്ഠിരൻ സ്വേച്ഛയാ കളിക്കാൻ തീരുമാനിച്ചു. ശകുനി തന്നോടു ചതി കാണിച്ചുവെന്നു യുധിഷ്ഠിരൻ കരുതുന്നുമില്ല" (സഭാപർവ്വം: 60). ഇതിന്റെ തുടർച്ചയായാണ്, ബലവാനായ പുരുഷൻ ധർമ്മത്തെ ഏതു നിലയിൽ കാണുന്നുവോ, അതുതന്നെയാണു ധർമ്മമെന്നും, പണയതർക്കവിഷയത്തിൽ യുധിഷ്ഠിരൻ മാത്രമാണു പ്രമാണമെന്നും ഭീഷ്മർ പറയുന്നത്. അതിനാൽ, ആത്മഹത്യാപരമെന്നറിഞ്ഞിട്ടും, യുധിഷ്ഠിരൻ 'സ്വേച്ഛയാ' ശകുനിയുടെ കെണിയിൽ ചെന്നു ചാടി, ദ്രൗപദിയെ പണയമാക്കിയതും, വനവാസപ്രതിജ്ഞ എടുത്തതും; ചൂതുകളിയുടെ വികാരാവേശത്തിൻപുറത്താണെന്ന മാരാരുടെ നിരീക്ഷണത്തിനു സാധൂകരണം തന്നെയത്രേ ഈ ഭീഷ്മവചനങ്ങൾ.

ലീലാവതിക്കു വിപ്രതിപത്തിയുള്ള അടുത്ത ശ്ലോകം, 'അധർമ്മോ ഹി മൃദു രാജാ ക്ഷമാവാനിവ കുഞ്ജരഃ—മൃദുവായ രാജാവ് ക്ഷമയുള്ള ആനയെപ്പോലെ അധർമ്മാത്മാവാണ്' എന്ന ഭീഷ്മവചനമാണ് (ശാന്തിപർവ്വം: 56). (രാജാവിന്റെയും ആനയുടെയും അധർമ്മത്തിന്റെ ഫലമെന്താണെന്നും ബൃഹസ്പതിവചനങ്ങളുദ്ധരിച്ച് ഭീഷ്മർ തുടർന്നു വിശദീകരിക്കുന്നുണ്ട്. "നിത്യം ക്ഷമിക്കും നൃപനെ നിന്ദിക്കും നീചരാം ജനം, ആനക്കാരൻ ഗജത്തിന്റെ മട്ടിൽ തലയിലേറുമേ." തർജ്ജമ: കുഞ്ഞിക്കുട്ടൻതമ്പുരാൻ). 'ആനയുടെ കീഴടക്കത്തിൽ താൻ ബലത്തിനാലല്ല എന്ന ബോധമാണുള്ളതെന്നും അതിൽ ഒരു ധർമ്മാനുഷ്ഠാനവുമില്ലെന്ന'മുള്ള തന്റെ വാദം സമർത്ഥിക്കാനാണു മാരാര് ഈ ഭീഷ്മവചനമുദ്ധരിക്കുന്നത്. ഇവിടെ 'അധർമ്മാത്മാവായ ക്ഷമയുള്ള ആന'യാണു മാരാരുടെ താത്പര്യം. എന്നാൽ ഇവയൊന്നും കാണാതെ, 'മൃദുവായ രാജാവ് അധർമ്മാത്മാവല്ല' എന്നു സ്ഥാപിക്കാൻ ലീലാവതി ഒരു ദീർഘോപന്യാസമെഴുതിയിരിക്കുന്നു. എങ്ങും ആന കടന്നുവരുന്നുമില്ല. ആനയല്ല, ദിഗ്ഗജമാണ് എന്നു വാദിക്കുന്ന ലീലാവതി, ആനയെ കണ്ടില്ലെന്നു നടിച്ചതും ശരി തന്നെ.

അകർമ്മണ്യത വെടിഞ്ഞു ബലബോധത്തോടെ പ്രവർത്തിക്കാനുള്ള, 'ബലവാംസ്തു യഥാ ധർമ്മം...' എന്ന ഭീഷ്മരുടെ ഉദ്ബോധനത്തോടൊപ്പം; കൃഷ്ണന്റെ ഒരു ഉദ്ബോധനവും, "നേശേ..." ലേഖനത്തിൽ മാരാരുദ്ധരിക്കുന്നുണ്ട്. "കർമ്മംകൊണ്ടാണു പരലോകത്തിൽ സിദ്ധി എന്നു ചിലരും, കർമ്മം വെടിഞ്ഞു വിദ്യകൊണ്ടാണെന്നു വേറെ ചിലരും പറയുന്നു. വിദ്വാന്നുപോലും ഭക്ഷ്യഭോജ്യങ്ങൾ കഴിക്കാതെ വിശപ്പടങ്ങുകയില്ലെന്നു ബ്രാഹ്മണർക്കറിയാം. ഏതേതു വിദ്യകൾ കർമ്മത്തെ സമർത്ഥിക്കുന്നുവോ, അവയ്ക്കേ ഫലമുള്ളൂ. അല്ലാത്തവയ്ക്കില്ല. കർമ്മത്തിന് എവിടെയും ഫലമുണ്ടുതാനും. ദാഹമുള്ളവനു വെള്ളം കുടിച്ചാൽ അതു മാറുമല്ലോ. ഈ വിധിയുണ്ടല്ലോ, അതു കർമ്മംകൊണ്ടുണ്ടാക്കപ്പെട്ടതാണ്. അതുകൊണ്ടു സഞ്ജയ, അതിൽ തന്നെയുണ്ടു കർമ്മം. കർമ്മം ചെയ്യുകയല്ലാതെ മറ്റു വല്ലതുമാണു ശരി എന്ന് ആർ വിചാരിക്കുന്നുവോ, ആ ദുർബ്ബലന്റെ വാക്കുകൾ വെറും പതിരത്രെ". (തർജ്ജമ: മാരാര്)

"ഇവിടെ കർമ്മം ചെയ്യുകമാത്രമേ രക്ഷയുള്ളൂ എന്നു സിദ്ധാന്തിക്കുന്ന ഭഗവാൻ അകർമ്മവാദിയെ 'ദുർബ്ബല'നെന്നു വിശേഷിപ്പിച്ചപ്പോൾ, കർമ്മത്യാഗവാദത്തിന്റെ മൂലകാരണം ദൗർബ്ബല്യമാണെന്നും, അതിനാൽ അതു അധർമ്മവും അവിദ്യയുമാണെന്നും സൂചിപ്പിച്ചു". എന്നു മാരാര് വിശദീകരിക്കുന്നു. ഭീഷ്മരുടെ ഉപദേശത്തിലെ ലോകധർമ്മവും, പരമധർമ്മവും വേർതിരിച്ച ദീർഘഭാഷ്യം ചമച്ച വിമർശക (ഭാഗം 6), കൃഷ്ണന്റെ ഈ ഉപദേശത്തെക്കുറിച്ചു മിണ്ടുന്നതേ ഇല്ല. കൃഷ്ണന്റെ ഈ വാക്കുകൾക്കപ്പുറം മറഞ്ഞുനിൽക്കുന്നതു മഹാശൈലമായ ഭഗവദ്ഗീതയാണെന്ന ബോധമുള്ളതുകൊണ്ടാവണം ഈ മറവി.

വനവാസവും, ദ്രൗപദീ പണയവും; ഇവരണ്ടും ഒരുപോലെ, യുധിഷ്ഠിരന്റെ സത്യവാക്കുകളുടെ ഫലമായിരിക്കേ, വനവാസപ്രതിജ്ഞയുടെ സത്യപാലനനിഷ്ഠയിൽ "പ്രജ്ഞാബലം" കാണുന്ന ലീലാവതി, അതേ യുധിഷ്ഠിരൻ ദ്രൗപദിയവമാനന വേളയിൽ പ്രജ്ഞാബലം കാട്ടിയില്ലെന്നും പറയുന്നുണ്ട്. ഒരു പ്രതിജ്ഞ പാലിക്കപ്പെടണമെന്നും, മറ്റൊരു പ്രതിജ്ഞ ത്യജിക്കണമെന്നുമുള്ള ഈ പരസ്പരവിരുദ്ധനിലപാടിനു ലീലാവതിക്കു വിശദീകരണമൊന്നുമില്ല. എന്നാൽ യുധിഷ്ഠിരന്റെ മനോഭാവം മാരാര് വിശദീകരിക്കുന്നുണ്ട്. "താൻ സഹോദരന്മാരെക്കൊണ്ടും ബന്ധുക്കളെക്കൊണ്ടും തികച്ചും ബലവാനായിരുന്നിട്ടും, ഭീഷ്മപ്രമുഖരായ കൗരവരെ ജയിക്കാൻ പോരാ എന്ന ഭയത്താലാണ്, ഭാര്യാവമാനനത്തിൽ ക്ഷമാധർമ്മം കാണിച്ചതും, കാട്ടിലേയ്ക്ക് ഒഴിച്ചു പോന്നതുമെന്ന് അദ്ദേഹം (യുധിഷ്ഠിരൻ) സു വ്യക്തമാക്കി" ('കിരാതമൂർത്തി'). രണ്ടു തീരുമാനങ്ങൾക്കും പിന്നിൽ പ്രവർത്തിച്ച സ്വഭാവവിശേഷം ഒന്നു തന്നെയാണെന്നാണു മാരാര് ചൂണ്ടിക്കാണിക്കുന്നത്. മാർക്കണ്ഡേയവചനങ്ങൾ സത്യപരായണനിഷ്ഠ മൂലം വനവാസിയായ യുധിഷ്ഠിരനെ ഉന്നം വെച്ചുള്ളതാണെന്നും, ദ്രൗപദിയവമാനനവേളയിൽ ക്ലൈബ്യം ബാധിച്ച യുധിഷ്ഠിരന്റെ നേർക്കല്ലെന്നുമുള്ള ലീലാവതിയുടെ വാദത്തിനുള്ള മറുപടിയും ഇതു തന്നെ.

യുധിഷ്ഠിരന്റെ ധർമ്മപാലനവ്യഗ്രതയ്ക്കു പിന്നിൽ ദൗർബ്ബല്യബോധം—യുദ്ധത്തിൽ ജയിക്കാൻ വേണ്ടുന്ന ബലത്തെ (ഇതാണല്ലോ ക്ഷത്രിയന്റെ ബലം) കുറിച്ചുള്ള ആത്മവിശ്വാസമില്ലായ്മ—ഉണ്ടായിരുന്നു. ഇതു ഭാഗം 2-ൽ വിശദീകരിച്ചതുമാണ്. ഇതിന് ഉപോദ്ബലകമായ ഒരു മഹാഭാരതസന്ദർഭം കൂടി:

പാണ്ഡവർ വനവാസത്തിനായി പോന്ന വഴിയ്ക്കു, ധൃതരാഷ്ട്രരുമായി കലഹിച്ച വിദുരരും പിന്നാലെ എത്തി. വിദുരർ ദൂരെനിന്നു വരുന്നതു കണ്ടു യുധിഷ്ഠിരൻ ഭീമനോടു പറഞ്ഞു. "ഭീമാ, വിദുരരുടെ വരവുണ്ട്. എന്തു സന്ദേശവുമായാണോ വരുന്നത്? വീണ്ടുമൊരു ചൂതിനു ക്ഷണിക്കാൻ ശകുനി പറഞ്ഞുവിട്ടതായിരിക്കുമോ? ചൂതുകളിയിലൂടെ നമ്മുടെ ആയുധങ്ങൾ തിരികെനേടാനാണോ ഭാവം? വെല്ലുവിളിക്കപ്പെട്ടാൽ എനിക്കു മറ്റുത്തരം പറയാനാവില്ല. ഗാണ്ഡീവത്തിന്റെ കൈവശാവകാശം സംശയകരമെങ്കിൽ രാജ്യലാഭവും സംശയത്തിലാവും" (ആരണ്യകപർവ്വം: 6). വീണ്ടുമൊരു ചൂതുകളിയിൽ, മറ്റേതു പണയത്തെപ്പറ്റിയും ചിന്തിക്കാതെ, യുധിഷ്ഠിരന് ആയുധങ്ങളെയും രാജ്യലാഭത്തെയും പറ്റി മാത്രം ചിന്ത വന്നതിൽ, യുധിഷ്ഠിരന്റെ ദൗർബ്ബല്യബോധത്തിന്റെ അടിസ്ഥാനം വ്യക്തമാണല്ലോ.

## 6 ബലേ പ്രതിഷ്ഠിതോ ധർമ്മഃ!

അടുത്തതായി, മാരാരുടെ മാർക്കണ്ഡേയസൂക്തവ്യാഖ്യാനവും, സമാനചിന്തയുള്ള, "ബലവാംസ്തു യഥാ ധർമ്മം ലോകേ പശ്യതി പുരുഷഃ; സ ധർമ്മോ ധർമ്മവേളായാം ഭവത്യഭിഹിതഃ പരൈഃ—ലോകത്തിൽ, ബലവാനായ പുരുഷൻ ധർമ്മത്തെ ഏതു നിലയിൽ കാണുന്നുവോ, അതുതന്നെയാണു ധർമ്മമെന്നും, ധർമ്മചിന്തയിൽ മറ്റുള്ളവരും പറയുന്നു" എന്ന ഭീഷ്മവചനത്തിന്റെ വ്യാഖ്യാനവും, മഹാഭാരതസന്ദർഭത്തിൽ നിന്നു മാറ്റി ലോകചരിത്രത്തിൽ പ്രതിഷ്ഠിച്ചാൽ തെറ്റായ സന്ദേശമാണ് അവ നല്കുന്നതെന്ന വാദമാണ്. മാരാരുടെ ഭീഷ്മവചനവ്യാഖ്യാനത്തിലെ 'പരമമായ ഒരു ധർമ്മം' എന്ന പരാമർശമെടുത്തു ലീലാവതി വാദിക്കുന്നു, ഭീഷ്മർ പറയുന്നതു പരമധർമ്മത്തെക്കുറിച്ചല്ല, ലോകഗതിയെക്കുറിച്ചാണ് എന്നും, പരമധർമ്മത്തെക്കുറിച്ചാണെങ്കിൽ ഹിറ്റ്ലർ, മുസ്സോളിനി തുടങ്ങിയവരെ സാധൂകരിക്കേണ്ടിവരും എന്നുമാണ്.

ഭീഷ്മവചനവ്യാഖ്യാനത്തിൽ മാരാര് എന്താണു പറയുന്നതെന്നു നോക്കാം.

"ചില പരിസ്ഥിതികളിൽ ഇന്നതു ധർമ്മം, ഇന്നത ധർമ്മം എന്നു നിർണ്ണയിക്കുക മഹാത്മാക്കളായ വിപ്രന്മാർക്കുപോലും എളുതല്ല. 'ധർമ്മസ്യ ഗഹനാ ഗതിഃ' അപ്പോൾ, ഒരാത്യന്തികഘട്ടം വരുമ്പോൾ ധർമ്മാധർമ്മചിന്തയിൽ കാലം കളയാതെ യാഥാർത്ഥ്യം കണ്ടറിഞ്ഞു കാലദേശോചിതമായി കാര്യം നടത്തുവാൻ സന്നദ്ധതയുണ്ടാവുകയാണു മനുഷ്യനായാൽ വേണ്ടത്. അതിനു ത്രാണിയുള്ളതാർക്കോ, അയാൾ പറയുന്നതു തന്നെയാണു ധർമ്മമെന്നു മറ്റുള്ളവർ തനിയേ സമ്മതിച്ചു കൊള്ളും. ആ ബലമില്ലാത്തവർക്കാകട്ടെ, എല്ലാം കണ്ടു മിണ്ടാതെനിന്നു സഹിക്കുക മാത്രമേ ഗതിയുള്ളൂ. എന്നാൽ, പരമമായ ഒരു ധർമ്മം എവിടെയോ ഇരുന്നു ഗഹനമായി പ്രവർത്തിക്കുന്നുണ്ട്. അതിന്റെ അന്ത്യവിധി, ഇന്നല്ലെങ്കിൽ നാളെ, നടത്തപ്പെടാതിരിക്കയുമില്ല. ഈ ദ്യൂതസംരംഭത്തിന്റെ ഫലമായി കുരുവംശമാകെ ഏറെത്താമസിയാതെ മുടിയാൻ പോകുന്നു എന്ന തീർപ്പ്" ('ഭീഷ്മരുടെ ധർമ്മനിശ്ചയം').

കാലദേശോചിതമായി ബലബോധത്തോടെ നടപ്പിലാക്കേണ്ടതാണു ധർമ്മമെന്നും, ഒരാത്യന്തികഘട്ടത്തിൽ, ദൗർബ്ബല്യം കാരണം, ഈ ധർമ്മമനുഷ്ഠിക്കാതിരുന്നാൽ അതു നാശത്തിൽ കലാശിക്കും എന്നുമാണു മാരാരുടെ നിരീക്ഷണം. (അകർമ്മണ്യതയുടെ അന്ത്യം / വിധി നാശമാണെന്ന ചിന്ത മഹാഭാരതത്തിൽ പലയിടത്തും കടന്നുവരുന്നുണ്ട്.) ഈ നിരീക്ഷണത്തെ മാരാര് വിശദീകരിക്കുന്നതു് എപ്രകാരമെന്നു നോക്കാം ('ഭീഷ്മരുടെ ധർമ്മനിശ്ചയം').

എന്തായിരുന്നു യുധിഷ്ഠിരൻ ബലബോധത്തോടെ ചെയ്യേണ്ടിയിരുന്ന കാലദേശോചിത ധർമ്മം?

മാരാരുടെ നിരീക്ഷണം: 'യുധിഷ്ഠിരൻ തന്റെ വാക്കു മാറ്റി, 'താനവളെ (ദ്രൗപദിയെ) ചൂതുകളിക്കമ്പംമൂലം അർഹത നോക്കാതെ പണയംവെച്ചു പോയതാണെ'ന്നു തെറ്റു തിരുത്തി, ഭീമാദികളോടു കൂടി, വേണമെങ്കിൽ ബലം പ്രയോഗിച്ചും അവളെ വീണ്ടെടുക്കുക.' അങ്ങനെ ചെയ്താൽ അതാണു ധർമ്മമെന്നു മറ്റുള്ളവർ ഏറ്റു പറഞ്ഞു കൊള്ളും.

അപ്പോൾ, ഈ കാലദേശോചിതധർമ്മാനുഷ്ഠാനം അധർമ്മമാവില്ലേ?

'ഒടുക്കം യുദ്ധം വന്നപ്പോൾ പലഘട്ടങ്ങളിലും ധർമ്മാധർമ്മചിന്തയ്ക്കു നില്ക്കാതെ കാലോചിതമായി കർമ്മണ്യതയോടെ അധർമ്മമായിപ്പോലും പൊരുതിയതിന്റെ ഫലമായിട്ടാണു പാണ്ഡവർ അതിൽ വിജയം നേടിയത്. അവർക്കതിനു പ്രേരണ നല്കിക്കൊണ്ടിരുന്ന ഭഗവാൻ കൃഷ്ണൻ, ഒടുവിൽ, അതിനെ സാധൂകരിച്ചുകൊണ്ടു പറഞ്ഞതാണിത്: 'പൂർവൈരനുഗതോ മാർഗ്ഗോ ദേവൈരസുരഘാതിഭിഃ; സദ്ഭിശ്ചാനുഗതഃ പന്ഥാഃ സ സർവൈരനുഗമ്യതേ'—അസുരരെ കൊല്ലാനൊരുമ്പെട്ട ദേവന്മാർ പണ്ടു നടന്ന വഴിയാണിത്; നല്ലവർ ആ വഴിക്കു നടക്കുന്നു. എല്ലാവരും അതേ വഴിക്കു നടക്കുന്നു'.

ഈ കാലദേശോചിതധർമ്മം ബലബോധത്തോടെ യുധിഷ്ഠിരൻ അനുഷ്ഠിച്ചിരുന്നെങ്കിൽ എന്തു മേന്മ?

'മഹാഭാരതയുദ്ധത്തിലെ ആ സർവ്വനാശത്തിന്റെ വ്യാപ്തി വളരെ ചുരുങ്ങുമായിരുന്നു'. വനവാസകാലത്തു ദ്രൗപദി വീണ്ടും അപമാനം സഹിക്കേണ്ടിവരില്ലായിരുന്നു.

ഈ കാലദേശോചിതധർമ്മം, യുധിഷ്ഠിരൻ തന്റെ 'ബലഹീനമായ സത്യനിഷ്ഠ' മൂലം അനുഷ്ഠിക്കാതിരുന്നതു കൊണ്ട് എന്തു സംഭവിച്ചു?

'ധാർത്തരാഷ്ട്രരുടെ ലോഭപരായണതകൊണ്ടും, പാണ്ഡവരുടെ മോഹപരായണതകൊണ്ടും—അകർമ്മണ്യത കൊണ്ടും, അവ്യവസായിത കൊണ്ടും—സർവ്വസംഹാരിയായ യുദ്ധവൈശസം സംഭവിച്ചു'. (മാരാരുടെ ഭീഷ്മവചനവ്യാഖ്യാനത്തിലെ 'പരമമായ ഒരു ധർമ്മം' എന്ന പ്രയോഗത്തെ മാരാര് ഉദ്ദേശിക്കാത്ത രീതിയിൽ ലീലാവതി വളച്ചൊടിച്ച എന്നീ വിശദീകരണം തെളിയിക്കുമല്ലോ.)

ഇതുപോലെ, വിദുരരുടെ വകയായി ഒരു കാലദേശോചിതധർമ്മോപദേശം കൂടി ആ പ്രക്ഷുബ്ധവേളയിൽ കുരുസഭയിൽ നല്കപ്പെടുന്നുണ്ട്. ഒരു കുലം മുഴുവൻ നശിക്കാതിരിക്കാനായി ഒരുവനെ ത്യജിക്കുന്നത് ഉചിതമാണെന്നു വിദുരർ ധൃതരാഷ്ട്രരെ ഉപദേശിക്കുന്നു. കുലനന്മയ്ക്കായി ദുര്യോധനനെ പരിത്യജിക്കാനുള്ള ആ വിദുരോപദേശം ധൃതരാഷ്ട്രർ കൈക്കൊള്ളാതിരുന്നതും സർവ്വസംഹാരിയായ ആ യുദ്ധവൈശസത്തിനു കാരണമായി പറയാം. വിദുരോപദേശം സ്വീകരിക്കാതിരുന്ന ധൃതരാഷ്ട്രരും, ഭീഷ്മോപദേശം സ്വീകരിക്കാതിരുന്ന യുധിഷ്ഠിരനും വിധിവിധേയതയുടെ വക്താക്കളായിരുന്നതു യാദൃച്ഛികമല്ല.

ആ രാജസഭയിൽ വെച്ചു ഭീഷ്മർ പറഞ്ഞതു രാജധർമ്മം കൂടിയാവണമല്ലോ. കാലദേശോചിതമായി ധർമ്മം നിശ്ചയിക്കാൻ ബലമുള്ളവനാകണം രാജാവ്, എന്ന അർത്ഥത്തിൽ. ഒരു സന്ദിഗ്ദ്ധഘട്ടത്തിൽ നല്കപ്പെട്ട ഈ ചെറുപദേശത്തെ—'ഗഹനമായ ധർമ്മഗതിയെ നിർണ്ണയിക്കുന്നതു ബലമാണ്'—ഭീഷ്മർ പിന്നീടു യുധിഷ്ഠിരനു വിശദമാക്കിക്കൊടുക്കുന്നുണ്ട്.

"... മണ്ണിൽ വീണ വൃകപാദം പോലെ ധർമ്മാധർമ്മഫലങ്ങൾ ആരും കണ്ടിട്ടില്ല. ഒരുവൻ ബലം ആർജ്ജിക്കണം, ബലവാനെല്ലാം വശപ്പെടും... ബലവാനിൽ അയോഗ്യതകൾ ഉണ്ടെന്നുവന്നാലും ഭയം കാരണം ആരും മറ്റുത്തു പറയുകയില്ല. സത്യം, അധികാരം; ഇവ രണ്ടും ചേർന്നാൽ വലുതായ ഭയത്തിൽ നിന്നു (മനുഷ്യർക്കു) സംരക്ഷണം നൽകാം. താരതമ്യം ചെയ്താൽ, ധർമ്മത്തിനു മേലേയാണു ബലമെന്നു കാണാം. ബലത്തിൽ നിന്നാണു ധർമ്മമുത്ഭവിക്കുന്നത്. ഭൂമിയിൽ ജംഗമമെന്നപോലെ ബലത്തിലാണു ധർമ്മം നിലകൊള്ളുന്നത് (ബലേ പ്രതിഷ്ഠിതോ ധർമ്മോ ധരണ്യാമിവ ജംഗമഃ). പുക കാറ്റിൽ എന്നതുപോലെയും, വള്ളി മരത്തിൽ എന്നതു പോലെയും ധർമ്മം ബലത്തിന്റെ ആശ്രയത്തിലാണ്. ബലവാന്റെ നിയന്ത്രണത്തിലാണു ധർമ്മം, ഭോഗികൾക്കു സുഖപ്പെടിയെന്നപോലെ. ബലവാന്മാർക്കു അസാധ്യമായതൊന്നുമില്ല. അവർക്ക് എല്ലാം നിർദോഷങ്ങളാണ്. ബലഹീനൻ ദുരാചാരനായിട്ടു താരം താഴ്ത്തപ്പെടുന്നു. ചെന്നായയെ എന്നപോലെ ആളുകൾ അവനെ വെറുക്കുന്നു. അവൻ അപമാനത്തിന്റെയും സങ്കടത്തിന്റെയും ജീവിതം നയിക്കുന്നു..." (ശാന്തിപർവ്വം: 132)

ഇത്ര വ്യക്തമായും ശക്തമായും ധർമ്മത്തെയും ബലത്തെയും ഇഴതിരിച്ചു മഹാഭാരതത്തിൽ ആരും വിവരിച്ചിട്ടില്ല. എല്ലാറ്റിനും മീതേ ബലമാണെന്നും, ധർമ്മം തന്നെ ബലത്തിൽനിന്നാണുത്ഭവിക്കുന്നതെന്നും ഭീഷ്മർ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. എല്ലാത്തരം ധർമ്മബലസങ്കലനവ്യവകലനങ്ങളും ഇവിടെ വിചിന്തനം ചെയ്യപ്പെട്ടിരിക്കുന്നു. ധാർമ്മികനായ ബലവാനും, അധർമ്മികനായ ബലവാനും, ബലഹീനനും; ഒക്കെ ചിന്താവിഷയങ്ങളായിരിക്കുന്നു. ഇതിൽ, ലീലാവതി പറയുന്ന ഹിറ്റ്ലറും, മുസ്സോളിനിയും, ഓഷ്വിറ്റ്സും, വിയറ്റ്നാം, അഫ്ഗാൻ യുദ്ധവുമൊക്കെ അടങ്ങിയിരിക്കുന്നു. എന്നാൽ, ബലം ഭയം വളർത്താൻ കാരണമായേക്കാമെന്നു പറയുന്നതിനോടൊപ്പം തന്നെ, മനുഷ്യന്റെ ഭയം ഇല്ലായ്മ ചെയ്യാനുള്ള മാർഗ്ഗവും—സത്യത്തോടൊപ്പം ബലം ചേരുന്നതു—ഭീഷ്മർ നിർദ്ദേശിക്കുന്നുണ്ട്. ഇപ്രകാരമുള്ള സത്യബലസംയോഗത്തിന്റെ ഏറ്റവും മികച്ച ആധുനികകാലോദാഹരണം നമ്മുടെ മുമ്പിലുള്ളതു—ഗാന്ധിജി—ബലവത്താബോധം ഹിംസയിൽ മാത്രമേ അഭിരമിക്കൂ എന്ന മിഥ്യാധാരണയിൽപ്പെട്ടതുകൊണ്ടാവണം, ലീലാവതിക്കു കാണാനായിട്ടില്ല. ചരിത്രം കണ്ട ഏറ്റവും ബലവാനായ വ്യക്തികളിലൊരാൾ! മാരാരുടെ ഭാരതപര്യടനത്തിൽ ആവർത്തിച്ചു കടന്നു വരുന്ന ഏക ഇതിഹാസബാഹ്യവ്യക്തിത്വം! സത്യബലങ്ങളുടെ സംഘാതമാണു ഗാന്ധിജി എന്ന വ്യക്തിയും, ഗാന്ധിജി ആവിഷ്കരിച്ച സത്യാഗ്രഹമെന്ന സമരമുറയും. "സത്യാഗ്രഹം ഏറ്റവും ബലമുള്ളവർക്കുമാത്രം, നിർഭയന്മാർക്കുമാത്രം നടത്താവുന്നതാണെന്നും, ദൗർബ്ബല്യബോധത്തോടെ നടത്തുന്ന സത്യാഗ്രഹം പാപമാകു"മെന്നും ഗാന്ധിജി പറഞ്ഞതു മാരാര് ഉദ്ധരിച്ചിട്ടുണ്ട്. സത്യാഗ്രഹം, നിസ്സഹരണപ്രസ്ഥാനം തുടങ്ങിയ അഹിംസാത്മക സമരമുറകൾ ഉപയോഗിച്ചാണല്ലോ ബ്രിട്ടീഷ് വാഴ്ചയ്ക്കെതിരേ ഇന്ത്യ 'പട'പൊരുതിയത്.

മഹാഭാരതത്തിലെ ഏറ്റവും മികച്ച ബലവത്താബോധപ്രകാശനം നടത്തുന്നതു കൗരവസഭയിൽ പാണ്ഡവദൂതനായെത്തിയ കൃഷ്ണനാണ്. ഈ ഭഗവദ് ദൗത്യത്തെ, ഇന്ത്യയുടെ സ്വാതന്ത്ര്യലാഭവേളയിൽ, ഹിന്ദുമുസ്ലിംലഹള മൂർച്ഛിച്ചിരുന്ന നവഖലിയിൽ ഗാന്ധിജി ഏകനായി സഞ്ചരിച്ചതിനോടാണു മാരാര് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. മാരാര് പറയുന്നു. "ഈ ഇതിഹാസപുരുഷന്മാർ തമ്മിലുള്ള വ്യത്യാസം ഇത്രമാത്രമാണ്—ഹിംസാശക്തിയും അഹിംസാശക്തിയും. അതത്രേ ആ ദ്വാപരയുഗമഹാത്മാവിൽ നിന്ന് ഈ കലിയുഗമഹാത്മാവിൽ കാണുന്ന പുരോഗതി". അതിനാൽ ബലമെന്നതു കായബലമാണ്, ആയുധബലമാണ്; ബലവാന്റെ സമരായുധം ഹിംസയാണ് എന്നുള്ള ധാരണകളൊക്കെയും പൊളിച്ചെഴുതി, ബലങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായ ബലം പ്രജ്ഞാബലം അഥവാ ആത്മബലമാണെന്നും ("Strength does not come from physical capacity. It comes from an indomitable will"—Gandhi), അതിനു മുമ്പിൽ അടിയറവു പറയാത്തവരാരുമില്ലെന്നും ഭാരതാംബയുടെ ആ ശ്രേഷ്ഠപുത്രൻ കാലദേശോചിതമായി തെളിയിച്ചു. നവയുഗത്തിന്റെ ഈ കാലദേശോചിതരാഷ്ട്രീയധർമ്മം—സത്യത്തിന്റെയും, അഹിംസയുടെയും, സഹവർത്തിത്വത്തിന്റെയും, ബലവത്താബോധത്തിന്റെയും ധർമ്മം—ഗാന്ധിജി തന്റെ ജീവിതത്തിലൂടെ ലോകത്തിനു പകർന്നു നൽകി. ഗാന്ധിജി പ്രഘോഷിച്ച ബലവത്താബോധത്തിന്റെ ഈ ധർമ്മം യുദ്ധകാലത്തു മാത്രമല്ല, അനുദിന ജീവിതത്തിൽ കൂടി പ്രാവർത്തികമാക്കാനുള്ളതാണ്.

* * *

"നേശേ ബലസ്യേതി ചരേദധർമ്മം" എന്ന ഭാരതപര്യടനലേഖനത്തോടു ചേർത്തു വായിക്കേണ്ട കുറഞ്ഞതു രണ്ടു ലേഖനങ്ങൾ കൂടിയുണ്ടു മാരാരുടേതായി. ഭാരതപര്യടനം പ്രസിദ്ധീകരിച്ച വർഷങ്ങൾക്കു ശേഷം, മാരാര് തന്റെ ബലവത്താബോധസിദ്ധാന്തത്തെ വേദാന്തപശ്ചാത്തലത്തിൽ വിപുലീകരിച്ച 'അഭയം വൈ ബ്രഹ്മ' എന്ന പ്രൗഢഗംഭീര ലേഖനമാണൊന്നാമത്തേത്.[14] മറ്റൊന്ന്, വിവേകാനന്ദസ്വാമികളുടെ 'ബല' വീക്ഷണങ്ങൾ ക്രോഡീകരിച്ചെഴുതിയ 'ബലം-വിവേകാനന്ദോപനിഷത്ത്' എന്ന ലേഖനമാണ്.[15] ഭാരതപര്യടനധർമ്മവീക്ഷണത്തെ ശക്തിയുക്തമായി വിപുലീകരിച്ചിരിക്കുന്ന മാരാരുടെ ഈ ലേഖനങ്ങളെ ഭാരതപര്യടനവിമർശകർ സൗകര്യപൂർവ്വം വിസ്മരിക്കുന്നതായാണു കാണാറ്.

ഉപനിഷത്തുകൾ 'ബ്രഹ്മ'ത്തെ വിശേഷിപ്പിക്കുന്ന വിവിധശബ്ദങ്ങളിൽ ഒന്നായ 'അഭയം'—നിർഭയത—എന്ന ശബ്ദത്തിന്റെ വ്യാപ്തി വിവിധ ഉപനിഷത്തുകളിലൂടെ അന്വേഷിക്കുകയാണ് 'അഭയം വൈ ബ്രഹ്മ' എന്ന പഠനത്തിൽ മാരാര്. 'അഭയം വൈ ബ്രഹ്മ'-അഭയമാണ് ബ്രഹ്മം (ബൃഹദാരണ്യകം), 'നായമാത്മാ ബലഹീനേന ലഭ്യഃ'—ബലഹീനനു നേടാവുന്നതല്ല ഈ ആത്മാവ് (മുണ്ഡകം), 'ബലം വാവ വിജ്ഞാനാദ് ഭൂയഃ'—ബലമാണു വിജ്ഞാനത്തെക്കാളും കവിഞ്ഞത് (ഛാന്ദോഗ്യം) തുടങ്ങിയ നിരവധി ഉപനിഷദ്സൂക്തങ്ങളിലൂടെ ബലത്തിന്റെ പ്രാധാന്യം വേദാന്തത്തിൽ കണ്ടറിയുന്നു മാരാര്. തൈത്തിരീയോപനിഷത്തിലെ ഭൃഗുവല്ലിയിൽ, ബ്രഹ്മസാധന ചെയ്യുന്ന ഭൃഗു, അന്നത്തിനും, അന്നനിർവ്യാഹ്യമായ ശരീരത്തിനും, പ്രാണനും, മനസ്സിനും, ആനന്ദത്തിനും മീതെയായി ബ്രഹ്മത്തെ 'അഭയ'ത്തിൽ പ്രതിഷ്ഠിക്കുന്നതു വിവരിച്ച മാരാര് പറയുന്നു, "അഖിലഭയമൂലവും അഖിലഭയാനകവുമായ മൃത്യുവിനെപ്പോലും, പേടിപ്പിച്ചോടിച്ചുകൊണ്ടിരിക്കുന്ന, പ്രാണനും പ്രാണനായ, ബ്രഹ്മത്തെ; അമൃതത്തെ ഈ മർത്ത്യലോകത്തിനു പരിചയപ്പെടുത്തിക്കൊടുക്കേണ്ടത് 'അഭയ'മെന്ന പേരിലല്ലാതെ മറ്റേതു പേരിലാണ്?" അതുപോലെ, ഭഗവദ്ഗീതയിൽ ദൈവീസമ്പത്തുകളിൽ ഒന്നാമതായി വിവരിക്കുന്ന 'അഭയ'ത്തെയും മാരാര് പരിചയപ്പെടുത്തുന്നു. തുടർന്നു, വേദാന്തത്തിലെ അഭയദർശനത്തെ മഹാഭാരതകഥയുമായി ഘടിപ്പിക്കുന്നുമുണ്ടു മാരാര്.

'ബലം-വിവേകാനന്ദോപനിഷത്ത്' എന്ന ലേഖനത്തിൽ, "നോക്കിയാൽ നിങ്ങൾക്കു കാണാം, ഞാൻ ഉപനിഷത്തല്ലാതെ മറ്റൊന്നും ഒരിക്കലും ഉദ്ധരിച്ചിട്ടില്ലെന്ന്. ഉപനിഷത്തിൽ നിന്നു തന്നെയും ബലം എന്നൊരാശയം മാത്രം. വേദങ്ങളുടെയും വേദാന്തത്തിന്റെയുമെല്ലാം സാരം ആ ഒറ്റ വാക്കിൽ അടങ്ങിയിരിക്കുന്നു" എന്ന് ഉദ്ഘോഷിച്ച വിവേകാനന്ദസ്വാമികളുടെ ബലവീക്ഷണത്തിന്റെ അന്തസ്സത്ത കണ്ടറിയുകയാണു മാരാര്.

* * *

ശ്രീമതി ലീലാവതിയുടെ ലേഖനം, 'മാരാരുടെ വ്യാഖ്യാനത്തിന്റെ വക്രതയെപ്പറ്റി' ചിന്തിക്കുന്നതാണെന്ന് ആമുഖമായി പറഞ്ഞു; 'ഋഷിവചസ്സുകളെ വിവക്ഷിതത്തിന്നെതിരായി വ്യാഖ്യാനിച്ച' മാരാര്, തന്റെ ഗൃഹത്തിനു "ഋഷിപ്രസാദം" എന്ന പേരിട്ടതിനെ അമാന്യമായി പരിഹസിച്ചാണ് അവസാനിപ്പിക്കുന്നത്. മാരാര് 'വക്രമായി' വ്യാഖ്യാനിച്ച ഋഷിസൂക്തത്തിന്റെ നഷ്ടശോഭ വീണ്ടെടുക്കാനായി ലീലാവതി ഒരു പുതുവ്യാഖ്യാനം ചമയ്ക്കുകയും ചെയ്തു. ഈ പുതുവ്യാഖ്യാനം ആധാരമാക്കിയ പതിവ്രത-വ്യാധ ആഖ്യാനങ്ങളുള്ള 'മാർക്കണ്ഡേയസമസ്യാപർവ്വത്തിലേയ്ക്കു കടന്നാൽ തന്റെ വാദങ്ങൾക്കു നിൽക്കക്കള്ളിയില്ലാതാവും എന്നദ്ദേഹം അറിയാതിരിക്കാൻ വഴിയില്ല' എന്നു മാരാരെ പരിഹസിക്കുന്ന ലീലാവതി, ഇതേ മാർക്കണ്ഡേയസമസ്യാപർവ്വത്തിൽ കടന്നു രണ്ടു വിധത്തിൽ സ്വയം അപഹാസ്യയായതു നാം കണ്ടു. ഒന്നാമതായി, മാതൃപിതൃശുശ്രൂഷാധർമ്മത്തിന്റെ മഹത്ത്വം പ്രഘോഷിക്കാനായി മുനി പറഞ്ഞ വ്യാധകഥയിൽ—വക്താവ് മാതാപിതാക്കളെ ശുശ്രൂഷിക്കൽ വഴി മഹത്ത്വം സിദ്ധിച്ചവനും, ശ്രോതാവ് മാതാപിതാക്കളുടെ ശുശ്രൂഷയിൽ വീഴ്ചവരുത്തി ധർമ്മഭ്രംശം സംഭവിച്ചവനുമുള്ള കഥ—ശൂദ്രന്റെ ധർമ്മജ്ഞത മാത്രമാണു ലീലാവതിക്കു കാണാൻ കഴിഞ്ഞത്. മാതാപിതാക്കളുടെ ശുശ്രൂഷാധർമ്മത്തെപ്പറ്റി ഒരക്ഷരവും ലീലാവതി ഉരിയാടിയിട്ടില്ല. ഋഷിസൂക്തങ്ങളുടെ അസാധാരണവ്യാഖ്യാനത്തിലൂടെ മാത്രമേ ഇത്തരമൊരു നിഗമനത്തിലെത്താനാവൂ. രണ്ടാമതായി, തന്റെ വിചാരങ്ങളെ ഋഷിയിൽ ആരോപിക്കാനുള്ള ശ്രമം ലീലാവതി നടത്തുന്നുണ്ട്. 'സ്ത്രീകളെ സംബന്ധിച്ചിടത്തോളം, യജ്ഞക്രിയ, ശ്രാദ്ധങ്ങൾ, ഉപവാസങ്ങൾ ഇവയൊന്നും ഒരു ഫലപ്രാപ്തിയുമില്ല. ഭർത്താക്കന്മാരെ സേവിക്കുന്നതുമൂലം മാത്രമേ അവർക്കു സ്വർഗ്ഗപ്രാപ്തി കൈവരൂ', എന്നു പറഞ്ഞു ഭർതൃശുശ്രൂഷാധർമ്മത്തിനു സർവ്വശ്രേഷ്ഠത നൽകിയ ഋഷിസൂക്തങ്ങൾ കാണാതെ, തന്റെ സാമാന്യധാരണ വെച്ചു, സ്ത്രീയുടെ അതിഥിസേവാധർമ്മത്തിനു പതിവ്രതാധർമ്മത്തിനെക്കാൾ പ്രാധാന്യമുണ്ടെന്നു ലീലാവതി വാദിക്കുന്നു. അപ്പോൾ, ഋഷിസൂക്തങ്ങളെ ഋഷിവിവക്ഷയ്ക്കെതിരായും, അവലക്ഷണമായും വ്യാഖ്യാനിച്ചതു ലീലാവതിയാണെന്നു കാണാം.

"നേശേ ബലസ്യേതി ചരേദധർമ്മം" വ്യാഖ്യാനത്തിലൂടെ, മാരാര് അവതരിപ്പിക്കുന്ന ധർമ്മവീക്ഷണം ഒരു മഹാഭാരതാദർശം മാത്രമല്ലെന്നു നാം കണ്ടു കഴിഞ്ഞു. അതുതന്നെയാണ് ഉപനിഷത്തുകൾ ഉച്ചൈസ്വരം ഉദ്ഘോഷിക്കുന്നത്. "അഭയം വൈ ബ്രഹ്മ; അഭയം ഹി വൈ ബ്രഹ്മ". അതുതന്നെയാണു ഗീതാകാരനും ഉദ്ഘോഷിച്ചത്. "അഭയം സത്ത്വസംശുദ്ധിർജ്ഞാനയോഗവ്യവസ്ഥിതിഃ" വിവേകാനന്ദസ്വാമികളുടെ മുഖ്യ ഉദ്ബോധനവും ഇതുതന്നെയാണ്. എന്നാലിവയെല്ലാം സൗകര്യപൂർവ്വം കണ്ടില്ലെന്നു നടിക്കുന്ന ലേഖികയ്ക്കു മാരാര് ഋഷിവചസ്സുകളെ വിവക്ഷിതത്തിന്നെതിരായി വ്യാഖ്യാനിച്ചു എന്നു എങ്ങനെ പറയാൻ കഴിയും? ഇപ്രകാരം, തമസ്സൂരണങ്ങളുടെ ഘോഷയാത്രയാണു ലീലാവതിയുടെ ലേഖനം. ഗജ-ഭൂതങ്ങളെ, ദിഗ്ഗജ-പഞ്ചഭൂതങ്ങളാക്കി മാറ്റാനായി മാരാരുടെ അനുഗതതർജ്ജമയെ തമസ്കരിച്ചതിൽനിന്നു തുടങ്ങി, "നേശേ..." ശ്ലോകപാദവ്യാഖ്യാനത്തിൽ മാരാരുപയോഗിക്കുന്ന പ്രധാനപ്പെട്ട കൃഷ്ണസൂക്തങ്ങളെയും കണ്ടില്ലെന്നു നടിക്കുന്നതിലെത്തി നില്ക്കുന്നു. യുധിഷ്ഠിരനിൽ ദൗർബ്ബല്യബോധമില്ലെന്നു വാദിക്കാനായി ഒരു ഭാരതപര്യടന ലേഖനം തന്നെ ('കിരാതമൂർത്തി') കണ്ടില്ലെന്നു വെച്ചു. ഹിറ്റ്ലറെയും, മുസ്സോളിനിയേയും കൊണ്ടുവന്നു മാരാരുടെ വ്യാഖ്യാനത്തിനെതിരേ അണിനിരത്തുന്ന ലേഖിക, ഭാരതപര്യടനത്തിൽ ആവർത്തിച്ചു പരാമർശിക്കപ്പെട്ട മഹാത്മാഗാന്ധിയെ വിസ്മരിച്ചു പോയി. അതുപോലെതന്നെ, ബലവത്താബോധവീക്ഷണത്തെ വേദാന്തപശ്ചാത്തലത്തിൽ വിപുലീകരിച്ച മാരാരുടെ മറ്റു ലേഖനങ്ങളെ സൗകര്യപൂർവ്വം മറന്നുകളഞ്ഞിരിക്കുന്നു. അതിനാൽ, വസ്തുതകൾ മറച്ചുവെയ്ക്കുന്ന വക്രത തന്റെ നിരൂപണത്തിൽ ഉപയോഗിക്കുന്നതു മാരാരല്ല മറിച്ചു, ലീലാവതിയാണ്.

* * *

കുഞ്ഞിക്കുട്ടൻതമ്പുരാന്റെയും, കെ. എം. ഗാംഗുലിയുടെയും മഹാഭാരതവിവർത്തനങ്ങളിൽ (മൂലഗ്രന്ഥം നീലകണ്ഠവ്യാഖ്യാനമുള്ള പാഠമാവണം), ദ്യൂത(ഉപ)പർവ്വം ആരംഭിക്കുന്നതു രാജസൂയാനന്തരം വേദവ്യാസനും യുധിഷ്ഠിരനുമായുള്ള കൂടിക്കാഴ്ച വിവരിച്ചാണ്. അവിടെ, വ്യാസൻ യുധിഷ്ഠിരനോട് ഇപ്രകാരം പറയുന്നു.

> 'അങ്ങൊരാൾമൂലമായിട്ടു കാലത്താൽ ഭരതർഷഭ!
> സർവ്വക്ഷത്രിയരാജാക്കൾ മുടിഞ്ഞീടും കുരുദ്വഹ!'
> (തർജ്ജമ: കുഞ്ഞിക്കുട്ടൻതമ്പുരാൻ)

യുധിഷ്ഠിരൻ കാരണമായി ക്ഷത്രിയവംശമാകെ നശിക്കുമെന്ന സാക്ഷാൽ വ്യാസന്റെതായ ഈ പ്രവചനമുള്ള ഒന്നാം അദ്ധ്യായം മുഴുവൻ തന്നെ BORI-critical edition പ്രക്ഷിപ്തമെന്നു തള്ളിയിരിക്കുന്നു. (മലയാളം, തെലുങ്ക്, ഗ്രന്ഥലിപികളിലുള്ള മഹാഭാരതപാഠങ്ങൾ ഉൾപ്പെട്ട 'southern recension' വിഭാഗത്തിൽ ഈ അദ്ധ്യായം കാണുന്നില്ലതാനും).[16],[17] മഹാഭാരതകഥാഗതിയിൽ കേന്ദ്രസ്ഥാനീയമായ ദ്യൂതസന്ദർഭത്തിലെ യുധിഷ്ഠിരന്റെ അസ്വാഭാവികപ്രവർത്തനങ്ങൾക്കു, വിധിനിശ്ചിതമെന്ന ആനുകൂല്യം നൽകാനായിരിക്കണം ഇത്തരമൊരാഖ്യാനം ആരോ കൂട്ടിച്ചേർത്തത്. ദ്യൂതസംരംഭത്തിനുമുമ്പുള്ള ദിഗ്ജയം നേടി, രാജസൂയം കഴിച്ച സമ്രാട്ടിൽ നിന്നു, ശേഷമുള്ള മാൻതോലുടുത്ത വനവാസിയിലേയ്ക്കുള്ള അവിശ്വസനീയപതനം കാണുമ്പോൾ ആരാണ് അന്തംവിട്ടുപോകാത്തതു? എത്രയധികം കഷ്ടപ്പാടുകൾക്കു ശേഷം, സഹോദരരുടെ ബാഹുബലത്താലും പതിവഴിയുള്ള ബന്ധുബലത്താലും നേടിയെടുത്ത ഐശ്വര്യം മുഴുവൻ നൊടിയിടകൊണ്ടു യുധിഷ്ഠിരൻ ഇല്ലാതാക്കി. കൂടാതെ, ആ കുടുംബത്തിന്റെ സന്തോഷവും എന്നേക്കുമായി കെടുത്തിക്കളഞ്ഞു. ഇത്തരമൊരു ദയനീയാവസ്ഥയിൽ എത്തിപ്പെട്ടതിന്റെ കാരണമന്വേഷിച്ചാൽ, യുധിഷ്ഠിരന്റെ ചൂതുകളിക്കമ്പം മൂലമെന്ന മാരാരുടെ വാദമാണു യുക്ത്യാനുസാരി എന്നു കാണാം. ഇതിന് ഉപോദ്ബലകമായ നിരവധി സന്ദർഭങ്ങൾ നാം കണ്ടുകഴിഞ്ഞു. (താനനുഭവിക്കുന്ന ഐശ്വര്യവും പദവിയുമൊക്കെ മറ്റുള്ളവർ നേടിത്തന്നതാണ്; അതിനാൽ, കായബലത്തിലൂടെ നേടാനാവാത്തതു താൻ ചൂതുകളിയിലൂടെ നേടിക്കളയാം എന്ന യുധിഷ്ഠിരന്റെ മോഹമാവാം ഈ 'കമ്പ'ത്തിന്റെ ഹേതു. അജ്ഞാതവാസകാലത്തു, ചൂതുകളിയിലൂടെ താൻ സമ്പാദിച്ച ധനം, സഹോദരന്മാർക്കു വീതിച്ചു നല്കുമ്പോൾ യുധിഷ്ഠിരൻ എത്രമാത്രം കൃതാർത്ഥത അനുഭവിച്ചു കാണില്ല!). ചൂതുകളിയുടെ വരുംവരായ്കകളെപ്പറ്റി അറിവും, തീരുമാനങ്ങളെടുക്കാൻ സ്വാതന്ത്ര്യവും ഉണ്ടായിരുന്നിട്ടും, 'കൂടുതൽ ചിന്തിക്കാതെ', എല്ലാം വിധിയെന്നു നിശ്ചയിച്ചു, നാശത്തിലേയ്ക്ക് ഇറങ്ങിത്തിരിക്കുന്ന യുധിഷ്ഠിരന്റെ മനോഭാവം വ്യക്തമാണല്ലോ. (കമ്പങ്ങളുടെ പിന്നിൽ മറഞ്ഞുനില്ക്കുന്ന) പൗരുഷസ്പർശമേല്ലാത്ത, യുധിഷ്ഠിരന്റെ ഈ വിധിവിധേയതയെ കൂടിയാണു, ദൗർബ്ബല്യബോധത്തിലധിഷ്ഠിതമായ യുധിഷ്ഠിരന്റെ സത്യപാലനവ്യഗ്രതയ്ക്കൊപ്പം 'നേശേ ബലസ്യേതി ചരേദധർമ്മ'ത്തിലൂടെ മാർക്കണ്ഡേയമുനി സൂചിപ്പിക്കുന്നതെന്നു വരുന്നു.

ഈ ലേഖനത്തിലെ (കടപ്പാട് വയ്ക്കാത്ത) മഹാഭാരതതർജ്ജമകൾക്ക്, സംസ്കൃതമൂലവും,[18] കെ. എം. ഗാംഗുലിയുടെ ഇംഗ്ലീഷ് തർജ്ജമയുമാണ്[19] അവലംബം. സംസ്കൃതമൂലത്തെ[20] അടിസ്ഥാനമാക്കിയാണ് അദ്ധ്യായവിവരണം നല്കിയിരിക്കുന്നത്.

14. 'അഭയം വൈ ബ്രഹ്മ', കുട്ടികൃഷ്ണമാരാര് (1957).
15. 'ബലം—വിവേകാനന്ദോപനിഷത്ത്', കുട്ടികൃഷ്ണമാരാര് (1963).
16. 'Prologomena to the critical edition of the Adiparvan', Vishnu S. Sukthankar, BORI (1933).
17. 'Introduction to the Sabhaparvan', Franklin Edgerton, BORI (1944).
18. 'Mahabharata-Critical Edition', The Bhandarkar Oriental Research Institute (BORI), Pune, www.sanskritdocuments.org/mirrors/mahabharata/mahabharata-bori.html (1919–1966).
19. 'The Mahabharata', Kisari Mohan Ganguli, www.sacred-texts.com/hin/maha/ (1883-1896).
20. 'Mahabharata-Critical Edition', The Bhandarkar Oriental Research Institute (BORI), Pune, www.sanskritdocuments.org/mirrors/mahabharata/mahabharata-bori.html (1919–1966).

# ജോസ് വി. മാത്യൂ

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി സ്വദേശി. ഐ. ഐ. റ്റി. കാൺപൂരിൽ നിന്ന് ഭൗതികശാസ്ത്രത്തിൽ ഡോക്റേറ്റ് നേടി. ഇപ്പോൾ മുംബൈ, ഭാഭാ ആറ്റമിക്ക് റിസർച്ച് സെന്ററിലെ ശാസ്ത്രജ്ഞനാണ് .

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.